ഇന്ത്യൻ നാളികേര ജേണൽ

പുസ്തകം 3 ലക്കം 11
2012 നവംബർ കൊച്ചി - 11

ഉപദേശകസമിതി

ചെയർമാൻ
ടി.കെ. ജോസ് ഐ.എ.എസ്.

അംഗങ്ങൾ
കെ.ആർ. വിശ്വംഭരൻ ഐ.എ.എസ്.
ഡോ. ജോർജ്ജ് വി. തോമസ്
ഡോ. ജി. സുരേന്ദ്രൻ

പത്രാധിപസമിതി
ഡോ. കെ. മുരളീധരൻ
കെ.ആർ. കുട്ടിക്കൃഷ്ണൻ
ഡോ. എസ്. അനിൽകുമാർ

ചീഫ് എഡിറ്റർ
സുഗത ഘോഷ്

എഡിറ്റർ
ഡോ. രമണി ഗോപാലകൃഷ്ണൻ

എക്സിക്യൂട്ടീവ് എഡിറ്റർ
രാജീവ് പി. ജോർജ്ജ്

കൺസൾട്ടന്റ് എഡിറ്റർ
പായിപ്ര രാധാകൃഷ്ണൻ

പബ്ലിസിറ്റി ഓഫീസർ
മിനി മാത്യു

സബ് എഡിറ്റർ
ബീന എസ്.

നാളികേര വികസന ബോർഡ്
(കേന്ദ്ര കൃഷി മന്ത്രാലയം, ഭാരത സർക്കാർ)
കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.

ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265
ഫാക്സ് : 91-0484-2377902,
Grams : KERABOARD
E-mail : kochi.cdb@gov.in
cdbkochi@gmail.com
Website : www.coconutboard.gov.in

വരിസംഖ്യ

പ്രതിവർഷം 40 രൂപ
ഒറ്റപ്രതി 4 രൂപ

തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയ ക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.

മുഖ്യ വിഷയം

സംയോജിത തെങ്ങുകൃഷി



ഉള്ളടക്കം

ചെയർമാന്റെ പേജ് 2

കർഷകർ പരിവർത്തനത്തിന്റെ പാതയിൽ - ക്ലസ്റ്ററുകൾ സഹകരണ സംഘങ്ങളിലേക്കും ഉത്പാദക കമ്പനികളിലേക്കും 4
രാജീവ് പി. ജോർജ്ജ്

ജൈവതെങ്ങുകൃഷി - സാദ്ധ്യതകളും സംഭാവനകളും സാങ്കേതിക പുരോഗതിയും 9
ജോർജ്ജ് വി. തോമസ്, വി. കൃഷണകുമാർ, പി. സുബ്രഹ്മണ്യൻ, മുരളീഗോപാൽ, അൽകഗുപ്ത

കൃഷിയിടങ്ങളിലെ നൂതന കാർഷിക തന്ത്രങ്ങൾ 14
വി. കൃഷ്ണകുമാർ

കേരമേഖലയിൽ കൂട്ടായ്മയ്ക്ക് വഴിതെളിച്ച സംയോജിത തെങ്ങുകൃഷി 18
രമണി ഗോപാലകൃഷ്ണൻ

നാളികേരോത്പാദകസംഘങ്ങൾക്ക് മാതൃകയായി പൊരുന്തമൺ കൈരളി നാളികേരോത്പദക സംഘം 21
നിഷ ജി

ചൊരിമണലിലെ സംയോജിത കൃഷി വിജയം 23
ടി.എസ്. വിശ്വൻ

കൊപ്ര ഉണ്ടാക്കുവാൻ സൗരോർജ്ജ ഡ്രയർ 25

കേരാധിഷ്ഠിത ബഹുവിള കൃഷിസമ്പ്രദായം 26
ടി. വി. തോമസ്

സമ്മിശ്രകൃഷി ജോഷിക്ക് ബിസിനസ്സ് തന്നെ 28
മൃദുല കെ.

പച്ചവിരിപ്പിട്ട തെങ്ങിൻതോട്ടങ്ങൾ 29
പി. അനിതകുമാരി

ബിസിനസ്സ് അവസരങ്ങൾ 32

ഡിസംബർ : കേരകർഷകർ എന്തു ചെയ്യണം ? 33

കുരുത്തോല പന്തൽ 35

വാർത്തകൾ 38

കമ്പോളാവലോകനം 43

നാളികേര രംഗത്ത് നവീന മാതൃകകൾ കേരകർഷകരുടെ ഭാവി സുരക്ഷയ്ക്കായ്

പ്രിയപ്പെട്ട കേര കർഷകരെ,

സംയോജിത തെങ്ങുവികസന പദ്ധതിയെപ്പറ്റി വിശദമായി ചർച്ച ചെയ്യുന്നതിനാണ് ഈ ലക്കം നാളികേര ജേണലിലൂടെ ശ്രമിക്കുന്നത്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ വിവിധ പദ്ധതികളിലായി നാളികേര ബോർഡ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിലും തുടരുകയാണ്. കൂടാതെ കർഷകരുടെ കൂട്ടായ്മകൾ, ത്രിതല സംഘങ്ങളായി, നാളികേര ഉത്പാദക സംഘങ്ങൾ അടിസ്ഥാന തലത്തിലും അവയുടെ ഫെഡറേഷനുകൾ അടുത്ത തലത്തിലും ഉത്പാദക കമ്പനികൾ ഉയർന്ന തലത്തിലും രൂപീകരിച്ച് ശക്തിപ്പെടുത്തി, അവ വഴി പദ്ധതികൾ നടപ്പാക്കുന്നതിനാണ് ശ്രമിക്കുന്നത്. കേരളത്തിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും ഉത്പാദക സംഘങ്ങളുടേയും ഫെഡറേഷനുകളുടേയും രൂപീകരണം നടന്നുവരികയാണ്. ലോക നാളികേര ഭൂപടത്തിൽ, ഭൂവിസ്തൃതിയിൽ മൂന്നാം സ്ഥാനത്തും, ഉത്പാദനത്തിൽ രണ്ടാം സ്ഥാനത്തും, ഉത്പാദനക്ഷമതയിൽ ഒന്നാം സ്ഥാനത്തും നിൽക്കുന്ന ഇന്ത്യയിൽ, നാളികേര സംസ്ക്കരണ രംഗത്തും കയറ്റുമതി രംഗത്തും കൂടി വലിയ മുന്നേറ്റം നടത്തിയെങ്കിൽ മാത്രമേ, കേരകർഷകർക്ക് മാന്യവും ന്യായവുമായ വില ലഭിക്കുന്ന കാര്യത്തിലും സ്ഥിരതയുണ്ടാവൂ. മൂല്യവർദ്ധിത നാളികേരോൽപന്നങ്ങളിൽ വിലസ്ഥിരത തദ്ദേശ-വിദേശ മാർക്കറ്റുകളിൽ യാഥാർത്ഥ്യമായിട്ടുണ്ട്. വെളിച്ചെണ്ണയുടേയും കൊപ്രയുടേയും വിലയിൽ മാത്രമാണ് ആശങ്കാകുലമായ കയറ്റിറക്കങ്ങൾ കാണുന്നത്. നാളികേരോത്പാദനത്തിൽ വീട്ടാവശ്യങ്ങൾക്കുശേഷമുള്ളതിന്റെ സിംഹഭാഗവും കൊപ്രയിലേക്കും വെളിച്ചെണ്ണയിലേക്കും മാറുന്ന ദുരവസ്ഥയ്ക്ക് മോചനമുണ്ടാക്കിയാൽ മറ്റുഘടകങ്ങൾ അനുകൂലമല്ലെങ്കിൽ തന്നെ നാളികേര കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പ് വരുത്താനാവും. അതിനായി പ്രധാനപ്പെട്ട നാളികേരോത്പാദക സംസ്ഥാനങ്ങളിലെ കർഷകരും, കർഷക കൂട്ടായ്മകളും, സംസ്ഥാന ഗവൺമെന്റുകളും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

നാളികേര ബോർഡിന്റെ നേതൃത്വത്തിൽ പ്രധാനപ്പെട്ട നാളികേരോത്പാദക സംസ്ഥാനങ്ങളിൽ, നാളികേര സംസ്ക്കരണ- മൂല്യവർദ്ധന സംരംഭങ്ങൾ തുടങ്ങുവാൻ താൽപര്യമുള്ള കർഷക കൂട്ടായ്മകൾക്കും മറ്റ് സംരംഭകർക്കും വേണ്ടി സംരംഭക സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരള ഗവൺമെന്റ് 2012-13ലെ ബജറ്റിൽ പ്രഖ്യാപിച്ച മൂന്ന് കോക്കനട്ട് ബയോപാർക്കുകളുടെ പശ്ചാത്തലത്തിൽ കേരളത്തിൽ ലക്ഷ്യമിട്ടിരിക്കുന്ന ഇത്തരം മൂന്ന് സംരംഭക സെമിനാറുകളിൽ ആദ്യത്തേത് നവംബർ 2-ാം തീയതി കൊച്ചിയിൽ നടക്കുകയുണ്ടായി. സംസ്ഥാന കൃഷി വകുപ്പ്, കെഎസ്ഐഡിസി, നാളികേര വികസന ബോർഡ് എന്നിവയും കാർഷിക സർവ്വകലാശാല, സിപിസിആർഐ തുടങ്ങിയ വിവിധ ഗവേഷണ വികസന സ്ഥാപനങ്ങളും ചേർന്ന് നടത്തിയ സെമിനാർ പങ്കാളിത്തം കൊണ്ടു ശ്രദ്ധേയമായിരുന്നു. ഉത്തരകേരളത്തിൽ നിന്നും ദക്ഷിണ കേരളത്തിൽ നിന്നും പേര് രജിസ്റ്റർ ചെയ്തവർക്ക് അതാതുപ്രദേശങ്ങളിൽ സെമിനാറുകളുണ്ട് എന്ന് അറിയിച്ച് മാറ്റി നിർത്തിക്കഴിഞ്ഞും 270 പേരുടെ പങ്കാളിത്തമുണ്ടായി. വ്യാവസായികമായി, ലാഭകരമായി ഉത്പാദിപ്പിച്ച് സ്വദേശത്തും വിദേശത്തും വിപണനം ചെയ്യാവുന്ന നാളികേരോൽപന്നങ്ങളേയും, അതിന്റെ സാങ്കേതിക വിദ്യകളേയും പരിചയപ്പെടുത്തുകയും, കെഎസ്ഐഡിസിയും കേരളത്തിലെ വിവിധ ബാങ്കുകളും വഴി നാളികേര മേഖലയിൽ മുന്നോട്ടുവരുന്ന സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കുകയുമായിരുന്നു ഈ സെമിനാറിൽ പ്രധാനമായും ചെയ്തത്. രജിസ്റ്റർ ചെയ്ത പ്രതിനിധികളിൽ ഇരുപതിലേറെപ്പേർ തുടർനടപടികൾക്കായി ബോർഡിനെ സമീപിക്കുകയുണ്ടായി. കഴിയുന്നതും വേഗം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇവർ താൽപര്യം പ്രകടിപ്പിച്ചു. എല്ലാവരുടേയും പ്രധാന ആവശ്യം വ്യവസായത്തിന് വേണ്ടിയുള്ള ഭൂമിയുടേയും പ്ലോട്ടുകളുടേയും ലഭ്യത തന്നെയാണ്. മൂന്ന് കോക്കനട്ട് ബയോപാർക്കുകളും വേഗത്തിൽ സ്ഥലം കണ്ടെത്തി പ്രവർത്തനം ആരംഭിച്ചാൽ മാത്രമേ ഇത്തരം കാര്യത്തിൽ തുടർനടപടികൾ മുമ്പോട്ടുകൊണ്ടുപോകാനാവൂ. കെഎസ്ഐഡിസി കുറ്റ്യാടിയിൽ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന കേര പാർക്കിന് മാത്രമാണ് നിലവിൽ സ്ഥലം ലഭ്യമായിട്ടുള്ളത്.

തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും ഇത്തരം സെമിനാറുകൾ സംഘടിപ്പിക്കപ്പെടേണ്ടതുണ്ട്. അതാത് സംസ്ഥാന ഗവൺമെന്റുകളുമായി ചേർന്ന് ഇത്തരത്തിൽ നാളികേര വ്യവസായ സംരംഭകരെ ആകർഷിക്കുകയും വെളിച്ചെണ്ണയ്ക്കും കൊപ്രയ്ക്കും പുറമേയുള്ള ഉൽപന്നങ്ങൾ ധാരാളമായി ഉണ്ടാക്കുകയും ചെയ്തെങ്കിൽ മാത്രമേ, കേരളത്തിലെ നാളികേര കർഷകർക്കും മെച്ചപ്പെട്ട വില ലഭ്യമാകൂ. ഇവിടങ്ങളിൽ കൊപ്രയും വെളിച്ചെണ്ണയും മാത്രം ഉണ്ടാക്കിക്കൊണ്ടിരുന്നാൽ കേരളത്തിലും നാളികേര വിലയിടിയുമെന്നതാണ് വസ്തുത.

തമിഴ്നാട്ടിലെ പൊള്ളാച്ചിയിലെ ടെണ്ടർ കോക്കനട്ട് ഗ്രോവേഴ്സ് അസോസിയേഷൻ (ടിസിജിഎ) വളരെ ശ്രദ്ധേയമായ ഒരു ചുവട്വെയ്പ് എന്ന നിലയിൽ ശ്രദ്ധയർഹിക്കുന്നു. 350ൽപരം കേരകർഷകർ സംഘടന വഴി, തങ്ങളുടെ കരിക്കിന്റെ മിനിമം വില നിശ്ചയിക്കുകയും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് കേരകർഷകർക്ക് മോചനം നൽകുകയും ചെയ്യുന്നു. സംഘടിതരായ ഈ 'ഇളനീർ കർഷകർ' കരിക്കൊന്നിന് തോട്ടത്തിലെ വില 15 രൂപയായും ചെന്തെങ്ങിന്റെ കരിക്കിന് 17 രൂപയായും നിശ്ചയിച്ചിരിക്കുന്നു. കേരളത്തിലും ഈ രീതിയിലുള്ള 'ഇളനീർ ഉത്പാദക സംഘ'ങ്ങൾക്ക് പ്രസക്തിയില്ലേ?

ലോകം മുഴുവൻ ഒന്നായിക്കഴിഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ഉത്പാദനവും ഉത്പാദനക്ഷമതയും മാത്രമല്ല നമ്മളോട് മത്സരിക്കുന്ന മറ്റ് രാജ്യങ്ങളിലെ കൃഷി, കൃഷിരീതികൾ, ഉത്പാദനച്ചെലവ്, ഉത്പാദനക്ഷമത, കാലാവസ്ഥ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവയെല്ലാം ഈ കൊച്ചുകേരളത്തിലേയും ഇന്ത്യയിലേയും കർഷകരേയും അനുകൂലമായും പ്രതികൂലമായും ബാധിക്കുവാനുള്ള സാദ്ധ്യതകളുണ്ട്. വിപണിയെക്കുറിച്ചും, വിപണിയിലെ ചലനങ്ങളെക്കുറിച്ചും, വിപണിയുടെ ഗതിവിഗതികളെക്കുറിച്ചുമുള്ള അറിവുകൾ, മാർക്കറ്റ് ഇന്റലിജൻസ് തുടങ്ങിയ കാര്യങ്ങൾ കർഷകരിലേക്ക് കർഷക കൂട്ടായ്മകൾ വഴി എത്തിക്കേണ്ടതുണ്ട്. ലോകവ്യാപാര സംഘടനയിൽ അംഗരാജ്യമായ ഇന്ത്യ അതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളേയും നേരിടേണ്ട വെല്ലുവിളികളേയും കുറിച്ചും മൂല്യവർദ്ധിതോൽപന്നങ്ങളുടെ സംസ്ക്കരണത്തിലും, ലോകവിപണിയിലേക്ക് നമ്മുടെ ഉൽപന്നങ്ങൾ എത്തിക്കുന്നതിനുമുള്ള അവസരങ്ങളെക്കുറിച്ചും നമ്മുടെ കർഷകരെ മനസ്സിലാക്കുകയും അവ നേരിടുന്നതിന് കർഷകരെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള അറിവ് ഏറ്റവും അടിസ്ഥാന തലത്തിലുള്ള കർഷകരിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ കൂട്ടായ പരിശ്രമം ആവശ്യമായുണ്ട്.

ഇന്ത്യയിലെ തോട്ടവിളകൃഷിയുടെ മേഖലകളിലെല്ലാം ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ സംഘടനയായ ആസിയാൻ രാജ്യങ്ങളിൽ നിന്നും സ്വതന്ത്ര്യവ്യാപാരം നടക്കാൻ പോകുന്ന കാലഘട്ടത്തിൽ നമ്മുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും വിലസ്ഥിരതയും വിപണിയും ഉണ്ടാകണമെങ്കിൽ അംഗരാജ്യങ്ങളിലെ കാർഷിക വ്യവസ്ഥയെക്കുറിച്ചും കാർഷികരീതികളെക്കുറിച്ചും നാം കൂടുതൽ മനസ്സിലാക്കേണ്ടതുണ്ട്. അതിനുവേണ്ടി തന്നെയായിരുന്നു ഇന്ത്യൻ നാളികേര ജേണലിന്റെ കഴിഞ്ഞ ഏതാനും ലക്കങ്ങളിലൂടെ ആസിയൻ രാജ്യങ്ങളെ കർഷക സുഹൃത്തുക്കൾക്ക് പരിചയപ്പെടുത്തിയത്. പാരമ്പര്യേതര കൃഷി രീതികളിലൂടെ വീണ്ടും നമ്മുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ആസിയൻ രാജ്യങ്ങളിൽ പ്രത്യേകിച്ച് കേരകൃഷി നടക്കുന്ന രാജ്യങ്ങളിലെ ഉത്പാദനക്ഷമതയുമായി മത്സരിച്ച് കൂടുതൽ മികവ് നേടുകയും ചെയ്യുക എന്നത് വളരെ ആവശ്യമാണ്.

പാരമ്പര്യേതരമായ കേരോൽപന്നങ്ങളുടെ നിർമ്മാണം കൂടുതൽ ഊർജ്ജിതമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് നാളികേര വികസന ബോർഡ് തെങ്ങുകൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളുമായി ചേർന്ന് നടപ്പാക്കാനൊരുങ്ങുന്നു. കേന്ദ്രഗവൺമെന്റും നാളികേര വികസന ബോർഡും സംസ്ഥാന ഗവൺമെന്റും കൃഷി, ഹോർട്ടികൾച്ചർ വകുപ്പുകളും, കർഷക കൂട്ടായ്മകളും കൂടി ച്ചേർന്ന് നടപ്പിലാക്കുന്ന ഒരു മാതൃകയാണ് ഉദ്ദേശിക്കുന്നത്. അതൊടൊപ്പം തന്നെ നവസംരംഭകരേയും നാളികേരാധിഷ്ഠിതമായ സംസ്ക്കരണ വ്യവസായങ്ങളിലേക്ക് ആകർഷിക്കേണ്ടതുണ്ട്.

ലോകവിപണിയിലേയും ഇന്ത്യൻ വിപണിയിലേയും സോഫ്ട് ഡ്രിങ്ക് വിപണിയിൽ കരിക്കിൻ വെള്ളത്തിന് അദ്വിതീയ സ്ഥാനമുണ്ട്. പക്ഷേ ഇന്ന് നമ്മുടെ ഉത്പാദനശേഷി വളരെ പരിമിതമാണ്. വരുന്ന ആറ് മാസം മുതൽ ഒരു വർഷത്തിനുള്ളിൽ തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഇളനീർ സംസ്ക്കരണ യൂണിറ്റുകൾ ധാരാളം ഉയർന്നുവരുന്നുണ്ട്. പല സംസ്ക്കരണ യൂണിറ്റുകൾക്കും മുൻകൂറായിതന്നെ വിദേശമാർക്കറ്റുകളിൽ നിന്ന് ഉറച്ച വിപണിയും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മൂന്ന് കോക്കനട്ട് ബയോ പാർക്കുകളിലും കിൻഫ്ര, കെഎസ്ഐഡിസി പാർക്കുകളിലേക്കുമൊക്കെ ഇളനീർ സംസ്ക്കരണ രംഗത്തേക്ക് ധാരാളം സംരംഭകരെ ആകർഷിക്കേണ്ടതുണ്ട്. പത്തിരുപത് കരിക്കിൻവെള്ള യൂണിറ്റുകൾക്ക് കേരളത്തിൽ ഇന്ന് സാദ്ധ്യതയുണ്ട്. ഇന്ത്യയൊട്ടാകെ ബോർഡ് അഞ്ചു കൊല്ലം കൊണ്ട് ലക്ഷ്യമിടുന്നത് ചുരുങ്ങിയത് 100 ഇളനീർ സംസ്ക്കരണ യൂണിറ്റുകൾ എങ്കിലും ഉണ്ടാകണമെന്നാണ്. അതോടൊപ്പം വിളഞ്ഞ നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളായ തേങ്ങപ്പാൽ, തേങ്ങക്രീം, തൂൾതേങ്ങ, വെർജിൻ വെളിച്ചെണ്ണ, ഭക്ഷ്യയോഗ്യമായ കൊപ്ര എന്നിവയുടെ നിർമ്മാണത്തിലേക്കും ഉത്പാദകസംഘങ്ങളും ഫെഡറേഷനുകളും പ്രവേശിക്കേണ്ടതുണ്ട്.

ഒരു ഇളനീർ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കണമെങ്കിൽ ദിവസേന ആവശ്യമായ ഇളനീർ ലഭ്യമാക്കുന്നതിനുവേണ്ടി കരിക്ക് കൂടുതൽ വിളവെടുക്കുന്നൊരു രീതിയും സംസ്ക്കാരവും നമുക്ക് വർദ്ധിപ്പിച്ചെടുക്കേണ്ടതുണ്ട്. നിലവിലുള്ള തോട്ടങ്ങളിൽ ഇരുപതുവർഷത്തിനുമേൽ പ്രായമുള്ള തെങ്ങുകൾക്കിടയിൽ അടിവിളയായി കരിക്കിന് പറ്റിയ ഇനം തൈകൾ നട്ടുപിടിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാം. സംസ്ഥാന കൃഷിവകുപ്പിന്റേയും, സിപിസിആർഐയുടേയും നാളികേര വികസന ബോർഡിന്റേയും കൂട്ടായ പരിശ്രമത്തിലൂടെ കരിക്കിന് അനുയോജ്യമായ തൈകൾ ഉത്പാദിപ്പിച്ചെടുക്കുവാൻ സാധിക്കും. സ്വകാര്യ മേഖലയിലും ഗുണമേന്മയുള്ള നഴ്സറികൾ ഉയർന്നുവരേണ്ടതുണ്ട്. എന്തുകൊണ്ട് നമ്മുടെ ഉത്പാദക സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും കരിക്കിന് പറ്റിയ ഇനങ്ങൾ ഉത്പാദിപ്പിക്കുന്ന ചെറു നഴ്സറികൾ തുടങ്ങിക്കൂടാ. ഉദാഹരണത്തിന് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിൽ രൂപീകൃതമായിരിക്കുന്ന ഉത്പാദക സംഘങ്ങളും ഫെഡറേഷനുകളും ചേർന്ന് കരിക്കിന് പറ്റിയ ഒരുലക്ഷത്തോളം തൈകൾ ഉത്പാദിപ്പിക്കുവാനുള്ള തീരുമാനമെടുത്ത് മുന്നോട്ട് പോവുകയാണ്. ബോർഡിന്റെ ഭാഗത്തുനിന്ന് കേരളത്തിനകത്തും പുറത്തുമുള്ള കർഷകരുടെ തോട്ടങ്ങളിൽ നിന്നും നല്ല ഉത്പാദനക്ഷമതയും രോഗപ്രതിരോധശേഷിയുമുള്ള തെങ്ങുകളിൽ നിന്ന് ആവശ്യമായ വിത്തുതേങ്ങകൾ സമാഹരിച്ച് നൽകാമെന്ന ഉറപ്പും നൽകിയിട്ടുണ്ട്. ഇതിനകം കരിക്കിന് പറ്റിയ ഡ്വാർഫ് ഇനങ്ങളുടെ രണ്ടു ലക്ഷത്തോളം വിത്തുതേങ്ങകൾക്കുള്ള ആവശ്യം കേരളത്തിലെ ഉത്പാദക സംഘങ്ങളിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്.

മുന്ന് വർഷം കൊണ്ട് പുഷ്പിക്കുന്ന, കരിക്കിന് യോജിച്ച ഇനം തെങ്ങിൽ നിന്ന് നാലാം വർഷം ആദായം ലഭിക്കുകയും ആറ്, ഏഴ് വർഷങ്ങൾക്കുള്ളിൽ വിളവ് സ്ഥിരപ്പെടുകയും ചെയ്യും. അടിവിളയായി കൃഷി ചെയ്യുമ്പോൾ ഇതിന്റെ വിളവ് ഉറപ്പ് വരുത്തിയതിനുശേഷംമാത്രം തോട്ടത്തിലെ പ്രായാധിക്യമുള്ള ഉത്പാദനം കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റുകയും ചെയ്യാം. അടുത്ത നടീൽ കാലത്തേക്ക് ഇത്തരത്തിൽ അഞ്ചുലക്ഷമോ പത്ത് ലക്ഷമോ തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ട സമയമിതാണ്. വിത്തുതേങ്ങകൾ ശേഖരിച്ച് അതാത് പ്രദേശത്ത് തന്നെ ഇത്തരം തൈകൾ വളർത്തിയെടുക്കാം. കൂടാതെ ഇതിനുള്ള ധനസമാഹരണത്തിനായി നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളേയും നമുക്ക് ആശ്രയിക്കാവുന്നതാണ്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ആർകെവിവൈ തുടങ്ങിയ കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികളുടെ സാദ്ധ്യതകളും ആരായാവുന്നതാണ്.

ദീർഘവീക്ഷണത്തോടെയുള്ള ഇത്തരം പ്രവർത്തനങ്ങൾ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വിലയിടിവിനെ പ്രതിരോധിക്കുന്നതിനുള്ള പ്രാഥമിക മാർഗ്ഗങ്ങളിലൊന്നാണ്. സംസ്ഥാന ഗവൺമെന്റും നമ്മുടെ ജനപ്രതിനിധികളും വഴി ഇത്തരം കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് തലത്തിൽ കൂടുതൽ അറിവും അവബോധവും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ, വിവിധ ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സമഞ്ജസമായ സമ്മേളനം വഴി ആയിരക്കണക്കിന് ഇളനീർ ഉത്പാദക സംഘങ്ങൾ കൂടി ഉയർന്നുവരാനുള്ള അവസരം നമുക്ക് ഉണ്ടാക്കാം. പ്രകൃതിദത്തവും, പോഷകസമ്പുഷ്ടവുമായ കരിക്കിന്റെ രംഗത്ത് കലർപ്പില്ലാത്ത, നിർമ്മലമായ, പരിശുദ്ധപാനീയമെന്ന നിലയിൽ മത്സരത്തിന്റേയും വിലയിടിവിന്റേയും സാഹചര്യമില്ല. വേറൊരു പാനീയത്തിനും നമ്മുടെ വ്യാപാരസാദ്ധ്യതകളെ തകർക്കാനുമാവില്ല. കൂടുതൽ സംസ്ക്കരണ സംവിധാനവും സംസ്ക്കരണശേഷിയും ഉണ്ടായാൽ ഈ രംഗത്ത് നമുക്ക് മുന്നേറുവാൻ സാധിക്കും. ഈയൊരു രംഗത്തേക്കും എല്ലാ കർഷകസുഹൃത്തുക്കളുടെയും ഉത്പാദക സംഘങ്ങളുടേയും ഫെഡറേഷനുകളുടേയും ശ്രദ്ധ അടിയന്തിരമായി പതിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്.

സ്നേഹാദരങ്ങളോടെ,

ടി. കെ. ജോസ്
ചെയർമാൻ

കർഷകർ പരിവർത്തനത്തിന്റെ പാതയിൽ - ക്ലസ്റ്ററുകൾ സഹകരണ സംഘങ്ങളിലേക്കും ഉത്പാദക കമ്പനികളിലേക്കും

രാജീവ് പി. ജോർജ്ജ്

ജനസംഖ്യ വർദ്ധനയ്ക്കും വരുമാന വർദ്ധനയ്ക്കുമൊപ്പം ഭക്ഷ്യവസ്തുക്കൾക്കായുള്ള ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും എന്തുകൊണ്ടാണ് ഭാരതത്തിലെ കർഷകർ ഈ അവസരം മുതലെടുക്കാതെ, ദുരിതത്തിൽ നിന്ന് കരകയറാതെ ആത്മഹത്യ ചെയ്യുന്നത്. അതിനുള്ള ഒരു കാരണം, കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനവ് നടത്തുന്നത് കർഷകരല്ല എന്നതാണ്. കർഷകൻ കൃഷി സ്ഥലത്ത് തന്നെ കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുന്നു. ഉൽപന്നങ്ങൾ ശേഖരിച്ച് വെയ്ക്കുന്നതിനും വിൽപന നടത്തുന്നതിനുമുള്ള സൗകര്യങ്ങളുടെ അഭാവം, സംഭരണം, സംസ്ക്കരണം, വിപണനം എന്നീ മേഖലകളിൽ കൂട്ടായ പ്രവർത്തനത്തിന്റെ അപര്യാപ്തത എന്നിവ കാരണമാണ് മൂല്യവർദ്ധനവിൽ നിന്നുള്ള അധികലാഭം കർഷകന് ലഭിക്കാതെ വരുന്നത്. ഇടനിലക്കാർക്കും സംരംഭകർക്കുമാണ് ഇതിന്റെ ആദായം ലഭിക്കുന്നത്. കാർഷികോൽപന്നങ്ങളുടെ വ്യാപാരം നടക്കുന്നത് പല തലങ്ങളിലും പല രൂപത്തിലുമാണ്. ഇത് തുടർച്ചയായ മാറ്റത്തിന് വിധേയമാണ്. സ്വതന്ത്ര വ്യാപാര നയങ്ങളുടെ ഇക്കാലത്ത് പോലും പ്രതീക്ഷിച്ചത്ര പുരോഗതി കർഷകന് ഉണ്ടായിട്ടില്ല. സാമ്പത്തിക നിലവാരത്തിൽ വന്ന മാറ്റം കർഷകരുടെ പ്രതീക്ഷകൾ തകർത്തു. ഇന്ത്യ ഒരു കാർഷിക രാജ്യമായതിനാൽ കാർഷിക വ്യാപാരത്തിൽ അനന്ത സാദ്ധ്യതകളും ശക്തമായ സ്വാധീനവും ഉണ്ട്. നമുക്ക് മുമ്പിലുള്ള അവസരങ്ങളും വെല്ലുവിളികളും നാം മനസ്സിലാക്കേണ്ടതുണ്ട്.

പ്രമുഖ കാർഷികോൽപന്നങ്ങളുടെ വ്യാപാരത്തിൽ അവലംബിച്ചുവരുന്ന വ്യത്യസ്ത തരം വ്യാപാരമാർഗ്ഗങ്ങളെക്കുറിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്. പുരോഗമന കേരകർഷകർക്ക് അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനായി ഒത്തൊരുമയോടെ പ്രവർത്തിച്ച് ഉത്പാദനവും സംസ്ക്കരണവും വിപണനവും ശക്തമാക്കാൻ ഇത് പ്രചോദനമാകുമെന്ന് കരുതുന്നു.

1981 ൽ നാളികേര വികസന ബോർഡ് നിലവിൽ വന്നതോടെ ഇന്ത്യൻ നാളികേര മേഖല പുരോഗതി കൈവരിച്ചത് മൂന്ന് വ്യത്യസ്ത രംഗങ്ങളിലാണ്; തെങ്ങുകൃഷിയുടെ വ്യാപ്തി, ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും വർദ്ധന, തെങ്ങിൻ തോപ്പിൽ നിന്നുള്ള വരുമാന വർദ്ധന എന്നിവയാണിവ.

2004-05 വർഷത്തിൽ ഉത്പാദനക്ഷമത വർദ്ധനയ്ക്കായി സമഗ്ര കേരവികസന പദ്ധതി നാളികേര വികസന ബോർഡ് നേരിട്ട് ആരംഭിച്ചു. കർഷക കൂട്ടായ്മ വഴി വിളപരിപാലനവും വിള സംരക്ഷണവും മെച്ചപ്പെടുത്തുന്നതിന് 2005-06 വർഷത്തിൽ കേരക്ലസ്റ്ററുകൾ രൂപീകരിച്ചു. ഇതു വഴി കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ആദായം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. സുസ്ഥിര വളർച്ചയ്ക്കായി കർഷക കൂട്ടായ്മകൾ ഉണ്ടാക്കി ഉത്പാദകസംഘങ്ങൾ രൂപീകരിക്കാനും അവയെ ഉത്പാദക കമ്പനിയിലേക്കെത്തിക്കാനുമാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്.

നാളികേര സഹകരണ സംഘങ്ങൾ

1926ൽ ആൻഡമൻ നിക്കോബാറിൽ നാളികേര കച്ചവടത്തിനായി ഒരു സഹകരണ പ്രസ്ഥാനം ആരംഭിച്ചു. ഇതിനുപുറമേ നാളികേരത്തിനുവേണ്ടി 1948ന്റെ തുടക്കത്തിൽ ആൻഡമാൻ ദ്വീപ് സമൂഹത്തിൽ ഒരു കേന്ദ്രസഹകരണ ക്ഷേമ സംഘം സ്ഥാപിതമായി. ആൻഡമാൻ ദ്വീപ സമൂഹത്തിലെ പ്രത്യേകിച്ചും നിക്കോബാറിലെ ഗോത്രസമൂഹത്തിന്റെ ഉന്നമനത്തിൽ ഇത്തരം സഹകരണ പ്രസ്ഥാനങ്ങൾ സുപ്രധാന പങ്ക് വഹിച്ചു.

കേരളത്തിൽ 1987ൽ കേരഫെഡ് രൂപം കൊണ്ടു. കേരളത്തിലെ നാളികേര കർഷകരുടെ ഫെഡറേഷനാണ് കേരഫെഡ്. പ്രതിദിനം 200 ടൺ വെളിച്ചെണ്ണ ഉത്പാദിപ്പിക്കുവാൻ ശേഷിയുള്ള ഇന്ത്യയിലെ ഏറ്റവും വലിയ യൂണിറ്റുകളിൽ ഒന്നാണ് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള കേരഫെഡിന്റെ വെളിച്ചെണ്ണ മിൽ.

സംസ്ഥാനത്തെ കേരകർഷകരെ ഫെഡറേഷന്റെ കീഴിൽ കൊണ്ടുവരിക, നാളികേരത്തിന്റെ ഉത്പാദനം, ഉത്പാദനക്ഷമത, സംസ്ക്കരണം, വിപണനം, മൂല്യവർദ്ധന എന്നിവ മുഖേന കേരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, എന്നതാണ് ഫെഡറേഷന്റെ മുഖ്യലക്ഷ്യം. ഫെഡറേഷൻ കേരളത്തിലെ നാളികേര കർഷകരിൽ നിന്ന് നേരിട്ട് കൊപ്ര സംഭരിക്കുന്നു.

കൂടാതെ, ദിവസേന ഏകദേശം 25000 നാളികേരം സംസ്ക്കരിക്കുവാൻ ശേഷിയുള്ള ഒരു ഡസനോളം സഹകരണ സംഘങ്ങൾ കേരളത്തിൽ സ്ഥാപിതമായിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ കല്ലൻകുന്ന് സഹകരണ സംഘം,കാറളം സഹകരണ സംഘം, വെള്ളൂർ സഹകരണ സംഘം, ഉറങ്ങാട്ടിരി സഹകരണ സംഘം എന്നിവയാണ്. ഭരണനിർവ്വഹണപരമായ പ്രത്യേകതകൾ മൂലം കർഷകർക്ക് അത്രയേറെ പരിചിതമല്ല ഇത്തരം സംഘങ്ങൾ.

റബ്ബർ മേഖലയിലെ ഉത്പാദക സംഘങ്ങൾ

റബ്ബർ കർഷക വിപണന സഹകരണ സംഘങ്ങൾ 1960ൽ രൂപം കൊണ്ടു. രാജ്യത്ത് റബ്ബർ കൃഷി ചെയ്യുന്ന പ്രദേശങ്ങൾ വർദ്ധിച്ചതിനാൽ ഗ്രാമപ്രദേശങ്ങളിലേക്ക് ഈ സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ എത്തിച്ചേർന്നില്ല. ഈ സാഹചര്യം തരണം ചെയ്യുന്നതിനുവേണ്ടി റബ്ബർ ബോർഡ് 1986ൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം ചെറുകിട കർഷകരുടെ സംഘടന രൂപീകരിക്കുന്നതിന് സാഹചര്യം ഒരുക്കി. ഈ ആശയം കർഷകർ പരക്കെ അംഗീകരിക്കുകയും ചെയ്തു. നിലവിൽ 2304 റബ്ബർ ഉത്പാദക സംഘങ്ങൾ (ആർപിഎസ്) രാജ്യത്തുണ്ട്. റബ്ബർ ബോർഡിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഗ്രാമതലത്തിൽ സ്വയം സഹായ സംഘം എന്ന നിലയിൽ ആർപിഎസ് പ്രവർത്തിക്കുന്നു. കർഷക സമൂഹത്തിന്റെ ശാക്തീകരണത്തിന് ആർപിഎസിന്റെ പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്. 2 മുതൽ 3 കിലോമീറ്റർ വരെയുള്ള ചെറിയ ഭൂപ്രദേശങ്ങളിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ. അംഗങ്ങളുടെ എണ്ണം 50 മുതൽ 200 വരെയാണ്.

ആർപിഎസിന്റെ പ്രവർത്തനങ്ങളെ

സംയോജിപ്പിക്കുന്നതിനും സുദൃഢമാക്കുന്നതിനും വേണ്ടി റബ്ബർ ബോർഡ് മുൻകയ്യെടുത്ത് റബ്ബർ കൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രദേശങ്ങളിൽ 1987ൽ സംസ്ക്കരണ കമ്പനികളും വാണിജ്യ കമ്പനികളും സ്ഥാപിച്ചു. ഇവയിൽ അധികവും റബ്ബർ ബോർഡിന്റേയും അതാത് പ്രദേശങ്ങളിലെ റബ്ബർ ഉത്പാദക സംഘങ്ങളുടേയും സംയുക്ത ഉടമസ്ഥതയിലുള്ള സ്വകാര്യ കമ്പനികളാണ്.

ഉത്പാദക കമ്പനികളുടെ രൂപീകരണം

വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2002 ലെ കമ്പനി (ഭേദഗതി) നിയമപ്രകാരം ഉത്പാദക കമ്പനി രൂപവൽക്കരിച്ചു. സഹകരണ സംഘങ്ങളെ കമ്പനികളാക്കി മാറ്റുന്നതിനും നിലവിലുള്ള സഹകരണ സംഘങ്ങളെ ചേർത്ത് കമ്പനികളാക്കുന്നതിനും പര്യാപ്തമാക്കുന്നതായിരുന്നു നിയമം. ഉത്പാദക കമ്പനി എന്ന സംഘടനയുടെ കാതൽ അതിന്റെ അംഗങ്ങളായ പ്രാഥമിക ഉത്പാദകരാണ്. അതായത്, പ്രാഥമിക ഉത്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്നവർ. ഈ ഘടന സാമുദായിക ചിന്താഗതികളില്ലാത്ത സുതാര്യവും ഉത്തരവാദിത്വമുള്ളതുമായ ഒരു പുതിയ സമ്പ്രദായത്തിന് ജന്മം കൊടുത്തു.

കൃഷി, തോട്ടവിളകൾ തുടങ്ങി പാൽ, കോഴിവളർത്തൽ, മാംസം, മുട്ട, കരകൗശല വസ്തുക്കൾ എന്നീ വിവിധ ഉൽപന്നങ്ങൾ ഉൾക്കൊള്ളുന്ന 150 ഓളം ഉത്പാദക കമ്പനികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 2002 ലെ ഭേദഗതിക്ക് ശേഷം സ്ഥാപിതമായിട്ടുണ്ട്.

സഹകരണ കമ്പനികളും ഉത്പാദക കമ്പനികളും തമ്മിലുള്ള വ്യത്യാസങ്ങൾ

പ്രത്യേകതകൾ	സഹകരണ കമ്പനി	ഉത്പാദക കമ്പനി
രജിസ്ട്രേഷൻ	സഹകരണ സംഘനിയമ പ്രകാരം	കമ്പനി നിയമ പ്രകാരം
ഓഹരി	ക്രയവിക്രയം ചെയ്യാവുന്നതല്ല	ക്രയവിക്രയം ചെയ്യാവുന്നതല്ല, പക്ഷെ കൈമാറ്റം ചെയ്യാവുന്നതാണ്
അംഗത്വം	വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും മാത്രം	പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നവർക്ക് മാത്രം
വോട്ടവകാശം	ഒരാൾക്ക് ഒരു വോട്ട്. ഗവൺമെന്റിനും സഹകരണ സംഘരജിസ്ട്രാറിനും വീറ്റോ പവർ ഉണ്ട്.	ഒരാൾക്ക് ഒരു വോട്ട്. കമ്പനിയുമായി ഇടപാടുകൾ നടത്താത്തവർക്ക് വോട്ടവകാശമില്ല
കരുതൽ ശേഖരം	ലാഭമുണ്ടെങ്കിൽ മാത്രം നീക്കിവയ്ക്കുന്നു	നിർബന്ധമായും എല്ലാ വർഷവും നീക്കി വയ്ക്കേണ്ടതാണ്
രജിസ്ട്രേഷൻ അധികാരിയുടെ റോൾ	സുപ്രധാനം	ഏറ്റവും കുറഞ്ഞ തോതിൽ മാത്രം
ഭരണപരമായ നിയന്ത്രണം	ആധിപത്യ സ്വഭാവമുള്ളത്	ഇല്ല
കടം വാങ്ങുന്നതിനുള്ള അധികാരം	നിയന്ത്രണ വിധേയം	കൂടുതൽ സ്വാതന്ത്ര്യവും കൂടുതൽ മാർഗ്ഗങ്ങളും
തർക്ക പരിഹാരം	സഹകരണ സംവിധാനങ്ങൾ വഴി	മദ്ധ്യസ്ഥ തീരുമാനങ്ങൾ വഴി
മറ്റു സംഘങ്ങളുമായും വ്യവസായ സ്ഥാപനങ്ങളുമായും സർക്കാരേതര സംഘടനകളുമായുമുള്ള ബന്ധം	ഇടപാടുകളുടെ അടിസ്ഥാനത്തിൽ	ഉത്പാദകർക്കും സംഘടിത പ്രസ്ഥാനങ്ങൾക്കും ഒത്തുചേർന്ന് ഉത്പാദക കമ്പനി രൂപീകരിക്കാവുന്നതാണ്.

ഇന്ത്യൻ ഓർഗാനിക് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, ആലുവ

2004ൽ ജൈവകൃഷിക്കായി കർഷക ഉത്പാദക കമ്പനി ആലുവയിൽ നിലവിൽ വന്നു. ജൈവസാക്ഷ്യപത്രം ഉള്ള ഉത്പാദകർക്ക് മാത്രമാണ് കമ്പനിയിൽ അംഗത്വത്തിനും രക്ഷാധികാരത്തിനും അർഹതയുള്ളത്. ഇതിന്റെ ഒരു ഓഹരിക്ക് മൂല്യം 40,000 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. അപ്രകാരം ഒരു ഓഹരി ഉടമയ്ക്ക് കമ്പനിവഴി 40,000 രൂപയ്ക്ക് തക്ക മൂല്യമുള്ള തങ്ങളുടെ ജൈവോൽപന്നങ്ങൾ വിപണനം ചെയ്യാൻ സാധിക്കും.

ഏകദേശം 5000ൽപരം കർഷകർ ഈ കമ്പനിയുടെ പ്രവർത്തനത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അത് 1000 കർഷകരിലേക്ക് ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. കമ്പനിയുടെ ജൈവോൽപന്നങ്ങളായ 60 ടൺ കൊക്കോ, 3 ടൺ വാനില, 16 ടൺ കാപ്പി, 22 ടൺ വെളിച്ചെണ്ണ, 100 ടൺ കുരുമുളക് എന്നിവ അമേരിക്ക, ജർമ്മനി, സ്വിറ്റ്സർലാൻഡ് എന്നിവിടങ്ങളിലേക്ക് നാളിതുവരെ കയറ്റിയയച്ചിട്ടുണ്ട്. കമ്പനി ഈ വർഷത്തിൽ 100 ശതമാനം സാമ്പത്തിക വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. (ബന്ധപ്പെടേണ്ട വ്യക്തി: കെ. ജെ. തോമസ് ഫോൺ: 09446236523)

വനില ഇന്ത്യ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് (വാനിൽകോ), എറണാകുളം, കളമശ്ശേരി – 682033

ഇന്ത്യയിലെ കർഷകരുടെ ദീർഘകാലത്തെ താൽപര്യമനുസരിച്ച് ഇൻഫാം രൂപം നൽകിയ കമ്പനിയാണ് വാനിൽകോ. മെച്ചപ്പെട്ടതും ഗുണമേന്മയുള്ളതുമായ വാനില കായകളും വാനില സത്തും ഉത്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വാനിൽകോ വാനില കർഷകരുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. ഓഹരി ഉടമകൾക്ക് അധികലാഭവും വരുമാനവും ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് അംഗങ്ങളുടെ ഉൽപന്നങ്ങൾ സംഭരിച്ച് സംസ്ക്കിച്ച് വിപണനം ചെയ്യുന്നു.

അന്താരാഷ്ട്ര നിലവാരത്തോടുകൂടി വാനില ഉത്പാദനവും സംസ്ക്കരണവും അഭിവൃദ്ധിപ്പെടുത്തുക എന്ന പ്രധാന ലക്ഷ്യത്തോടുകൂടി സ്ഥാപിതമായ കമ്പനിയാണ് വാനിൽകോ. കർഷകർക്കാണ്

വാനിൽക്കോയുടെ ഉടമസ്ഥാവകാശം ഉള്ളത്. കർഷകരുടെ ഉൽപന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണനത്തിനും നിലവാരത്തിനും തുല്യമായ നീതിയുക്തവും തൃപ്തികരവുമായ മൂല്യം ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പ്രകൃതിദത്ത വാനിലയുടെ വിശ്വസിക്കാവുന്ന വിതരണക്കാർ എന്ന അംഗീകാരം ഇന്ന് വാനിൽക്കോയ്ക്കുണ്ട്. (ബന്ധപ്പെടേണ്ട വ്യക്തി: ശ്രീ. ടി. വി. തോമസ്, 09446926008)

കൊയിനോനൃ ഫാംസ് പ്രൊഡ്യൂസേഴ്സ് കമ്പനി ഫോർ ടർമെറിക്, കർബി ഫാംസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, അസ്സം

പ്രാഥമിക ഉത്പാദകർക്ക് സ്വന്തമായി സംഘടിക്കുവാനുള്ള അവസരം നൽകുന്ന ഉത്പാദക കമ്പനി, കമ്പനി നിയമത്തിന്റെ പുതിയ വ്യവസ്ഥപ്രകാരം ഇഞ്ചിക്കും മുളകിനും വേണ്ടി, ഒരാൾക്ക് ഒരു വോട്ട് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ 2010ൽ സ്പൈസസ് ബോർഡ് സ്ഥാപിച്ചു. സ്പൈസസ് ബോർഡിന് സ്വന്തമായി 49 ശതമാനം ഓഹരിയുള്ള 2 കമ്പനികൾക്കും 1000 ഹെക്ടർ കൃഷിസ്ഥലമാണുള്ളത്, അവിടെ അടുത്ത അഞ്ച് വർഷത്തേക്ക് കൃഷി ചെയ്യാം. (ബന്ധപ്പെടേണ്ട വ്യക്തി ശ്രീ. പേഴ്സി ഇങ്ക്തി ഫോൺ: 09435066633, ശ്രീ. ഫ്രാൻസിസ് ഇങ്ക്തി ഫോൺ: 09612165647, 09436101971)

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, ഡൽഹി

ഡൽഹിയിൽ വർദ്ധിച്ചുവരുന്ന പഴം, പച്ചക്കറികൾ എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിനായി 1998ൽ നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന്റെ കീഴിൽ മദർ ഡയറി പഴം, പച്ചക്കറി ലിമിറ്റഡ് (എംഡിഎഫ്‌വിഎൽ) സ്ഥാപിതമായി. ഈ സ്ഥാപനം ദിവസേന 18000 കർഷകർ ഉൾപ്പെടുന്ന 150 ഉത്പാദക സംഘങ്ങളിൽ നിന്നും 250 ടണ്ണോളം പച്ചക്കറികളും പഴങ്ങളും സംഭരിച്ച് 75,000 ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു.

ഉത്പാദനക്ഷമത കൂടിയ വിത്തിനങ്ങൾ, പഴങ്ങൾ എന്നിവയുടെ സംഭരണത്തിലും കാർഷിക വിജ്ഞാന വ്യാപനത്തിലുംഎംഡിഎഫ് വിഎൽ ഉത്പാദക സംഘങ്ങളെ സഹായിക്കുന്നു. ഉത്പാദക സംഘങ്ങൾക്ക് കൃഷിക്കാവശ്യമായ അവശ്യവസ്തുക്കൾ ലഭ്യമാക്കുന്ന വൻകിട കച്ചവടക്കാരുമായി സുദൃഢബന്ധം സ്ഥാപിക്കുന്നതിനും ഈ സ്ഥാപനം സഹായിക്കുന്നു. കാർഷികോത്പാദനം വർദ്ധിപ്പിക്കാനും രാസവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനുമുതകുന്ന കൃഷിരീതികളെക്കുറിച്ച് പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി നിലവാര മാനദണ്ഡങ്ങളും ഉണ്ട്. ഈ നിലവാരത്തിലുള്ള ഉൽപന്നങ്ങൾ മാത്രം തെരഞ്ഞെടുത്ത് ഗുണമേന്മ അനുസരിച്ച് വിലയിടുന്നു. കർഷക സംഘങ്ങൾ വഴി അംഗങ്ങളായ കർഷകർക്ക് രണ്ടാഴ്ച കൂടുമ്പോൾ ഉൽപന്നങ്ങളുടെ വില ലഭിക്കുകയും ചെയ്യുന്നു.

പുഷ്പ കർഷക സ്വാശ്രയ സംഘം, മറവൂർ, എറണാകുളം

1200ഓളം കർഷകർ ചേർന്ന് പുഷ്പ സ്വാശ്രയസംഘത്തിന് ആഗസ്റ്റ് 2002ൽ രൂപം കൊടുത്തു. 13 കർഷകർ ചേർന്ന ഡയറക്ടർ ബോർഡ് ഇതിന്റെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നു. ഒരു വർഷത്തിൽ 50 ലക്ഷം രൂപ വിറ്റുവരവുണ്ട്. (ബന്ധപ്പെടേണ്ട വ്യകതി: പ്രസിഡന്റ് ശ്രീ. ഗോപാലകൃഷ്ണ പിള്ള ഫോൺ: 9847464842, സെക്രട്ടറി എ. കെ. ബോസ് ഫോൺ: 9446719559)

കേര ക്ലസ്റ്ററുകൾ

2003-06 കാലഘട്ടത്തിൽ നാളികേര വികസന ബോർഡിന്റെ നാളികേര ടെക്നോളജി മിഷന്റെ കീഴിൽ കർഷക പങ്കാളിത്തത്തോടെ നടത്തിയ പരിശീലന പരിപാടിയിലൂടെ കാറ്റുവീഴ്ച ബാധയുള്ള കൃഷിഭൂമിയിൽ നാളികേരത്തിന്റെ വിളവിൽ 90 ശതമാനത്തിൽ കൂടുതൽ, അതായത് 25-30 നാളികേരത്തിൽ നിന്നും വിളവ് ഒരു വർഷം ഒരു തെങ്ങിൽ നിന്ന് 50 നാളികേരമെന്ന നിലയിലേക്ക് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ഇടവിളകൃഷിയിലൂടെയും ഉൽപന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെയും വരുമാന വർദ്ധനവിന് ഇത്തരം കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനങ്ങൾ കാരണമായി. 2005-06 മുതൽ ഇന്ത്യയിലെ പ്രധാന നാളികേരോത്പാദക സംസ്ഥാനങ്ങളിൽ കർഷക കൂട്ടായ്മകൾ, സർക്കാരേതര സ്വാശ്രയ സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ 25 ഹെക്ടർ വരുന്ന ഒന്നിച്ചു കിടക്കുന്ന സ്ഥലത്ത് ബോർഡ് നേരിട്ട് സമഗ്ര കേരവികസന പദ്ധതി നടപ്പിലാക്കി. സമഗ്ര കേരപരിപാലന രീതികൾ കൂട്ടായ്മയോടെ നടപ്പിലാക്കി വിജയം ആവർത്തിക്കുക എന്നതായിരുന്നു ഉദ്ദേശ്യം.

കേര ക്ലസ്റ്ററുകളുടെ പ്രവർത്തന ഫലം

- കാർഷികോപാധികളുടെ ശേഖരണവും വിതരണവും കൂടാതെ സാങ്കേതിക വിദ്യ കൈമാറ്റവും കർഷകരുടെ പങ്കാളിത്ത സമീപനത്തിലൂടെ ആവിഷ്ക്കരിച്ചു. മറ്റ് പ്രദേശങ്ങളിലെ ചെറുകിട, നാമമാത്ര കർഷകർക്ക് നിരീക്ഷണത്തിനും അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും പരസ്പര പഠനത്തിനുമുള്ള ഒരു കേന്ദ്രമായി ഈ പ്രദേശം രൂപപ്പെട്ടു. ആഴ്ചതോറുമുള്ള യോഗങ്ങളും, ബോർഡിലെ ഉദ്യോഗസ്ഥരും ഗ്രൂപ്പ് ലീഡർമാരും ചേർന്നുള്ള യോഗങ്ങളും കാർഷിക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതു വഴി ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

ക്ലസ്റ്ററുകൾ ശാസ്ത്രീയ പരിപാലന മുറകൾ അവലംബിക്കാൻ അവസരമൊരുക്കി

- കർഷകർ നിലവിലുള്ള ഉത്പാദനത്തിന്റെ തോതും സാദ്ധ്യതകളും വർദ്ധിപ്പിക്കുന്നതിനായി വിഭവങ്ങളും കാര്യശേഷിയും സഞ്ചയിപ്പിച്ചു.
- കാർഷിക പ്രവർത്തനത്തിന്റെ തോതിൽ മിതവ്യയത്വം കൊണ്ടു വരുന്നതിനും അതുവഴി കൃഷിചിലവ് കുറയ്ക്കുന്നതിനും, നിക്ഷേപത്തിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ഒരു പ്രദേശത്തെ കർഷകരുടെ കൂട്ടായ സമീപനം കാരണമായി.
- സാമൂഹ്യ സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ ആയ ഫിറമോൺ കെണി സ്ഥാപിക്കുക, കീടനാശിനി തളിക്കുക മറ്റു പരിപാലനമുറകൾ അവലംബിക്കുക എന്നിവയുടെ ഫലമായി കീടങ്ങളുടെ ആകസ്മിക ആക്രമണവും രോഗങ്ങളും കുറഞ്ഞു.
- ഈ പരിപാടി ചെറുതും തുണ്ടുതുണ്ടായതുമായ നാളികേരകൃഷിയിടങ്ങളിലെ പ്രതികൂല സാഹചര്യങ്ങളെ നിഷ്ക്രിയമാക്കാൻ സഹായിച്ചു.
- മിക്ക ക്ലസ്റ്ററുകളും പ്രാഥമിക സംസ്കരണവും വിപണനവും ഏറ്റെടുക്കാൻ തയ്യാറാണ്.
- ബോർഡ് നടപ്പിലാക്കിയ നാളികേര ക്ലസ്റ്റർ പ്രോഗ്രാം നാളികേരകൃഷിയിൽ ശാസ്ത്രീയ പരിപാലനമുറകൾ പ്രയോഗിക്കുന്നതിൽ ഒരു അനുകൂല സ്വാധീനം ഉണ്ടാക്കി.
- 3 വർഷം കൊണ്ട് രോഗബാധിതമായ തെങ്ങിൽ നിന്നുള്ള ഉത്പാദനക്ഷമത 90 ശതമാനത്തിൽ കൂടുതൽ വർദ്ധിപ്പിക്കുന്നതിനും ഇടവിളകളിലൂടെ വരുമാനം കൂട്ടുന്നതിനും സാധിച്ചു എന്നതാണ് ഈ പരിപാടിയുടെ വിജയം.
- എല്ലാത്തിനുമുപരി ആ പ്രദേശത്തെ മറ്റു കർഷകർക്ക് നാളീകേരകൃഷിയിൽ ശാസ്ത്രീയ പരിപാലനമുറകൾ പ്രയോഗിക്കുന്നതിന് ക്ലസ്റ്റർ പ്രോത്സാഹനമായി
- കൂട്ടായ പ്രവർത്തനത്തിനു കീഴിൽ ബോർഡ് 19620 ഹെക്ടർ പ്രദേശത്ത് 1,00,911 കർഷകരെ ഉൾപ്പെടുത്തി 569 ക്ലസ്റ്ററുകൾ രൂപീകരിച്ചു

നാളികേര ഉത്പാദക സംഘങ്ങൾ

കേരകർഷകർ ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് കർഷക കൂട്ടായ്മകളിലൂടെ മാത്രമേ പരിഹാരം കാണാനാകൂ എന്ന തിരിച്ചറിവിലാണ് നാളികേര ഉത്പാദക സംഘങ്ങൾ രൂപീകരിക്കുവാൻ നാളികേര വികസന ബോർഡ് തീരുമാനിക്കുന്നത്. ഉത്പാദനം മുതൽ വിപണനം വരെ ഒത്തൊരുമിച്ച് ചെയ്ത് ഉത്പാദന ചെലവ് കുറയ്ക്കുവാനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനും ഈ കർഷക കൂട്ടായ്മകളിലൂടെ ലക്ഷ്യമിടുന്നു. അതോടൊപ്പം തന്നെ പ്രവർത്തന പരിധിയിലുള്ള നാളികേര കർഷകരുടെ സമഗ്രമായ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനവും സംഘത്തിന്റെ ലക്ഷ്യമാണ്.

കർഷക പങ്കാളിത്തത്തോടെ വളംവിതരണം

2011 അവസാനത്തിലാണ് റബ്ബർ ഉത്പാദക സംഘങ്ങളുടെ മാതൃകയിൽ നാളികേര ഉത്പാദക സംഘങ്ങൾ രൂപീകരിക്കുവാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചത്. 2012 മാർച്ചിൽ 1000 നാളികേര ഉത്പാദക സംഘങ്ങൾ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യണമെന്നതായിരുന്നു ബോർഡിന്റെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ നാളികേര വികസന ബോർഡിന് സാധിച്ചത് കേരളത്തിലെ പ്രബുദ്ധരായ കേരകർഷകർ ബോർഡിനൊപ്പം കൈ കോർത്തതുകൊണ്ടാണ് എന്ന കാര്യം എടുത്തു പറയേണ്ടതാണ്.

40 മുതൽ 100 വരെ നാളികേര കർഷകർ ഉൾക്കൊള്ളുന്നതും പ്രവർത്തന പരിധിയിൽ 4000 മുതൽ 5000 വരെ തെങ്ങുകൾ ഉള്ളതുമായ കർഷക കൂട്ടായ്മയാണ് നാളികേര ഉത്പാദക സംഘം. കായ്ക്കുന്ന 10 തെങ്ങുകളെങ്കിലും സ്വന്തമായുള്ള കർഷകർക്ക് ഈ കൂട്ടായ്മയിൽ അംഗമാകാം. സംഘത്തിന്റെ പ്രവർത്തന പരിധി കഴിയുന്നിടത്തോളം സ്വാഭാവിക അതിരുകളാൽ വേർതിരിക്കപ്പെടേണ്ടതാണ്. സംഘത്തിൽ അംഗമാകുന്നതിനുള്ള ഫീസ് 100 രൂപയായും വാർഷിക വരിസംഖ്യ 20 രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. സംഘങ്ങൾ രാഷ്ട്രീയ ലക്ഷ്യങ്ങളില്ലാതെ തികച്ചും ജനാധിപത്യ രീതിയിൽ പ്രവർത്തിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുക. സംഘം ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതിനു ശേഷം നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2012 നവംബർ 8-ാം തീയതി വരെയുള്ള കണക്കനുസരിച്ച് കേരളത്തിൽ 1722 സംഘങ്ങൾ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ജില്ല തിരിച്ചുള്ള കണക്ക് താഴെകൊടുക്കുന്നു.

ജില്ല	സിപിഎസ്
കാസർഗോഡ്	221
കണ്ണൂർ	181
കോഴിക്കോട്	284
മലപ്പുറം	144
പാലക്കാട്	64
തൃശ്ശൂർ	197
എറണാകുളം	64
ഇടുക്കി	4
കോട്ടയം	6
ആലപ്പുഴ	237
പത്തനംതിട്ട	3
കൊല്ലം	214
തിരുവനന്തപുരം	103
ആകെ	1722

പട്ടിക-3. ഫെഡറേഷനുകളുടെ ജില്ല തിരിച്ചുള്ള പേരു വിവരങ്ങൾ

ക്രമ സംഖ്യ	ജില്ല	ഫെഡറേഷനുകളുടെ എണ്ണം	ഫെഡറേഷനുകൾ
1	കണ്ണൂർ	4	1. ചെറുപുഴ ഫെഡറേഷൻ 2. കുടിയാൻമല കല്പജ്യോതി ഫെഡറേഷൻ 3. മണക്കടവ് പ്രിയദർശിനി ഫെഡറേഷൻ 4. ആലക്കോട് ഫെഡറേഷൻ
2	കാസർഗോഡ്	3	1. വെള്ളരിക്കുണ്ട് ഫെഡറേഷൻ 2. മാലോം ഫെഡറേഷൻ 3. ഭീമനടി ഫെഡറേഷൻ
3	കോഴിക്കോട്	4	1. പുല്ലൂരാംപാറ കേരമിത്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ 2. നടേരി കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ 3. സുരക്ഷ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ 4. ചേലന്നൂർ ബ്ലോക്ക് ഫെഡറേഷൻ
4	മലപ്പുറം	7	1. കേരസുരക്ഷ ഫെഡറേഷൻ 2. ഉറുങ്ങാട്ടിരി ഫെഡറേഷൻ 3. വെട്ടം നോർത്ത് കേര കർഷക ഫെഡറേഷൻ 4. വെട്ടം സൗത്ത് കേരകർഷക ഫെഡറേഷൻ 5. കുട്ടിലങ്ങാടി പഞ്ചായത്ത് ഫെഡറേഷൻ 6. തൃക്കലങ്ങോട് ഫെഡറേഷൻ 7. മങ്കട ഫെഡറേഷൻ
5	പാലക്കാട്	4	1. മുതലമട കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ 2. പെരുമാട്ടി കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ 3. എരിമയൂർ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ 4. കാഞ്ഞിരപ്പുഴ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ
6	തൃശ്ശൂർ	3	1. പെരിഞ്ഞനം നാളികേര ഉത്പാദക ഫെഡറേഷൻ 2. ശ്രീനാരായണപുരം ഫെഡറേഷൻ 3. മതിലകം ഫെഡറേഷൻ
7	എറണാകുളം	2	1. കൂത്താട്ടുകുളം ഫെഡറേഷൻ 2. രാമമംഗലം ഫെഡറേഷൻ
8	ആലപ്പുഴ	7	1. മുതുകുളം പഞ്ചായത്ത് ഫെഡറേഷൻ 2. മാരാരിക്കുളം വടക്ക് ഫെഡറേഷൻ 3. ഓണാട്ടുകര ഫെഡറേഷൻ 4. തണ്ണീർമുക്കം നോർത്ത് ഫെഡറേഷൻ 5. തണ്ണീർമുക്കം സൗത്ത് ഫെഡറേഷൻ 6. കഞ്ഞിക്കുഴി ഫെഡറേഷൻ 7. ചെറുവാരണം ഫെഡറേഷൻ
9	കൊല്ലം	1	1. കല്ലട ഫെഡറേഷൻ
10	തിരുവനന്തപുരം	2	1. നേമം ബ്ലോക്ക് ഫെഡറേഷൻ 2. കേരശ്രീ ഫെഡറേഷൻ
	ആകെ	37	

ഒരു ത്രിതല സംവിധാനത്തിന്റെ ഏറ്റവും താഴെത്തട്ടാണ് നാളികേര ഉത്പാദക സംഘങ്ങൾ. ഇതിന്റെ മേൽതലം 15 മുതൽ 25 വരെ ഉത്പാദക സംഘങ്ങൾ ഒരുമിച്ചു ചേർന്നുള്ള ഫെഡറേഷനുകളാണ്. ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് ദിശാബോധവും മാർഗ്ഗനിർദ്ദേശവും നൽകുക എന്നതാണ് ഫെഡറേഷനുകളുടെ രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിൽ 37 ഫെഡറേഷനുകളാണ് 2012 നവംബർ 8-ാം തീയതി വരെ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവയുടെ ജില്ല തിരിച്ചുള്ള പേരുവിവരങ്ങൾ പട്ടിക-3ൽ കൊടുത്തിരിക്കുന്നു.

ഈ ത്രിതല സംവിധാനത്തിന്റെ ഏറ്റവും മുകളിലാണ് ഫെഡറേഷനുകൾ ചേർന്നുള്ള ഉത്പാദക കമ്പനികളുടെ സ്ഥാനം. ഈ സാമ്പത്തിക വർഷം അവസാനത്തോടെ 250 ഫെഡറേഷനുകളും 25 ഉത്പാദക കമ്പനികളും രൂപീകരിക്കാനാണ് നാളികേര വികസന ബോർഡ് ലക്ഷ്യമിടുന്നത്. ഈ കർഷക കൂട്ടായ്മകൾ കേരകർഷകർ ഇന്നു നേരിടുന്ന ദുരവസ്ഥകൾക്ക് പരിഹാരം കാണാൻ കെൽപ്പുള്ള മാർഗ്ഗനിർദ്ദേശകരായി മാറിക്കൊണ്ടിരിക്കുകയാണ്.

ഡയറക്ടർ,
നാളികേര വികസന ബോർഡ്, ഗുവാഹട്ടി

ജൈവ തെങ്ങുകൃഷി-സാദ്ധ്യതകളും സംഭാവനകളും സാങ്കേതിക പുരോഗതിയും

ജോർജ്ജ് വി. തോമസ്, വി. കൃഷ്ണകുമാർ, പി. സുബ്രഹ്മണ്യൻ, മുരളീഗോപാൽ, അൽകഗുപ്ത

പുതിയ സാങ്കേതികവിദ്യകൾ വികസിക്കുന്നതിനൊപ്പം കാർഷിക സമ്പ്രദായത്തിലും നാനാവിധത്തിലുള്ള പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഉയർന്ന വിളവ് ലഭിക്കുന്നതിനായി രാസവളങ്ങളുടേയും രാസകീടനാശിനികളുടേയും വർദ്ധിച്ച തോതിലുള്ള ഉപയോഗം മൂലം വിളവിൽ വർദ്ധനയുണ്ടായെങ്കിൽപ്പോലും സസ്യസമ്പത്തൊട്ടാകെ തന്നെ രോഗകീടാക്രമണം, വരൾച്ച തുടങ്ങിയ നിരവധി ജൈവ, അജൈവ ഘടകങ്ങൾക്ക് വിധേയമായെന്ന് മാത്രമല്ല പരിസ്ഥിതിക്ക് ഹാനികരമാകുകയും ചെയ്തു.

വികസ്വരരാജ്യങ്ങളിലെ ജനങ്ങൾക്കിടയിൽ ആരോഗ്യസുരക്ഷയെ സംബന്ധിച്ചും പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും വർദ്ധിച്ചുവരുന്ന അവബോധം കാരണം ഹരിതവും, ആരോഗ്യകരവും പ്രകൃതിദത്തവുമായ ആഹാരത്തിന്റേയും മറ്റ് നിത്യോപയോഗ സാധനങ്ങളുടേയും ആവശ്യം കൂടിവരികയാണ്. പലതരത്തിലുള്ള മലിനീകരണം മൂലമുണ്ടാകുന്ന പരിസ്ഥിതി നാശത്തെ സംബന്ധിച്ച് നല്ലൊരു ശതമാനം ജനങ്ങളും ഉത്കണ്ഠാകുലരും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ബോധവാന്മാരുമാണ്.

പ്രകൃതിദത്തവും പുനരുപയോഗയോഗ്യവുമായ വിഭവങ്ങൾ ഉപയോഗിച്ചുള്ള ജൈവകൃഷിരീതിയാണ് മണ്ണും വായുവും ജലവും മലീമസമാക്കാതെ പരിസ്ഥിതിയെ ഭാവിതലമുറയ്ക്കായി സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഏറ്റവും മികച്ച ഉപായം. ജൈവകൃഷിയിൽ മണ്ണും, സസ്യവും, വളർത്തുമൃഗങ്ങളും കീടങ്ങളും കർഷകരുമെല്ലാം പരസ്പരം ദൃഢമായി ബന്ധപ്പെട്ടിരിക്കുന്നു. ജൈവകൃഷി മണ്ണ് സംരക്ഷണ വിദ്യകൾ(പുതയിടൽ), വിവിധതരം കൃഷിരീതികൾ (ഇടവിളകൃഷി), കാർഷിക വനവൽക്കരണം (വിളകൾക്കും കന്നുകാലികൾക്കുമൊപ്പം ദീർഘകാല വൃക്ഷങ്ങൾ), കൃഷിയിടത്തിലെ ചപ്പുചവറുകളുടെ പുനരുപയോഗം (വളം, കാലിത്തീറ്റ, ജൈവാവശിഷ്ടം മുതലായവ) എന്നിവയിലധിഷ്ഠിതമാണ്. കൃഷിയിടത്തിൽ വളർത്തുന്ന കന്നുകാലികളുടെ എണ്ണവും കൃഷിസ്ഥലത്തിന്റെ വിസ്തൃതിയും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. അതായത് കന്നുകാലികൾക്കുള്ള തീറ്റ കൃഷിയിടത്തിൽ തന്നെ ലഭ്യമാകുകയും കാലിവളം കൊണ്ട് മണ്ണിന്റെ പോഷകാംശം നിലനിർത്താൻ സാധിക്കുകയും വേണം. ജൈവകൃഷിയിൽ രോഗ കീട നിയന്ത്രണത്തിനും രാസകീടനാശിനികൾ ഒഴിവാക്കി കാർഷിക, യാന്ത്രിക, ജൈവിക മാർഗ്ഗങ്ങൾ വേണം അവലംബിക്കേണ്ടത്. കേരാധിഷ്ഠിത കൃഷിരീതിയിൽ കൃഷിയിലെതന്നെ ജൈവവിഭവങ്ങൾ ഉപയോഗപ്പെടുത്തിയും വൈവിധ്യമാർന്ന വിളകളുടെ ആവശ്യകത നിറവേറ്റിയും കീട-രോഗ നിയന്ത്രണത്തിനായി വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചും ജൈവകൃഷി നടപ്പിലാക്കുന്നതിലൂടെ മണ്ണിന്റെ ഫലഭൂയിഷ്ടത സംരക്ഷിക്കുന്നതെപ്രകാരമാണെന്ന് ലേഖനത്തിൽ വിശദമാക്കുന്നു.

മറ്റ് വിളകളിൽ നിന്ന് വ്യത്യസ്തമായി പോഷകങ്ങളുടെ ആവശ്യകത നിർണ്ണായകമായി വരുന്ന ഘട്ടങ്ങളൊന്നുംതന്നെ തെങ്ങിന്റെ വളർച്ചയിലില്ല. തെങ്ങിന്റെ ഓരോ ഓലയുടേയും ചുവട്ടിൽ നിന്ന് ഓരോ ചൊട്ടവീതം ഉണ്ടായിവരുന്നതിനാൽ ഓരോ വർഷവും വിടരുന്ന ഓലകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നു തെങ്ങിന്റെ വിളവ് എന്നുപറയാം. തെങ്ങിന്റെ വളർച്ചയും ഉത്പാദനവും ഒരുമിച്ചായതിനാൽ എല്ലായ്പ്പോഴും പോഷണത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. തെങ്ങ് വളരുന്ന പരിമിതമായ സ്ഥലത്ത് നിന്നുമാത്രമേ പോഷക പദാർത്ഥങ്ങൾ വലിച്ചെടുക്കുന്നുള്ളൂ. അതിനാൽ പോഷകങ്ങളുടെ കുറവ് തെങ്ങിന്റെ വളർച്ചയേയും വിളവിനേയും പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ തെങ്ങിന്റ ചുവട്ടിൽ വർഷം മുഴുവനും പോഷകങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തിയാൽമാത്രമേ പര്യാപ്തമായ തോതിൽ വിളവ് ലഭ്യമാകൂ.

തെങ്ങിന്റെ വളർച്ചയുടെ സവിശേഷതകളും കൃഷിരീതികളും ജൈവകൃഷിരീതി അവലംബിച്ച് തെങ്ങ് കൃഷി ചെയ്യുന്നതിന് അത്യന്തം അനുയോജ്യമാണ്. തെങ്ങിൻ വേരുകളുടെ 75 ശതമാനവും ചുവട്ടിൽ നിന്ന് 2 മീറ്ററിലധികം ദൂരത്തിൽ പോവുന്നില്ലെന്ന് മാത്രമല്ല 30 മുതൽ 120 സെ.മീ. വരെ ആഴത്തിൽ മാത്രമേ പോകുന്നുമുള്ളൂ. തെങ്ങോലകളുടെ വിന്യാസം മണ്ണിലേക്ക് വെയിൽ അടിക്കുന്നതിന് സഹായകമാകുകയും ഇടവിളകളും മിശ്രവിളകളും കൃഷി ചെയ്യാൻ അനുകൂലമായ സ്ഥിതിവിശേഷം ഒരുക്കുകയും ചെയ്യുന്നു. അതുവഴി വൻതോതിൽ ജൈവാവശിഷ്ടങ്ങൾ ഉണ്ടാകുകയും അവയുടെ പുനഃചംക്രമണം വഴി ആവശ്യമായ വളം ഉത്പാദിപ്പിക്കുവാനും കഴിയുന്നു.

ജൈവ തെങ്ങുകൃഷിയിലെ സാങ്കേതിക പുരോഗതികൾ

തെങ്ങ് പോലെയുള്ള ദീർഘകാലവിളയുടെ കൃഷിയിൽ മണ്ണിന്റെ ഫലഭൂയിഷ്ടതയും ഉത്പാദനക്ഷമതയും സുസ്ഥിരമായി നിലനിർത്താൻ ജൈവവളങ്ങൾ അത്യന്താപേക്ഷിതമാണ്. പച്ചിലവളങ്ങൾ കൃഷി ചെയ്യാൻ ആവശ്യമായത്ര സ്ഥലം ലഭ്യമല്ലാത്തതിനാലും കന്നുകാലി വളർത്തലിന്റെ പരിമിതിയും കാരണം തെങ്ങുകൃഷിയിൽ ജൈവവളപ്രയോഗം വിരളമായേ അനുവർത്തിക്കാറുള്ളൂ. പോഷക സമ്പന്നമായ, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുതകുന്ന ജീവാണു വളങ്ങളുടെ സാങ്കേതിക വിദ്യകൾ ഗവേഷണങ്ങളുടെ ഫലമായി ഉരുത്തിരിച്ചെടുത്തിട്ടുണ്ട്.

പയർ ചെടികളിലെ വേരുകളിൽ കാണപ്പെടുന്ന നൈട്രജൻ യൗഗികീകാരികളായ ബാക്ടീരിയകൾ അന്തരീക്ഷ നൈട്രജനെ സ്വീകരിച്ച് മണ്ണിലെ നൈട്രജന്റെ തോത് വർദ്ധിപ്പിക്കുകയും ഫലപുഷ്ടി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. തെങ്ങിന് ഇത് നല്ലൊരു ജൈവവളമാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് 1.8 മീറ്റർ അകലം വരെയുള്ള സ്ഥലം മിക്ക കർഷകരും പ്രയോജനപ്പെ

പയർ വർഗ്ഗ പച്ചിലവളച്ചെടികൾ തെങ്ങിൻ തടത്തിൽ

ടുത്താതെ വെറുതെ ഇടുകയാണ് പതിവ്. ഇവിടെ തോട്ടപയർ, ആനത്തൊട്ടാവാടി, കൊഴിഞ്ഞിൽ മുതലായവ കൃഷി ചെയ്യാവുന്നതാണ്. പച്ചില വളക്കൃഷിയിലൂടെ ഒരു തെങ്ങിൻ തടത്തിൽ നിന്ന് ശരാശരി 15 മുതൽ 20 കി.ഗ്രാം വരെ പച്ചില ലഭിക്കുന്നു. ഇത് തടത്തിൽ ചേർത്ത് കൊടുക്കുന്നതുവഴി 100 മുതൽ 150 ഗ്രാം പാക്യജനകവും മറ്റ് പ്രമുഖ പോഷകങ്ങളും ലഭ്യമാകുകയും തെങ്ങിൻ തടത്തിൽ സൂക്ഷ്മാണുക്കളുടെ പ്രവർത്തനം വർദ്ധിക്കുന്നതിലൂടെ മണ്ണിന്റെ ഫലപുഷ്ടി മെച്ചപ്പെടുകയും ചെയ്യുന്നു. ഇത് തെങ്ങിന്റെ വളർച്ചയ്ക്ക് പ്രയോജനകരമാകുന്നു.

പച്ചിലവളക്കൃഷി ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗമാണ്. തെങ്ങിൻ തടത്തിൽ മെയ് – ജൂൺ മാസത്തിൽ പച്ചിലവളവിത്ത് പാകുകയും ഒന്നോ രണ്ടോ ചെടികൾ പൂക്കാൻ തുടങ്ങുമ്പോൾ ചെടികളെല്ലാം പറിച്ച് തടത്തിൽ ചേർത്ത് കൊടുക്കുകയും ചെയ്യുക. ചെടികൾ ചീഞ്ഞ് മണ്ണിൽ ചേരുമ്പോൾ മണ്ണിന്റെ ഫലപുഷ്ടി ഗണ്യമായ തോതിൽ വർദ്ധിക്കുന്നു.

തോട്ടത്തിന്റെ അതിരുകളിൽ ശീമക്കൊന്ന വെച്ച് പിടിപ്പിക്കുക

തെങ്ങിൻ തോട്ടത്തിൽ ശീമക്കൊന്ന വളർത്തുന്നത് ഗുണമേന്മയുള്ള നൈട്രജൻ സമ്പുഷ്ടമായ പച്ചിലവളം തോട്ടത്തിൽ തന്നെ ഉണ്ടാക്കാനുള്ള അനായാസ മാർഗ്ഗമാണ്. കമ്പുകൾ നട്ടോ വിത്ത് പാകിയോ ശീമക്കൊന്ന നട്ടുപിടിപ്പിക്കാവുന്നതാണ്. ഒരുമീറ്റർ നീളമുള്ള കമ്പുകളോ മൂന്നോ നാലോ മാസം പ്രായമായ തൈകളോ ഇതിനായി ഉപയോഗിക്കാം. വർഷകാലത്ത് നട്ടാൽ വേഗം വേരുപിടിച്ച് വളരും, ഒരു

ശീമക്കൊന്ന തെങ്ങിൻതോട്ടത്തിൽ നട്ടുപിടിപ്പിച്ചിരിക്കുന്നു

മീറ്റർ X ഒരുമീറ്റർ അകലത്തിൽ നടാവുന്നതാണ്. തെങ്ങിൻ തോട്ടത്തിന്റെ അതിരിൽ രണ്ട് വരി ശീമക്കൊന്ന നട്ടുപിടിപ്പിക്കാവുന്നതാണ്. കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനത്തിലെ പഠനം അനുസരിച്ച് രണ്ട് വരി തെങ്ങുകൾക്കിടയിൽ മൂന്ന് വരി ശീമക്കൊന്ന വളർത്തിയാൽ വർഷത്തിൽ മൂന്ന് പ്രാവശ്യം അതായത് ഫെബ്രുവരി, ജൂൺ, ഒക്ടോബർ മാസങ്ങളിൽ പച്ചിലവളം ശേഖരിക്കാൻ സാധിക്കും. ഒരു ഹെക്ടർ തോട്ടത്തിൽ നിന്ന് ലഭിക്കുന്ന ശീമക്കൊന്നയിൽ നിന്ന് തെങ്ങിന് 90 ശതമാനം പാക്യജനകവും 25 ശതമാനം ഭാവഹവും 15 ശതമാനം ക്ഷാരവും ലഭിക്കും.

തെങ്ങിൻ തോട്ടത്തിലെ ജൈവാവശിഷ്ടങ്ങൾ

ഒരു ഹെക്ടറിൽ 175 തെങ്ങുകളുള്ള തോട്ടത്തിൽ നിന്ന് ഓല, കോഞ്ഞാട്ട, കൊതുമ്പ്, കുലഞ്ഞിൽ, തൊണ്ട് എന്നിവയടക്കം 14 മുതൽ 16 ടൺ വരെ ജൈവാവശിഷ്ടങ്ങൾ ലഭിക്കും. ഇവയിൽ തൊണ്ട് പ്രധാനമായും കയറുൽപന്നങ്ങൾ ഉണ്ടാക്കാനാണ് ഉപയോഗിച്ച് വരുന്നത്. കയർ ഫാക്ടറികളിൽ ഉപോൽപന്നമായ ചകിരിച്ചോറ് ധാരാളമായി ലഭിക്കും. എതാണ്ട് 75 ലക്ഷം ടൺ ചകിരിച്ചോറ് ഇന്ത്യയിൽ ഇപ്രകാരം ലഭിക്കുന്നുവെന്നാണ് കണക്ക്. ഇന്ത്യയിലാകെയുള്ള 19.4 ലക്ഷം ഹെക്ടറോളം വരുന്ന തെങ്ങിൻ തോട്ടങ്ങളിൽ നിന്ന് പ്രതിവർഷം 154 ലക്ഷം ടണ്ണോളം ജൈവാവശിഷ്ടങ്ങൾ ലഭിക്കും. ലിഗ്നിൻ തുടങ്ങിയ ഘടകങ്ങളുള്ളതിനാൽ തെങ്ങിന്റെ ജൈവാവശിഷ്ടങ്ങൾ പ്രകൃത്യാ ജീർണ്ണിച്ച് കിട്ടാൻ വളരെ കാലതാമസം നേരിടും. തെങ്ങിന്റെ ജൈവാവശിഷ്ടങ്ങൾ ഫലപ്രദമായി പുനഃചംക്രമണം ചെയ്താൽ തെങ്ങിന് നൽകേണ്ട വളത്തിന്റെ ഗണ്യമായൊരു ഭാഗം ലഭ്യമാക്കാൻ സാധിക്കും.

മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കൽ

തെങ്ങിൻ തോട്ടങ്ങളിൽ ലഭ്യമാകുന്ന തെങ്ങിന്റെ ജൈവാവശിഷ്ടങ്ങളും ഇടവിളയായി കൃഷി ചെയ്യുന്ന വിളകളുടെ പ്രത്യേകിച്ച് വാഴയുടെ അവശിഷ്ടങ്ങളും ഉപയോഗിച്ച് യൂഡ്രിലസ് എന്നയിനം മണ്ണിരയെ ഉപയോഗപ്പെടുത്തി തോട്ടത്തിൽ തന്നെ മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കാൻ സാധിക്കും. നാല് തെങ്ങുകൾക്കിടയിൽ എടുത്തിട്ടുള്ള കുഴിയിൽ ജൈവാവശിഷ്ടങ്ങൾ ഉപയോഗിച്ച് മണ്ണിരകമ്പോസ്റ്റ് ഉണ്ടാക്കിയാൽ 90 ദിവസത്തിനുള്ളിൽ ശരാശരി 70 ശതമാനം കമ്പോസ്റ്റ് ലഭ്യമാകും. ഇത്തരം മണ്ണിരകമ്പോസ്റ്റിൽ 1.2 മുതൽ 1.8 ശതമാനം വരെ പാക്യജനകം, 0.1 മുതൽ 0.2 ശതമാനം വരെ ഭാവഹം, 0.2 മുതൽ 0.4 ശതമാനം വരെ ക്ഷാരം എന്നിവ അടങ്ങിയിട്ടു

യൂഡ്രിലസ് മണ്ണിരയെ ഉപയോഗിച്ച് തെങ്ങോലയെ കമ്പോസ്റ്റാക്കുന്നു

തെങ്ങോലകൾകൊണ്ട് പുതയിട്ടിരിക്കുന്നു

ണ്ട്. തെങ്ങിൻ തടത്തിൽ തന്നെയും മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാവുന്നതാണ്. ഇത് ഏറ്റവും ചെലവ് കുറഞ്ഞ രീതിയാണ്. കേരളത്തിൽ മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുവാൻ അനുയോജ്യമായ സമയം ജൂൺ – ആഗസ്റ്റ് മാസങ്ങളും സെപ്തംബർ – നവംബർ മാസങ്ങളുമാണ്. ചിപ്പിക്കൂൺ വളർത്താൻ ഉപയോഗിച്ച തെങ്ങിന്റെ ജൈവാവശിഷ്ടങ്ങളും മണ്ണിര കമ്പോസ്റ്റാക്കി മാറ്റാം. ഇപ്രകാരം തയ്യാറാക്കുന്ന മണ്ണിര കമ്പോസ്റ്റിൽ 1 മുതൽ 1.3 ശതമാനം

മണ്ണിര കമ്പോസ്റ്റ്

വരെ പാക്യജനകവും 0.08 മുതൽ. 0.13 ശതമാനം വരെ ഭാവഹവും ഇരുമ്പ്, ചെമ്പ്, നാകം, മാംഗനീസ് തുടങ്ങിയ സൂക്ഷ്മമൂലകങ്ങളും അടങ്ങിയിട്ടുണ്ട്. തെങ്ങിന്റെ ജൈവാവശിഷ്ടങ്ങൾക്ക് പുറമേ പൈനാപ്പിൾ, വാഴ തുടങ്ങിയവയുടെ അവശിഷ്ടങ്ങളും ശീമക്കൊന്ന ഇലകളും മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുവാൻ ഉപയോഗിക്കാവുന്നതാണ്.

മണ്ണിര കമ്പോസ്റ്റിൽ വെള്ളം കടത്തിവിട്ട് ലേയഘടകങ്ങൾ ദ്രവരൂപത്തിൽ ശേഖരിക്കാവുന്നതാണ്. വെർമിവാഷ് എന്നറിയപ്പെടുന്ന തേനിന്റെ നിറമുള്ള പ്രസ്തുത ദ്രാവകത്തിൽ പ്രധാനപ്പെട്ട പോഷകങ്ങളെല്ലാം ആവശ്യമായ തോതിൽ അടങ്ങിയിട്ടുണ്ട്. വളർച്ചയെ ഉത്തേജിപ്പിക്കുന്ന ഹോർമോണുകളും വെർമിവാഷിലുണ്ട്. ആവശ്യമായ തോതിൽ നേർപ്പിച്ച് ഇലകളിൽ തളിക്കുന്നതിന് ഇത് അനുയോജ്യമാണ്.

ചകിരിച്ചോറിൽ നിന്ന് കമ്പോസ്റ്റ്

ലിഗ്നിൻ അടങ്ങിയിട്ടുള്ളതിനാൽ ചകിരിച്ചോറ് പ്രകൃത്യാ ജീർണ്ണിച്ചുകിട്ടാൻ കാലതാമസം നേരിടും. എന്നാൽ പ്ലൂറോട്ടസ് എന്ന കുമിൾ ഉപയോഗിച്ച് ചകിരിച്ചോറിനെ വേഗത്തിൽ വിഘടിപ്പിച്ച് കമ്പോസ്റ്റാക്കി മാറ്റാം.

പുതയിടീൽ

തെങ്ങോലകൾ, തൊണ്ട്, ചകിരിച്ചോറ് എന്നിവ മണ്ണിൽ പുതയിടുന്നതിനും ഉപയോഗിക്കാം. മണ്ണിലെ ഈർപ്പം സംരക്ഷിച്ചു നിർത്തുന്നതിനും വേരു വളർച്ച മെച്ചപ്പെടുത്തുന്നതിനും ഉപകാരികളായ സൂക്ഷ്മാണുക്കളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും ഇത് സഹായിക്കുന്നു.

തൊണ്ട് കുഴിച്ചുമൂടുന്നത് ഈർപ്പസംരക്ഷണത്തിന് വളരെ ഫലപ്രദമായ മാർഗ്ഗമാണ്. തെങ്ങിൻെറ വരികൾക്കിടയിൽ ചാലുകളെടുത്ത് തൊണ്ട് കുഴിച്ച് മൂടുന്നത് വളരെ പ്രയോജനപ്രദമായ ഈർപ്പസംരക്ഷണമാർഗ്ഗമാണ്.

വർഷകാലത്തിന്റെ ആരംഭത്തിൽ തന്നെ തെങ്ങിന്റെ രണ്ട് വരികൾക്കിടയിൽ അരമീറ്റർ ആഴത്തിലും ഒന്നരമുതൽ 2 മീറ്റർ വരെ വീതിയിലും ചാലുകളെടുത്ത് അകവശം മുകളിലേക്ക് വരത്തക്കവണ്ണം തൊണ്ടുകൾ അടുക്കാം. ഓരോ അടുക്ക് കഴിയുമ്പോഴും മണ്ണിട്ട് മൂടണം. തെങ്ങിൻ തടത്തിൽ തന്നെ തൊണ്ടുകൾ കമിഴ്ത്തി അടുക്കാം. കുറച്ച് കാലത്തിനുശേഷം തൊണ്ടുകൾ മുഴുവനായും ദ്രവിച്ചുകഴിയുമ്പോൾ സസ്യപോഷകമൂലകങ്ങൾ, പ്രധാനമായും ക്ഷാരം തെങ്ങിന് ലഭിക്കുകയും ചെയ്യും.

കന്നുകാലി വളത്തിന്റെ ഉപയോഗം

തെങ്ങിൻ തോട്ടത്തിൽ കന്നുകാലികളെ വളർത്തുന്നത് വരുമാനവർദ്ധനവിന് മാത്രമല്ല കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും സഹായകമാകും. സമ്മിശ്രകൃഷിയിൽ കന്നുകാലി വളർത്തൽ, കോഴിവളർത്തൽ, താറാവ് കൃഷി, മീൻ കൃഷി, പുൽകൃഷി തുടങ്ങിയവ ഉൾപ്പെടുന്നു. ഇവയിൽ നിന്നുള്ള അവശിഷ്ടങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇവ നല്ലൊരു ജൈവവളസ്രോതസ്സാണ്. വിളകളുടെ അവശിഷ്ടങ്ങളും പുല്ലും കന്നുകാലികൾക്ക് തീറ്റയാകുമ്പോൾ അവയുടെ വിസർജ്ജ്യപദാർത്ഥങ്ങൾ സസ്യ

തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള സമ്മിശ്രകൃഷി

പോഷകമൂലകങ്ങളാൽ സമ്പുഷ്ടമായ ജൈവവളമായി മാറുന്നു. ഒരു ഹെക്ടർ തെങ്ങിൻ തോപ്പിൽ നിന്ന് ഒരുവർഷം 50 മുതൽ 60 ടണ്ണോളം വരെ സങ്കരനേപ്പിയർ, ഗിനിപ്പുൽ ഇനങ്ങൾ ലഭിക്കും. ഇതുപയോഗിച്ച് അഞ്ച് സങ്കരയിനം കറവപ്പശുക്കളെ വളർത്താവുന്നതാണ്. ഇതിൽ നിന്ന് ജൈവവളങ്ങളുടെ ആവശ്യം നടക്കുമെന്ന് മാത്രമല്ല, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ഗാർഹികാവശ്യത്തിനുള്ള ബയോഗ്യാസ് ഉത്പാദിപ്പിക്കുവാനും സ്ളറി തെങ്ങിനും ഇടവിളകൾക്കും വളമായി ഉപയോഗിക്കുവാനും സാധിക്കും.

ജീവാണുവളങ്ങളുടെ ഉപയോഗം

തെങ്ങിന്റെ വേരുപടലത്തിൽ ജൈവിക നൈട്രജൻ യൗഗികീകരണം നടത്തുന്ന ബാക്ടീരിയകളും ഫോസ്ഫേറ്റുകളെ ലയിപ്പിക്കുന്ന ബാക്ടീരിയകളും ഫംഗസുകളും വളരുന്നു. ഇത്തരം സൂക്ഷ്മാണുജീവികളെ വൻതോതിൽ വളർത്തി വികസിപ്പിച്ച് സുസ്ഥിരജൈവ തെങ്ങുകൃഷിക്കായി ജീവാണുവളങ്ങളാക്കി ഉപയോഗിക്കുന്നുണ്ട്. നൈട്രജൻ യൗഗികീകരണം നടത്തുന്ന *അസോസ്പിറില്ലം ബ്രാസിലെൻസ്*, ഫോസ്ഫേറ്റുകളെ ലയിപ്പിക്കുന്ന *ബാസില്ലസ് സബ്ടിലിസ്* എന്നിവയെ ജൈവതെങ്ങുകൃഷിയിൽ ഒരു തെങ്ങിന് 100 ഗ്രാം എന്ന തോതിൽ മറ്റ് ജൈവവളങ്ങൾക്കൊപ്പം മണ്ണിൽ ചേർത്ത് കൊടുക്കുന്നു. സസ്യവളർച്ച ത്വരിതപ്പെടുത്തുന്ന റൈസോബാക്ടീരിയ *സ്യൂഡോമോണസ് ഫ്ളൂറസെൻസ്, ബാസില്ലസ് സബ്ടിലിസ്* എന്നിവ തെങ്ങിൻ തൈകളുടെ വളർച്ച ത്വരിതപ്പെടുത്തി ആരോഗ്യപൂർണ്ണമാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ബാസിലസ് ഇനത്തിൽപെട്ട ബാക്ടീരിയകൾ വളർച്ചാ മെച്ചപ്പെടുത്തുന്നു

ഫ്ളൂറസെൻസ് തെങ്ങിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നു

മിശ്രവിളകളും സമ്മിശ്രകൃഷിയും അവലംബിക്കുന്ന തോട്ടങ്ങളിൽ സഹവിളകളുടെ ജൈവാവശിഷ്ടങ്ങൾ ഉണങ്ങിവീഴുന്നത് ജൈവികമായി വിഘടിക്കുന്നതിനാൽ ജീവാണുവളങ്ങളുടെ പ്രയോജനം കൂടുതൽ പ്രകടമാകുന്നു. കന്നുകാലികളുടെ വിസർജ്ജ്യ പദാർത്ഥങ്ങൾ കൂടിചേരുമ്പോൾ സൂക്ഷ്മാണുജീവികളുടെ പ്രവർത്തനം ത്വരിതപ്പെടുന്നു. ചാണകം ചേർത്ത് കൊടുക്കുമ്പോൾ തെങ്ങിന്റെ വേരുപടലത്തിൽ നൈട്രജൻ ശേഖരണത്തിനും ഫോസ്ഫേറ്റുകളെ ലയിപ്പിക്കുന്നതിനും അനുയോജ്യമായ ബാക്ടീരിയകളുടെ എണ്ണം വർദ്ധിക്കുന്നു.

വിള വൈവിദ്ധ്യത – തെങ്ങിൻ തോട്ടത്തിൽ ബഹുവിളക്കൃഷി

കേരാധിഷ്ഠിത കൃഷി സമ്പ്രദായത്തിൽ തെങ്ങ് വളരുന്ന അതേ സ്ഥലത്ത് തന്നെ മറ്റ് വിളകളും കൃഷി ചെയ്യാവുന്നതും കാലി വളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവയും അനുവർത്തിക്കാവുന്നതുമാണ്. ഇതുവഴി ഉത്പാദനക്ഷമത മാത്രമല്ല വരുമാനവും വർദ്ധിക്കുന്നു. 7.5 മീ x 7.5 മീ ഇടയകലത്തിൽ തെങ്ങുകൃഷി ചെയ്യുന്ന തോട്ടത്തിൽ 22 ശതമാനം സ്ഥലം മാത്രമേ തെങ്ങ് ഉപയോഗപ്പെടുത്തുന്നുള്ളൂ. അതിനാൽ തെങ്ങിൻ തോപ്പിൽ ഹ്രസ്വകാല, ദീർഘകാല വിളകൾ കൃഷിചെയ്യാവുന്നതാണ്.

ബഹുവിളകൃഷി സമ്പ്രദായം അനുവർത്തിക്കുന്ന തെങ്ങിൻ തോട്ടങ്ങളിൽ തെങ്ങിന്റെ ജൈവാവശിഷ്ടങ്ങൾക്ക് പുറമേ ഇടവിളകളുടെ ജൈവാവശിഷ്ടങ്ങൾകൂടി നമുക്ക് കിട്ടും. ഇവ മണ്ണിൽ ലയിച്ച് ചേർന്ന് മണ്ണിന്റെ ഫലപുഷ്ടി വർദ്ധിക്കുന്നു. മണ്ണിൽ സൂക്ഷ്മാണുജീവികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുകയും സസ്യവളർച്ചയ്ക്ക് പ്രയോജനപ്രദമാകുകയും ചെയ്യുന്നു.

ജൈവ കീട, രോഗ നിയന്ത്രണം

ജൈവതെങ്ങുകൃഷിയിൽ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് കീട, രോഗ നിയന്ത്രണത്തിനായി ജൈവിക നിയന്ത്രണ രീതികൾ അവലംബിക്കുക എന്നത്. പരിസ്ഥിതിക്കിണങ്ങിയതും കീടങ്ങളുടേയും രോഗാണുക്കളുടേയും സംഖ്യ പെരുകുന്നത് തടയുന്നതുമായ സസ്യസംരക്ഷണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് തെങ്ങുകൃഷിയിൽ ഒട്ടേറെ സാദ്ധ്യതകൾ ഉണ്ട്.

പ്രമുഖ കീട, രോഗങ്ങളും അവയുടെ ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും താഴെ പ്പറയുന്നു.

കൊമ്പൻ ചെല്ലി

- തോട്ടം വൃത്തിയായി സൂക്ഷിക്കുക
- ചെല്ലിയുടെ ആക്രമണം കണ്ടാൽ ചെല്ലിക്കോൽ ഉപയോഗിച്ച് കുത്തിയെടുക്കുക
- കൂമ്പോലയ്ക്ക് അടുത്തുള്ള മൂന്ന് തെങ്ങോലകളുടെ മടലുകൾക്കിടയിൽ പാറ്റഗുളികകൾ വെച്ച് മണൽ കൊണ്ട് മൂടുക
- വളക്കുഴികളിലും ചെല്ലി മുട്ടയിടാൻ സാദ്ധ്യതയുള്ളിടങ്ങളിലും പെരുവലം എന്ന ചെടി പറിച്ച് ചേർക്കുകയോ മെറ്റാറൈസിയം അനിസോപ്ലിയ എന്ന ശാസ്ത്രനാമമുള്ള ഗ്രീൻമസ്ക്കാർഡൈൻ ഫംഗസിനെ ഉപയോഗിക്കുകയോ ചെയ്യുക

പട്ടിക 1. തെങ്ങുകളുടെ പ്രായവും കൃഷി ചെയ്യാവുന്ന വിളകളും

തെങ്ങിന്റെ പ്രായം	സൂര്യപ്രകാശ ലഭ്യത	അനുയോജ്യ വിളകൾ
ആദ്യഘട്ടം - എട്ടാം വർഷം വരെ	നല്ല സൂര്യപ്രകാശം, തെങ്ങ് വളരുന്നതോടൊപ്പം കുറയുന്നു	വാർഷിക / ദ്വൈവാർഷിക വിളകൾ
രണ്ടാം ഘട്ടം- 8–25 വർഷം	തണൽ കൂടുതൽ, സൂര്യപ്രകാശം കുറവ്	അത്ര അനുയോജ്യമല്ല. തണൽ ഇഷ്ടപ്പെടുന്ന വിളകൾ കൃഷി ചെയ്യാം.
മൂന്നാം ഘട്ടം - 25 വർഷത്തിലധികം	ഉയരം കൂടിയ തെങ്ങുകൾ. സൂര്യപ്രകാശം കൂടുതലായി ലഭിക്കുന്നു.	ദീർഘകാല മിശ്രവിളകൾ

- ബാക്കുലോ വൈറസ് ഒറിക്ടസ് എന്നയിനം വൈറസ് രോഗബാധ യേൽപ്പിച്ച ചെല്ലികളെ ഹെക്ടറിന് 10-15 എണ്ണം എന്ന നിരക്കിൽ തുറന്ന് വിടുക.

ചെമ്പൻ ചെല്ലി

- തോട്ടം വൃത്തിയായി സൂക്ഷിക്കുക
- കൂമ്പോലയ്ക്ക് സമീപമുള്ള മൂന്ന് ഓലകളുടെ മടലുകൾക്കിടയിൽ പാറ്റാ ഗുളികകൾ വെച്ച് മണൽകൊണ്ട് മൂടുക
- പച്ചോല മടലുകൾ നെടുകെ മുറിച്ച് അതിൽ കള്ളോ പൈനാപ്പിൾ ചാറോ, കരിമ്പിൻ നീരോ യീസ്റ്റ് കലർത്തി പുരട്ടി ചെല്ലിക്ക് കെണിയൊരുക്കാവുന്നതാണ്.
- പ്രാദേശികമായി ഫിറമോൺ കെണി സ്ഥാപിച്ച് ചെല്ലിയെ ആകർഷിച്ച് പിടിച്ച് കൊല്ലാവുന്നതാണ്.

തെങ്ങോലപ്പുഴു

- കീടാക്രമണമുള്ള ഓലകൾ വെട്ടിമാറ്റി കത്തിച്ചുകളയുക
- *ഗോണിയോസസ് നെഫാന്റിഡിസ്, ബ്രാക്കോൺ ബ്രെവിക്കോർണിസ്, എലാസ്മസ് നെഫാന്റിഡിസ്, ബ്രാക്കിമേറിയ നൊസട്ടോയ്* തുടങ്ങിയ എതിർപ്രാണികളെ തുറന്ന് വിടുക

പൂക്കുലച്ചാഴി

- പുതുതായി വിരിഞ്ഞ പൂങ്കുലകളിൽ വേപ്പധിഷ്ഠിത ജൈവകീടനാശിനി പ്രയോഗിക്കുക

മണ്ഡരി

- കീടബാധിത തെങ്ങിൽ നിന്ന് കൊഴിയുന്ന വെള്ളയ്ക്കകൾ പെറുക്കിയെടുത്ത് നശിപ്പിക്കുക
- 2 ശതമാനം വീര്യത്തിൽ തയ്യാറാക്കിയ വേപ്പെണ്ണ - വെളുത്തുള്ളി - സോപ്പ് മിശ്രിതമോ 0.004 ശതമാനം വീര്യമുള്ള അസാഡിറാക്ടിൻ എന്ന കീടനാശിനിയോ തേങ്ങാക്കുലകളിൽ തളിക്കുക

കൂമ്പ് ചീയൽ

- ചീയൽ ബാധിച്ച ഭാഗങ്ങൾ ചെത്തി മാറ്റി വൃത്തിയായി സൂക്ഷിക്കുക
- 2 ശതമാനം വീര്യമുള്ള ബോർഡോ പേസ്റ്റ് മണ്ടയിൽ പുരട്ടുക. ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കൂമ്പോലയിലും മണ്ടയിലും തളിക്കുക
- പര്യാപ്തമായ തോതിൽ നീർവാർച്ച സൗകര്യം ഒരുക്കുക

കാറ്റുവീഴ്ച

- മറ്റെല്ലാ രോഗ, കീടങ്ങൾക്കുമുള്ള പ്രതിരോധ നടപടികൾ കർശനമായി സ്വീകരിക്കുക
- പച്ചില വളച്ചെടികൾ തടങ്ങളിൽ വളർത്തി പിഴുത് ചേർക്കുകയും ആവശ്യമായ തോതിൽ ജൈവവളങ്ങൾ നൽകുകയും ചെയ്യുക

ഓലചീയൽ

- തെങ്ങിൻ മണ്ടയിലെ ചീയൽ ബാധിച്ച ഓലകളും സമീപത്തുള്ള രണ്ട് ഓലകളും വെട്ടിമാറ്റുക
- മണ്ടയിലും ഓലകളിലും ഒരു ശതമാനം ബോർഡോമിശ്രിതം തളിക്കുക

ചെന്നീരൊലിപ്പ്

- വെള്ളക്കെട്ട് ഒഴിവാക്കുക, ശുപാർശ ചെയ്തിട്ടുള്ള അളവിൽ ജൈവ വളങ്ങൾ നൽകി തെങ്ങിന്റെ ആരോഗ്യം സംരക്ഷിക്കുക
- തെങ്ങിൻ തടത്തിൽ ഒരു തെങ്ങിന് 5 കി.ഗ്രാം എന്ന നിരക്കിൽ വേപ്പിൻ പിണ്ണാക്ക് മറ്റ് ജൈവവളങ്ങൾക്കൊപ്പം പ്രയോഗിക്കുക
- രോഗനിയന്ത്രണത്തിനായി *ട്രൈക്കോഡെർമ ഹമാറ്റം, ട്രൈക്കോഡെർമ ഹർസിയേനം* എന്നീ മിത്രകുമിളുകളെ ഉപയോഗിക്കുക

കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നടത്തിയ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ തടത്തിൽ മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുകയും ജീവാണു വളങ്ങളുടെ ഉപയോഗവും തോട്ടപയർ ആവരണ വിളയായി കൃഷി ചെയ്തതും വഴി 35 വയസ് പ്രായമുള്ള ഡിxടി (ചന്ദ്രശങ്കര) തെങ്ങിൽ നിന്ന് വർഷത്തിൽ 137 തേങ്ങയും പശ്ചിമതീര നെടിയ ഇനത്തിൽ നിന്ന് 106 തേങ്ങയും ലഭിച്ചതായി കണ്ടു.

ജൈവരീതിയിൽ ഉത്പാദിപ്പിക്കുന്ന നാളികേരം അടക്കമുള്ള ഉൽപന്നങ്ങളുടെ ഡിമാൻഡ് വർദ്ധിച്ചുവരുന്നതിനാലും ആകർഷകമായ വില ലഭിക്കുന്നതിനാലും കേരാധിഷ്ഠിത കൃഷിരീതിയിൽ ജൈവകൃഷിക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ഫലപ്രദമായ ജൈവ പുനഃചംക്രമണം സാദ്ധ്യമാക്കുന്നതിന് ധാരാളം ജൈവാവശിഷ്ടങ്ങൾ തെങ്ങിൻതോപ്പിൽ ലഭ്യമാകുന്നത് കൊണ്ടുതന്നെ ജൈവകൃഷി പ്രായോഗികമാക്കുന്നതിന്റെ സാദ്ധ്യതകൾ വർദ്ധിക്കുന്നു. അതുപോലെ തെങ്ങിനെ അടിസ്ഥാനമാക്കിയുള്ള ബഹുവിള, സമ്മിശ്ര കൃഷി മാതൃകകളും മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുന്നതിനും ഉപകാരികളായ സൂക്ഷ്മാണുക്കളുടെ വൈവിദ്ധ്യവും പ്രവർത്തനവും ശക്തിപ്പെടുത്തുന്നതിനും സഹായകരമാണ്. മണ്ണിന്റെ സ്വാഭാവിക ഫലപുഷ്ടിയേയും ഭൗതിക സ്വഭാവത്തേയും തകിടം മറിക്കാത്തതും പരിസ്ഥിതി സന്തുലനത്തെ പ്രതികൂലമായി ബാധിക്കാത്തതുമായ വിളപരിപാലനരീതികൾ അനുവർത്തിക്കാൻ തെങ്ങുകൃഷിയിൽ വിപുലമായ സാദ്ധ്യതകളുണ്ട്. കേരാധിഷ്ഠിത കൃഷിരീതിയിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന നാളികേരോത്പാദക സംഘങ്ങൾ വഴി ജൈവരീതിയിലുള്ള തെങ്ങിന്റേയും മറ്റു വിളകളുടേയും കൃഷി കൂടുതൽ അർത്ഥവത്തായ രീതിയിൽ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കും

ജൈവോത്പാദനത്തിന്റെ മാർഗ്ഗരേഖ ഉപയോഗിച്ച് സർട്ടിഫിക്കേഷനെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയും സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ആവശ്യമായ നടപടികളെടുക്കുകയും ചെയ്താൽ ജൈവ തെങ്ങുകൃഷി അനായാസം യാഥാർത്ഥ്യമാക്കാനാകും. ജൈവതെങ്ങുകൃഷിയുടെ അനന്തസാദ്ധ്യതകൾ കൈവരിക്കാൻ കർഷക പങ്കാളിത്തത്തോടെയുള്ള പരിശീലന പരിപാടികൾ അത്യാവശ്യമാണ്. ജൈവകൃഷി അവലംബിച്ചുതുടങ്ങുന്ന ഘട്ടത്തിൽ വിളവിലുണ്ടാകാനിടയുള്ള കുറവും മറ്റ് കാർഷിക ചെലവുകളും വഹിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായത്തിന്റെ ആവശ്യകതയും നേരിടേണ്ടിവരുന്നു. ജൈവഉൽപന്നങ്ങൾക്കുള്ള വിപണന സാദ്ധ്യതകളും വിപണി കണ്ടെത്തുന്നതിനാവശ്യമായ സഹായങ്ങളും കർഷകരിൽ എത്തിക്കേണ്ടതും പ്രാധാന്യമർഹിക്കുന്നു.

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം,
കാസർഗോഡ് - 671124

കൃഷിയിടങ്ങളിലെ നൂതന കാർഷിക തന്ത്രങ്ങൾ

വി. കൃഷ്ണകുമാർ

കാർഷികോൽപന്നങ്ങളുടെ ഉത്പാദനത്തിലും കർഷകർക്ക് ലഭ്യമായ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനും നൂതന കാർഷിക ആവിഷ്ക്കാരങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നു. ഗവേഷണ വികസന സ്ഥാപനങ്ങൾ വികസിപ്പിച്ച് കൈമാറ്റം ചെയ്യുന്ന നൂതന സാങ്കേതിക വിദ്യകളിൽ നിന്നും ശാസ്ത്രീയ കൃഷി പരിപാലന മുറകളിൽ നിന്നും വ്യത്യസ്തമായി ചില കർഷകരും ഗ്രാമീണ യുവജനങ്ങളും വികസിപ്പിച്ചെടുത്തിട്ടുള്ള താഴെത്തട്ടിലുള്ള സാങ്കേതികവിദ്യകളും കൃഷിരീതികളും കർഷകസമൂഹത്തിന് ഗണ്യമായ പ്രയോജനം ചെയ്യാൻ കഴിയുന്നവയാണ്. ചില കേരകർഷകർ തെങ്ങിൻ തോട്ടത്തിൽ നടപ്പിലാക്കിവരുന്ന നൂതനമായ ചില ആശയങ്ങൾ നമുക്ക് പരിചയപ്പെടാം.

മണ്ണിന്റെ ഈർപ്പ സംരക്ഷണവും ജലസേചനവും

ഭൂമാതാവിന്റെ അസീമമായ ജലസമ്പത്തിന്റെ ശക്തി മനസ്സിലാക്കിയ പൊള്ളാച്ചിയിലെ ശ്രീ. ഗോപാലകൃഷ്ണൻ തന്റെ തെങ്ങിൻ തോട്ടത്തിലെ ഭൂഗർഭജല സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള ഉപായം തേടി. തോട്ടത്തിൽ ചാലുകീറി മഴവെള്ളം ശേഖരിച്ചാൽ അത് ഭൂമിയ്ക്കടിയിലേക്ക് ഇറങ്ങുമെന്നും അപ്രകാരം മഴവെള്ളം ഒഴുകി പാഴായിപ്പൊകാതെ തടയാൻ കഴിയുമെന്നും അദ്ദേഹം മനസ്സിലാക്കി. ഇതുവഴി മണ്ണൊലിപ്പ് തടയാനും മണ്ണിന്റെ ഫലപുഷ്ടി മെച്ചപ്പെടുത്താനും കഴിയുന്നു. രണ്ടുവരി തെങ്ങുകൾക്കിടയിൽ സൗകര്യപ്രദമായ നീളത്തിൽ ഒരു മീറ്റർ വീതിയും ഒരു മീറ്റർ ആഴവുമുള്ള ചാലുകീറി മുക്കാൽ ഭാഗത്തോളം ഉണങ്ങിയ തെങ്ങോലകളും കരിയിലകളും കൊണ്ട് നിറയ്ക്കുന്നു. ചാലുകളിൽ ശേഖരിക്കുന്ന വെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങാൻ ഇത് സഹായകമായി. ചാലുകളിൽ കരിയിലകൾ നിറയ്ക്കേണ്ടത് അനിവാര്യമാണെന്നും അതല്ലെങ്കിൽ കൊതുകുകൾ വളരാൻ ഇടയാകുമെന്നും ഗോപാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു. ഇത്തരത്തിലുള്ള ചാലുകൾ തോട്ടം മുഴുവനും നിർമ്മിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ തോട്ടം വളരെയേറെ ഫലഭൂയിഷ്ഠമാണ്. ചാലുകളിൽ വാഴയും കൊക്കോയും കൃഷി ചെയ്തിരിക്കുന്നത് വഴി കൂടുതൽ വരുമാനവും ലഭിക്കുന്നു.

തെങ്ങിൻ തടിയിൽ ചുറ്റിക്കെട്ടിയിരിക്കുന്ന പിവിസി പൈപ്പുകൾ വഴിയാണ് ഗോപാലകൃഷ്ണൻ തെങ്ങിന് ജലസേചനം നടത്തുന്നത്. ഇത്തരത്തിലുള്ള ജലസേചനം വഴി തെങ്ങിന് ആവശ്യമുള്ളത്ര അളവിലുള്ള വെള്ളം മാത്രമേ ലഭിക്കുന്നുള്ളൂ. മാത്രമല്ല, ജലനഷ്ടം ഒഴിവാക്കുകയും വിളവിൽ 60 ശതമാനം മുതൽ 70 ശതമാനം വരെ വർദ്ധനയുണ്ടാകുകയും ചെയ്യും. ഇതിൽ ചില മാറ്റങ്ങൾ വരുത്തിയാൽ വളങ്ങളും ഇതുവഴി നൽകാൻ കഴിയും.

ജി.എസ്. ഗിദ്ദെഗൗഡ കർണ്ണാടകയിലെ ഹസ്സനിലുള്ള ഒരു സ്കൂൾ അദ്ധ്യാപകനാണ്. ജലസംരക്ഷണമാർഗ്ഗങ്ങൾ ഫലപ്രദമായി വിനിയോഗിച്ചിരിക്കുകയാണ് അദ്ദേഹത്തിന്റെ സുവർണ്ണ ഫാമിൽ. ഒൻപത് മീറ്റർ ഇടയകലത്തിലാണ് ഇവിടെ തെങ്ങുകൾ നട്ടിരിക്കുന്നത്. ഓരോ വരിയിലെയും തെങ്ങുകൾക്ക് 2.5 മീറ്റർ വീതിയിൽ തടം എടുത്തിട്ടുണ്ട്. ഇത്തരം തടങ്ങളിലെല്ലാം രണ്ട് തെങ്ങുകൾക്കിടയിലായി ഊറ്റ് കുളങ്ങൾ നിർമ്മിച്ചിരിക്കുന്നു. ഇത് ഭൂഗർഭ ജല സംരക്ഷണത്തിന് സഹായകരമാകുന്നു. രണ്ട് വരി തെങ്ങുകൾക്കിടയിലായി ഊറ്റുകുളങ്ങൾക്ക് നേർരേഖയിൽ വരത്തക്ക വണ്ണം ഒരുനിര സപ്പോട്ട മരങ്ങൾ വെച്ച് പിടിപ്പിച്ചിട്ടുണ്ട്. ഈ രീതിയിൽ മണ്ണും ജലവും സംരക്ഷിക്കാനും തെങ്ങിന്റെ ചുവട്ടിലെ മണ്ണിലെ ഈർപ്പം സംരക്ഷിക്കാനും സാധിക്കുമെന്നാണ് ഗിദ്ദെഗൗഡയുടെ അഭിപ്രായം. നൂതന കാർഷിക രീതിയിലൂടെ ഗൗഡയ്ക്ക് ഒരു തെങ്ങിൽ നിന്ന് ശരാശരി 150 മുതൽ 200 വരെ തേങ്ങ ലഭിക്കുന്നു.

സംയോജിതകൃഷി

ശ്രീ.എം. ബാബുവിന്റെ ഒന്നരയേക്കർ തെങ്ങിൻതോട്ടം കായംകുളത്തെ ഗോവിന്ദമുട്ടത്താണ്. തെങ്ങിൻ തോപ്പിൽ ചില നൂതന സംയോജിത കൃഷി രീതികൾ അവലംബിച്ചതിനാൽ ബാബുവിന് വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ഇടവിളയായി തെങ്ങിൻ തോപ്പിൽ വാഴ കൃഷി ചെയ്യുന്നുണ്ട്. 2005ൽ നൂറ് വാഴകളാണ് നട്ടത്. വാഴയില വിൽക്കുന്നതിലൂടെയാണ് ബാബു വരുമാനം ഉണ്ടാക്കുന്നത്. ചില

ചാലുകളിൽ ഉണങ്ങിയ തെങ്ങോലകൾ നിറച്ചിരിക്കുന്നു

ജലസേചനത്തിനായി തെങ്ങിൻതടിയിൽ ചുറ്റികെട്ടിയ പിവിസി പൈപ്പുകൾ

പ്പോഴെല്ലാം വാഴകളുടെ എണ്ണം 1500 വരെയായി ഉയർന്നിട്ടുണ്ട്. അതിരാവിലെയാണ് ബാബു വാഴയില മുറിക്കുന്നത്. 30 സെമി നീളത്തിൽ ഇലയുടെ തുഞ്ചറ്റം മാത്രമാണ് മുറിച്ചെടുക്കുന്നത്. വാഴയിലയുടെ പ്രകാശസംശ്ലേഷണത്തിനാവശ്യമായ ഭാഗം നിലനിർത്തുന്നതിനാൽ ഇലവെട്ടുന്നത് വിളവിനെ പ്രതികൂലമായി ബാധിക്കില്ലെന്നാണ് ബാബുവിന്റെ അഭിപ്രായം. ശരാശരി 18 കി.ഗ്രാം തൂക്കം വരുന്ന കുലകൾ വരെ വിളവെടുക്കാറുണ്ട്. സമീപത്തുള്ള കാറ്ററിംഗ് യൂണിറ്റിന് ഇലയൊന്നിന് ഒരു രൂപ നിരക്കിലാണ് വിൽപ്പന; ആഴ്ചയിൽ 2000 രൂപയോളം വരുമാനം ലഭിക്കുന്നു.

ഇതിനുപുറമേ, താറാവുകളേയും വളർത്തുന്നുണ്ട്. തോട്ടത്തിലെ കുളത്തിന് 3 മീറ്റർ മുകളിലായാണ് താറാവിന്റെ കൂട് നിർമ്മിച്ചിരിക്കുന്നത്. 22 സെന്റ് വലിപ്പമുള്ള കുളത്തിൽ മീൻ വളർത്തലുമുണ്ട്. താറാവുകൾക്ക് സൗകര്യപ്രദമായ സ്ഥിതി വിശേഷമെന്നതിനുപുറമേ കൂട് വൃത്തിയായുമിരിക്കുന്നു. താറാവിന്റെ വിസർജ്ജ്യവും കൂട് വൃത്തിയാക്കുമ്പോഴുള്ള ജലവും കുളത്തിൽ വീഴുന്നതിനാൽ കുളത്തിൽ വളരുന്ന സസ്യങ്ങൾക്ക് വളമായി മാറുന്നു. ഇത്തരം സസ്യങ്ങൾ കുളത്തിലെ ഓക്സിജന്റെ തോത് വർദ്ധിപ്പിക്കുകയും മീനുകൾക്ക് വളരാൻ അനുയോജ്യമായ പരിസ്ഥിതി ഒരുക്കുകയും ചെയ്യുന്നു. ഇതേ കുളത്തിലാണ് താറാവ് നീന്തുന്നതും. അസോളയും കൃഷി ചെയ്യുന്നുണ്ട് ബാബു. അവ താറാവിനും കോഴികൾക്കും മീനിനും തീറ്റയാകുന്നു. 'കൈരളി പുരുഷ സ്വയംസഹായ സംഘ'ത്തിലെ സജീവ അംഗമായ ബാബു പ്രദേശത്തെ മാതൃക കർഷകനും മറ്റ് കർഷകർക്ക് പ്രേരണ സ്രോതസ്സുമാണ്. സംയോജിത കൃഷിയിലെ സംഭാവനകൾ കണക്കിലെടുത്ത് ആലപ്പുഴ ജില്ലയിലെ 'കർഷക ശ്രേഷ്ഠ 2011' അവാർഡ് നൽകി ബാബുവിനെ ആദരിച്ചിട്ടുണ്ട്.

ജാതിയിൽ നിന്ന് പത്ത് പതിനഞ്ച് വർഷത്തെ നിരീക്ഷണ പരീക്ഷണങ്ങൾക്ക് ശേഷം മികച്ചയിനം ജാതി ഉരുത്തിരിച്ചെടുത്ത കോഴിക്കോട് കല്ലാനോട്ടെ ശ്രീ. സജി മാത്യു വർഷങ്ങളേറെയായി തന്റെ തെങ്ങിൻതോപ്പിൽ സമ്മിശ്രവിളയായി ജാതി കൃഷി ചെയ്തുവരികയണ്. 10 ഗ്രാം തുക്കമുള്ള ജാതിക്കയും 3 ഗ്രാം തൂക്കമുള്ള ജാതി പത്രിയും ലഭിക്കുന്ന ഈ ഇനത്തിന് വിപണിയിൽ നല് പ്രിയമുണ്ട്. നാടൻ ജാതിക്കയ്ക്ക് കിലോഗ്രാമിന് 180 രൂപയും പത്രിക്ക് 600 മുതൽ 750 രൂപവരേയും ലഭിക്കുമ്പോൾ പുതിയ ഇനത്തിന് യഥാക്രമം 260 രൂപയും 1120 രൂപയും ലഭിക്കുന്നു. സജി ഈ ഇനത്തിന് തന്റെ മകളുടെ പേരാണ് നൽകിയിരിക്കുന്നത്, 'നോവ'.

എട്ട് വർഷം പ്രായമുള്ള നോവയിൽ നിന്ന് 2000 ലധികം കായ്കൾ ലഭിക്കുന്നുണ്ട്. തോട്ടത്തിലെ വിളവ് കുറഞ്ഞ മരങ്ങളിൽ നോവയുടെ മുകുളങ്ങൾ ഒട്ടിക്കുന്നതിൽ സജി വിജയം കണ്ടു കഴിഞ്ഞു. ഒക്ടോബർ-നവംബർ മാസങ്ങളാണ് ഒട്ടിക്കുന്നതിന് ഏറ്റവും അനുയോജ്യമായ കാലമെന്ന് സജി സാക്ഷ്യപ്പെടുത്തുന്നു. ഇപ്പോൾ ഒന്നുമുതൽ 12 വർഷം വരെ പ്രായമുള്ള 100 ബഡ് ചെയ്ത ജാതിമരങ്ങൾ സജിയുടെ തോട്ടത്തിലുണ്ട്. ബഡ് ചെയ്ത മരങ്ങളുടെ താഴെ പരാഗണവും കായ്പിടുത്തവും ഉറപ്പ് വരുത്തുന്നതിനായി ഒന്ന്, രണ്ട് ആൺ ശിഖരങ്ങൾ നിലനിർത്തുന്നുണ്ട് സജി.കഴിഞ്ഞ ആറേഴ് വർഷത്തിനുള്ളിൽ കേരളത്തിലെ 5 ജില്ലകളിലായി നൂറോളം കർഷകർക്ക് 1500 ഓളം ഗ്രാഫ്റ്റുകൾ വിൽപ്പന നടത്തിയിട്ടുണ്ട്.

സജി ജാതി തോട്ടത്തിൽ

മീൻ വളർത്തുന്ന കുളത്തിനു മുകളിൽ താറാവിന്റെ കൂട്

ബഡ് ചെയ്ത ജാതിമരം

ജൈവ തെങ്ങുകൃഷി

കോയമ്പത്തൂർ ജില്ലയിൽ സെയിന്തൻപാളയത്താണ് ശ്രീ. രവിയുടെ 70 ഏക്കറിലുള്ള ജൈവ തെങ്ങിൻ തോട്ടം ഇക്കോഫാം. ഫാമിലെ ചില തെങ്ങിനങ്ങൾ ശ്രീലങ്കൻ കുറിയയിനത്തിൽപ്പെട്ടവയാണ്. തെങ്ങിൻ തോപ്പിൽ നിന്നും ലഭിക്കുന്ന ജൈവാവശിഷ്ടങ്ങളെല്ലാംതന്നെ ഉപയോഗിച്ച് തോട്ടത്തിൽ മണ്ണിരകമ്പോസ്റ്റ് നിർമ്മിക്കുന്നു. ഓരോ മാസത്തിലും 10 ടണ്ണോളം കമ്പോസ്റ്റാണ് ഉത്പാദിപ്പിക്കുന്നത്. ഇത് ഓരോ തെങ്ങിനും 60 കി.ഗ്രാം വീതം നൽകുന്നു. എഴുപത്തിയഞ്ച് കന്നുകാലികളേയും വളർത്തുന്നുണ്ട്. കാലിത്തീറ്റയ്ക്കായി ആറേക്കർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യുന്നുണ്ട്. തെങ്ങുകൾക്കിടയ്ക്ക് ഉണ്ടാക്കിയിട്ടുള്ള ചാലിൽ തെങ്ങോലകൾ ഇട്ട് മൂടുന്നു. 45 ദിവസത്തിലൊരിക്കൽ തേങ്ങയിടുന്നു; കരാർ കയറ്റക്കാരാണ് തെങ്ങുകയറുന്നത്. ശരാശരി ഒരു തെങ്ങിൽ നിന്ന് 180 തേങ്ങ ലഭിക്കുന്നുണ്ട്. തോട്ടത്തിൽ ജലസേചനത്തിനായി ഏഴ് കുഴൽ കിണറുകളും രണ്ട് കിണറുകളും കുഴിച്ചിട്ടുണ്ട്. തോട്ടം മുഴുവൻ ഓരോ ഭാഗങ്ങളായി തിരിച്ച് ഓരോ ഭാഗവും പ്രത്യേകം നനയ്ക്കുകയാണ് ചെയ്യുന്നത്. എല്ലാ തെങ്ങിനും ഒരു മണിക്കൂറിനുള്ളിൽ നനയ്ക്കാൻ സാധിക്കും. തോട്ടത്തിലെ ഏറെക്കുറെ എല്ലാ പ്രവർത്തനങ്ങളും യന്ത്രവൽക്കരിച്ചിരിക്കുകയാണ് ഇവിടെ.

ശ്രീ. എം. മുഹമ്മദിന്റേയും ശ്രീമതി. ഷക്കീല മുഹമ്മദിന്റേയും മലപ്പുറത്തെ തിരൂരിലുള്ള നാല് ഹെക്ടർ തെങ്ങിൻ തോട്ടം ബഹുവിള കൃഷിരീതികൊണ്ടും കൃഷിയിടത്തിലെ സംസ്ക്കരണം കൊണ്ടും ഉൽപന്നങ്ങൾ മൂല്യവർദ്ധന നടത്തി വിപണനം ചെയ്യുന്നതുകൊണ്ടും സമകാലീന കാർഷിക സ്ഥിതിവിശേഷത്തിൽ വേറിട്ട് നിൽക്കുന്നു. നിരവധിതരം രാസവളങ്ങൾ മുഹമ്മദ് തോട്ടത്തിൽ തന്നെ നിർമ്മിക്കുന്നു. സസ്യപോഷണത്തിന് ആവശ്യമായ ഇഎം-2, ഇഎം-5 എന്നീ ലായനികൾ മുഹമ്മദ് തന്നെ തയ്യാറാക്കുന്നു. നേർപ്പിച്ച ഇഎം ലായനികൾ സസ്യങ്ങളിൽ തളിക്കുന്നത് കീടാക്രമണത്തിൽ നിന്ന് സംരക്ഷിക്കുമെന്ന് അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. നാടൻ കോഴിയുടെ മുട്ടയും ചുണ്ണാമ്പും ശർക്കരയും ചേർത്തുണ്ടാക്കിയ ഒരു കൂട്ട് സസ്യവളർച്ച ത്വരിതപ്പെടുത്തുവാൻ സഹായകരമാണ്. തെങ്ങിൻ തോട്ടം സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിയ നൂതന സമീപനങ്ങൾ അവരെ 2008ലെ കർഷകശ്രീ വിജേതാക്കളാക്കിത്തീർത്തു.

പാലക്കാട് മങ്കരയിലുള്ള ശ്രീ. കെ. സൂര്യനാരായണൻ കഴിഞ്ഞ ഇരുപത് വർഷത്തോളമായി തന്റെ 18 ഏക്കർ തെങ്ങിൻ തോട്ടത്തിൽ ജൈവകൃഷിരീതികളാണ് അവലംബിച്ചുവരുന്നത്. കളകൾ 75 സെ. മീറ്ററോളം ഉയരത്തിൽ വളരാൻ അനുവദിച്ചതിനുശേഷം അവയെ പിഴുത് താഴെയിടുന്നു. തെങ്ങോലകൾ കളകൾക്ക് മുകളിലിട്ട് മൂടി അവയെ ചീയിക്കുന്നു. ഓരോ വർഷവും രണ്ടുപ്രാവശ്യമാണ് ഇങ്ങനെ ചെയ്യുന്നത്. പലതരത്തിലുള്ള പുല്ലുകൾ ചീഞ്ഞ് മണ്ണിൽ ഭാവഹവും പയർ ചെടികൾ പാക്യജനകവും മറ്റ് കളകൾ ക്ഷാരവും മണ്ണിൽ ചേർക്കുന്നതായിട്ടാണ് സൂര്യനാരായണന്റെ അനുഭവം. മണ്ണിൽ വെയിൽ അടിക്കാത്തതിനാൽ മണ്ണിൽ നിന്ന് ഈർപ്പവും നഷ്ടപ്പെടുന്നില്ല. അദ്ദേഹം തൊണ്ട് നിരത്തുന്നുണ്ട് തോട്ടത്തിൽ. കുറേക്കാലത്തേക്ക് തോട്ടം മുഴുവൻ തൊണ്ട് കൊണ്ട് മൂടിയിടുന്നു. ഈ രീതി മുഖേന മണ്ണിലെ ഈർപ്പം സംരക്ഷിക്കപ്പെടുകയും മണ്ണിലെ താപനില ഉയരാതെ സൂക്ഷിക്കുകയും നല്ല മഴക്കാലത്ത് മണ്ണ് ഒലിച്ചുപോകാതിരിക്കുകയും ചെയ്യുന്നു. ശ്രീ. സൂര്യനാരായണന്റെ നൂതന കാർഷിക തന്ത്രങ്ങളെ സംസ്ഥാനസർക്കാർ കേരകേസരി (2004-05) അവാർഡ് നൽകി ആദരിച്ചു.

തെങ്ങ് വെട്ടി റബ്ബർ പിടിപ്പിക്കുന്ന ഇക്കാലത്ത് കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിലുള്ള ആനക്കാംപൊയിൽ ശ്രീ. എം.എം. ഡൊമിനിക് ശ്രദ്ധേയനാകുന്നത് പുതിയതായി തെങ്ങ് വെച്ചതിലൂടെയാണ്. പിന്നീട് ഇടവിളക്കൃഷി ചെയ്യാനായി പുതിയ സ്ഥലത്ത് 12 മീറ്റർ ഇടയകലം നൽകിയാണ് ഡൊമിനിക് തെങ്ങ് വെച്ചത്. ജെസിബി ഉപയോഗിച്ച് പാറക്കല്ലുകൾ എടുത്ത് മാറ്റി 3 മീറ്റർ വ്യാസവും ഒരു മീറ്റർ ആഴവുമുള്ള കുഴികളാണ് ഉണ്ടാക്കിയത്. തെങ്ങിൻതൈ വേഗത്തിൽ വേരുപിടിച്ച് വളരുന്നതിനും കായ്ക്കുന്നതിനും ഇത് വഴിയൊരുക്കുമെന്നാണ് ഡൊമിനിക്കിന്റെ അനുഭവം. കുഴികൾ മൂടിയതിനു ശേഷം കൂനകൂട്ടി, അതിന്മേൽ സ്വയം പാകി കിളിർപ്പിച്ച തെങ്ങിൻ തൈകൾ നടുന്നു. പതിവ് രീതിയനുസരിച്ച് ഒരു വർഷം പ്രായമുള്ള തൈകൾ നടുന്നതിന് പകരം നഴ്സറിയിൽ ആദ്യം മുളയ്ക്കുന്ന (വിത്ത് തേങ്ങ പാകി 90- 100 ദിവസത്തിനുള്ളിൽ) തൈകളാണ് നടുന്നത്. വളമിടീലും ജലസേചനവും ഒന്നാം വർഷം മുതൽ തന്നെ തുടങ്ങുന്നതിനാൽ മൂന്നാമത്തെ വർഷം തെങ്ങ് കായ്ക്കാൻ തുടങ്ങുന്നു. എല്ലാവർഷവും തൈക്കുഴികളുടെ വശങ്ങൾ വെട്ടി വലുതാക്കുന്നു. തെങ്ങ് നനയ്ക്കാൻ തുടങ്ങുന്നതോടെ കുഴികൾക്ക് ആവശ്യത്തിന് വലുപ്പമായി കഴിഞ്ഞിരിക്കും.

ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിക്കുന്നത്. ഓരോ തെങ്ങിന്റേയും വിളവ് അനുസരിച്ചാണ് വളം നൽകുന്നത്. കൂടുതൽ കായ്ക്കുന്ന തെങ്ങിന് കൂടുതൽ വളമെന്നാണ് പ്രമാണം. ആദ്യഗഡുവായി ഏപ്രിൽ, മെയ് മാസത്തിൽ 40 കി.ഗ്രാം മണ്ണിര കമ്പോസ്റ്റോ, ഉണങ്ങിയ ചാണകമോ

കളകൾ ചീയുന്നതിനായി പിഴുത് കൂട്ടിയിരിക്കുന്നു

മണ്ണ് സംരക്ഷണത്തിനായി തൊണ്ട് മൂടൽ

നട്ട് മൂന്നാം വർഷം കായ്ച തെങ്ങിനൊപ്പം ഡൊമിനിക്

ഓരോ തെങ്ങിനും നൽകും. രണ്ടാം ഗഡു ഒക്ടോബറിൽ 5 കി.ഗ്രാം എല്ലുവളത്തിന്റേയും നിലക്കടലപ്പിണ്ണാക്കിന്റേയും വേപ്പിൻ പിണ്ണാക്കിന്റേയും മിശ്രിതമായി നൽകുന്നു. ഇതിന് പകരമായി ചാരവും സമീപത്തുള്ള ഹോട്ടലുകളിൽ നിന്നും ശേഖരിച്ച തേയിലച്ചണ്ടിയും നൽകാറുണ്ട്. തെങ്ങിൻ തടത്തിൽ പുതയിട്ടിട്ടുള്ള തൊണ്ട് കാലവർഷക്കാലത്ത് പുറത്തേക്ക് എടുത്ത് മാറ്റുന്നു. രണ്ടാം ഗഡു വളം ചേർത്തതിനുശേഷം അവ വീണ്ടും തിരിച്ച് വെയ്ക്കുന്നു. വേനൽക്കാലത്ത് വേര് ഉണങ്ങാതിരിക്കുവാൻ ഇത് സഹായകരമാണ്.

തെങ്ങിൻ തോട്ടത്തിൽ സമ്മിശ്രകൃഷി അവലംബിച്ചിട്ടുണ്ട്; പശുവിനേയും ആടിനേയും കോഴിയേയും താറാവിനേയും വളർത്തുന്നതിനൊപ്പം മീൻകൃഷിയുമുണ്ട്. വീട്ടുമുറ്റത്തുള്ള തെങ്ങിൻ തടങ്ങളിൽ ചേമ്പുകൃഷി ചെയ്യുന്നത് പുതിയ രീതിയിലാണ്. ചേമ്പിന്റെ ചെടി ഒരിക്കലും പറിച്ചു മാറ്റുന്നില്ല; അതിന് പകരം ആവശ്യമനുസരിച്ച് കിഴങ്ങ് അടർത്തിയെടുക്കുന്നു, ചെടി അവിടെത്തന്നെ നിർത്തുകയും ചെയ്യുന്നു.

നാളികേര വികസന ബോർഡിന്റെ ആനക്കാംപൊയിൽ നാളികേരോത്പാദക സംഘം പ്രസിഡന്റാണ് ശ്രീ. ഡൊമിനിക്. തെങ്ങുകൃഷിയിലെ നൂതന തന്ത്രങ്ങൾക്കായി അദ്ദേഹത്തിന് കേരകേസരി (2009-10) അവാർഡ് ലഭിച്ചിട്ടുണ്ട്.

ബിസിനസ്സുകാരനായ ശ്രീ. സജീവ് ആന്റണി തെങ്ങുകൃഷിയിൽ ശാസ്ത്രീയ രീതികൾ അവലംബിക്കുന്ന, ജൈവരീതിയിൽ കൃഷിചെയ്യുന്ന കേരകർഷകനാണ്. സമ്മിശ്രകൃഷി ചെയ്യുന്ന അദ്ദേഹം നിരവധി ഫലവൃക്ഷങ്ങൾ തോട്ടത്തിൽ നട്ടുവളർത്തുന്നുണ്ട്. തെങ്ങ് വെച്ചുപിടിപ്പിച്ചിട്ടുള്ളത് പുതുതായി നികർത്തിയെടുത്ത സ്ഥലത്തായതിനാൽ മണ്ണിന്റെ ഫലപുഷ്ടി കുറവാണ്. മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കാനായി സജീവ് ആന്റണി ചേന ഇടവിളയായി കൃഷി ചെയ്യാൻ തുടങ്ങി. ഇതിനായി നൂതന മാർഗ്ഗമാണ് അദ്ദേഹം അവലംബിച്ചത്. ചേന നടുന്നതിനായി കുഴിച്ച കുഴിയിൽ ചാണകവും ചകിരിച്ചോർ കമ്പോസ്റ്റും നിറച്ചു. ഇതുവഴി മണ്ണിന്റെ പോഷകഘടന മെച്ചപ്പെട്ടു. മലയൻ മഞ്ഞ കുറിയയിനം, പതിനെട്ടാംപട്ട, ഡിxടി സങ്കരയിനം തെങ്ങുകളുൾക്കം 450 കായ്ഫലമുള്ള തെങ്ങുകളുള്ള തോട്ടത്തിൽ ഒരു തെങ്ങിൽ നിന്ന് ശരാശരി 130 മുതൽ 140 വരെ തേങ്ങ ലഭിക്കുന്നു.

മൂല്യവർദ്ധന

റവന്യൂ വകുപ്പിൽ നിന്ന് ഡെപ്യൂട്ടി തഹസിൽദാരായി വിരമിച്ച ശ്രീ. പി. സെബാസ്റ്റ്യന്റെ നൂതന കണ്ടുപിടുത്തമാണ് കരിക്കിൻ വെള്ളത്തിൽ നിന്നുണ്ടാക്കിയ വൈൻ. ഇതിന്റെ പ്രധാന ചേരുവ തെങ്ങിൽ നിന്നും ഇട്ടെടുത്ത ഏഴ് മാസം പ്രായമായ കരിക്കിന്റെ വെള്ളമോ കരിക്കിൻ വെള്ളത്തിനൊപ്പം ഇളംകാമ്പും ചേർത്ത മിശ്രിതമോ ആണ്. ഇതിനൊപ്പം നിരവധി മറ്റ് ചേരുവകളും ചേർക്കുന്നു. വൈൻ പാകമാകാൻ 10 മുതൽ 28 ദിവസം വരെ വേണ്ടിവരും. സെബാസ്റ്റ്യൻ അതിനൊപ്പം കശുമാങ്ങയിൽ നിന്നുണ്ടാക്കിയെടുക്കുന്ന ആൽക്കഹോളോ അതുപോലുള്ള മറ്റേതെങ്കിലും ആൽക്കഹോളോ ചേർക്കുന്നു. കരിക്കിൽ യീസ്റ്റോ, ബാക്ടീരിയയോ ഒന്നും ഇല്ലാത്തതിനാൽ വൈൻ ശുദ്ധവും പ്രകൃതിദത്തവുമാണെന്ന് അദ്ദേഹം അവകാശപ്പെടുന്നു. ഇതിൽ കൃത്രിമ പദാർത്ഥങ്ങളോ, മറ്റ് വൈനുകളിലുള്ളതുപോലെ വെള്ളം പോലുമോ ചേർത്തിട്ടില്ലാത്തതിനാൽ വളരെ ആരോഗ്യകരവും പരിശുദ്ധവും പോഷക സമ്പന്നവുമാണ്.

ശ്രീ. സെബാസ്റ്റ്യന് കരിക്കിൽ നിന്ന് വൈൻ നിർമ്മിക്കുന്നതിന് ഇന്ത്യൻ പേറ്റന്റ് (നമ്പർ 209015) 2007 ആഗസ്റ്റിൽ ലഭിച്ചു. ലോകത്ത് തന്നെ ഇങ്ങനെയൊന്ന് ആദ്യത്തേതാണ്. അദ്ദേഹത്തിന് സംസ്ഥാന സർക്കാരിന്റേ കേരകേസരി അവാർഡ് (1998-99) ലഭിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ചെമ്പേരിയിലെ ശ്രീ തോമസ്സ് ജോർജ്ജ് കർഷക ശാസ്ത്രജ്ഞനാണ്. തേങ്ങാപ്പാലിൽ നിന്നുണ്ടാക്കിയ തൈരാണ് അദ്ദേഹത്തിന്റെ കണ്ടുപിടുത്തം.

ഇതിനായി 2008ൽ പേറ്റന്റിന് അപേക്ഷിച്ചിട്ടുണ്ട്. തേങ്ങപ്പാൽ തൈര് കാഴ്ചയിലും സ്വാദിലും സാധാരണ തൈര് പോലെയിരിക്കുമെങ്കിലും തേങ്ങാപ്പാലിന്റെ എല്ലാ ഗുണങ്ങളും അടങ്ങിയതാണ്. ഇപ്പോൾ അദ്ദേഹം തേങ്ങാപ്പാലിൽ നിന്ന് വിന്നാഗിരിയും ഐസ്ക്രീമും നിർമ്മിക്കാനുള്ള പരിശ്രമങ്ങളിൽ മുഴുകിയിരിക്കുന്നു.

തെങ്ങ് കയറുന്നതിനുള്ള യന്ത്രം

കണ്ണൂർ ചെമ്പേരിയിലെ ശ്രീ. എം.ജെ. ജോസഫ് അപ്പച്ചൻ എന്ന കർഷകന്റെ നൂതന കണ്ടുപിടുത്തം തെങ്ങുകയറ്റമേഖലയിൽ ഒരു വിപ്ലവത്തിന് തുടക്കം കുറിച്ചു. സമയത്തിന് മുൻപേ ചിന്തിച്ച ശ്രീ. അപ്പച്ചൻ 1984ൽ തന്റെ പുത്രനോടൊപ്പം ചേർന്ന് തെങ്ങുകയറ്റം അനായാസമാക്കുന്ന ഒരു യന്ത്രം രൂപകൽപന ചെയ്തു നിർമ്മിച്ചു. അപ്പച്ചന്റെ മകൻ പിന്നീട് യന്ത്രത്തിന് പല പരിഷ്കാരങ്ങളും വരുത്തി പേറ്റന്റ് എടുത്തു. നാഷണൽ ഇന്നവേഷൻ ഫൗണ്ടേഷനടക്കം നിരവധി സംഘടനകളുടെ സഹായത്തോടെ, ഈ തെങ്ങുകയറ്റ യന്ത്രം ദക്ഷിണേന്ത്യയിലെ ഗ്രാമങ്ങളിലെല്ലാം ജനപ്രീതിയാർജ്ജിച്ചു. പിന്നീട് പല മാതൃകകൾ പുറത്തു വന്നെങ്കിലും ഒരു കേര കർഷകന്റെ നൂതന കണ്ടുപിടുത്തമായി ഈ യന്ത്രം പ്രസിദ്ധമായി.

കർഷകരുടെ മേൽവിലാസം

1. ഡി. ഗോപാലകൃഷ്ണൻ, കോവിൽതോട്ടം, ചിലക്കംപട്ടി, പൊള്ളാച്ചി, തമിഴ്നാട്

2. ജി.എസ്. ഗിദ്ദെഗൗഡ, സുവർണ്ണ ഫാം, ബ്രഹ്മദേവരഹള്ളി, നിട്ടൂർ പോസ്റ്റ്, ഹസൻ - 573219, കർണ്ണാടകം.

3. എം. ബാബു, തെക്കേകളത്തട്ടിൽ, ഗോവിന്ദമുട്ടം, പി.ഒ, കായംകുളം.

4. സജി മാത്യു, കടുക്കമ്മാക്കേൽ വീട്, കല്ലനോട് പി.ഒ., കോഴിക്കോട്.

5. രവി, ഇക്കോഫാം, സെയിന്തൻ പാളയം, കോയമ്പത്തൂർ.

6. സി.എം. മുഹമ്മദ്, മണ്ടയപ്പുറത്ത് ചുണ്ടൻ വീട്, തിരൂർ, മലപ്പുറം.

7. കെ.കെ. സൂര്യ നാരായണൻ, കക്കാട്ടിൽ വീട്, മാങ്കുറിശ്ശി, മങ്കര, പാലക്കാട്.

8. എം.എം. ഡൊമിനിക്, മണ്ണുക്കുശുമ്പേൽ വീട്, ആനക്കാംപൊയിൽ പി.ഒ, തിരുവമ്പാടി, കോഴിക്കോട്.

9. സജീവ് ആന്റണി, അയിനിക്കൽ വീട്, കുണ്ടൂർ പി.ഒ, മാള തൃശ്ശൂർ.

10. സെബാസ്റ്റ്യൻ പി. അഗസ്റ്റിൻ, പാലമറ്റം പി.ഒ, ഭൂമനടി, വെസ്റ്റ് എളേരി, കാസറഗോഡ്.

11. തോമസ് ജോർജ്ജ്, ചെമ്പേരി, കണ്ണൂർ.

പ്രിൻസിപ്പൽ സയന്റിസ്റ്റ്, പ്രാദേശിക കേന്ദ്രം, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം

കേരമേഖലയിൽ കൂട്ടായ്മയ്ക്ക് വഴി തെളിച്ച സംയോജിത തെങ്ങുകൃഷി

രമണി ഗോപാലകൃഷ്ണൻ

ഏതു കാർഷിക വിളയുടേയും വിസ്തീർണ്ണത്തിലുണ്ടാകുന്ന കുറവ് ഉത്പാദനക്ഷമത കൂട്ടുന്നതിന്റെ ആവശ്യകതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. കേരമേഖലയിലും ഈ തത്വം അന്വർത്ഥമാകുകയാണ്. തെങ്ങുകൃഷി വിസ്തീർണ്ണം വലിച്ചു നീട്ടാൻ പറ്റാത്ത അവസ്ഥയിൽ നാമിന്നു എത്തിച്ചേർന്നിരിക്കുന്നു. ഉള്ള സ്ഥലത്തു നിന്നു പരമാവധിക്ഷമത കൈവരിച്ചു കഴിഞ്ഞു എന്ന് പറയാനാകില്ല. ദേശീയ തലത്തിൽ 8303 നാളികേരം ഉത്പാദിപ്പിച്ചുകൊണ്ടു മറ്റു വൻകിട രാജ്യങ്ങളുടെ മുമ്പിൽ നിൽക്കുന്നുണ്ടെങ്കിലും ഇന്ത്യയുടെ ഉത്പാദനക്ഷത വളരെ വളരെ പരിമിതമാണെന്നേ പറയാനാവൂ. കാരണം 19000വും 13000വും നാളികേരം ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളും നമ്മുടെ രാജ്യത്തുണ്ട്. 7365 നാളികേരം ഉത്പാദിപ്പിച്ചു കൊണ്ടു 9-ാം സ്ഥാനം കൊണ്ട് തൃപ്തിപ്പെട്ടു നിൽക്കുകയാണ് കേരളമിന്ന്. എന്നാൽ സംസ്ഥാനത്തിനകത്തു തന്നെ വളരെ ഉയർന്ന ഉത്പാദനക്ഷമത തരുന്ന തെങ്ങുകളും തോട്ടങ്ങളും ഉണ്ടെന്നത് നമ്മുടെ കണ്ണുതുറപ്പിക്കേണ്ട അവസ്ഥാവിശേഷമാണ്.

നാളികേര വികസന ബോർഡ് പ്രവർത്തനമാരംഭിച്ച് 3 ദശാബ്ദം പിന്നിട്ടിട്ടും താഴേക്കു വളരുന്ന ഉത്പാദനക്ഷമതയെക്കുറിച്ചു ഉത്കണ്ഠാകുലരാണ് നാമിന്ന്. എങ്കിലും ഈ ഉദ്ദേശ്യലക്ഷ്യം വച്ചു തുടങ്ങിയ പദ്ധതികൾ മറ്റു പല ലക്ഷ്യങ്ങളും കൈവരിക്കാൻ പര്യാപ്തമായെന്ന് പറയാതിരിക്കാൻ വയ്യ. കേരകർഷകരുടെ ഇടയിൽ കൂട്ടായ്മയ്ക്ക് തുടക്കമിട്ടത് ഇതിൽ ഏറ്റവും പ്രാമുഖ്യം അർഹിക്കുന്നു.

ഉത്പാദനക്ഷമതയിലൂന്നി ബോർഡ് നടത്തുന്ന സംയോജിത തെങ്ങുകൃഷി പദ്ധതിയ്ക്ക് രണ്ടര ദശാബ്ദ കാലത്തെ പഴക്കമുണ്ട്.ഏഴാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷത്തിൽ കൃത്യമായി പറഞ്ഞാൽ 1987 -1988 കാലഘട്ടത്തിൽ 10,000 ഹെക്ടർ സ്ഥലത്താണ് സംയോജിത കൃഷി പദ്ധതിക്ക് പ്രാരംഭം കുറിച്ചത്. കാറ്റുവീഴ്ച രോഗമാണ് ഉത്പാദനക്ഷമതയ്ക്ക് വിലങ്ങുതടിയായി നിൽക്കുന്നത് എന്ന വാദം തന്നെയായിരുന്നു ഈ പദ്ധതിയുടെ ശാസ്ത്രീയ അടിത്തറയും. അതുകൊണ്ടു തന്നെ തെങ്ങുവെട്ടു സബ്സിഡിയും, ഇടവിളകൃഷി സബ്സിഡിയുമെല്ലാം ആ പദ്ധതിയിൽ സ്ഥാനം പിടിച്ചിരുന്നു. തെങ്ങൊന്നിന് 75 രൂപയും പുനർ നടീലിന് തൈയൊന്നിന് 4 രൂപയും ജലസേചന സൗകര്യമൊരുക്കുന്നതിന് യൂണിറ്റൊന്നിന് 1000 രൂപയും ബഹുവിളകൃഷി സമ്പ്രദായം നടപ്പാക്കുന്നതിന് ഹെക്ടറൊന്നിന് 50 രൂപയുമായിരുന്നു അന്നത്തെ സബ്സിഡി നിരക്കുകൾ. ഇത് ബോർഡും സംസ്ഥാന കൃഷി വകുപ്പും തുല്യമായി വഹിക്കണമായിരുന്നു. തുടർന്ന് ഏഴാം പഞ്ചവത്സര പദ്ധതി അവസാനിച്ചതോടു കൂടി 1990-91ഉം, 91-92ഉം വാർഷിക പദ്ധതികളായി തുടർന്നപ്പോൾ 10000 ഹെക്ടറിൽ കൂടി പദ്ധതി വ്യാപിപ്പിച്ചു. വളമിടീലും ഇടവിള കൃഷിയും 60 ശതമാനം കൃഷിസ്ഥലത്ത്, അതായത് 6000 ഹെക്ടറിൽ വീതമാണ് ഈ കാലഘട്ടത്തിൽ നടപ്പിലാക്കിയത്.

ഇന്ത്യയിലെ നാളികേരകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും എന്ന വിഷയത്തിൽ 1986 സെപ്തംബർ 27ന് തലസ്ഥാനത്തു നടന്ന ദേശീയ സെമിനാർ ഏവരുടെയും ശ്രദ്ധയാകർഷിച്ചിരുന്നു. കേന്ദ്രകൃഷി മന്ത്രാലയവും, സംസ്ഥാന സർക്കാരും സംയുക്തമായി സംഘടിപ്പിച്ച ഈ സെമിനാറിൽ കാര്യമാത്ര പ്രസക്തമായ പല ശുപാർശകളും ഉരുത്തിരിഞ്ഞു വന്നിരുന്നു

തെങ്ങിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി 10,000 ഹെക്ടറിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന സംയോജിത കൃഷി പദ്ധതി 1 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കണമെന്നതായിരുന്നു ശ്രദ്ധേമായ ഒരു ശുപാർശ. ഈ ശുപാർശ കണക്കിലെടുത്ത് 1992-1993 ൽ ആരംഭിച്ച 8-ാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിൽ ഒരു ലക്ഷം ഹെക്ടറിലേക്ക് സമഗ്ര കേരവികസന പദ്ധതി ചില മുഖം മിനുക്കുകളും പുതുമകളും വരുത്തി പരിഷ്കരിച്ചു നടപ്പിലാക്കി. കാറ്റുവീഴ്ച രോഗം ആ കാലയളവിൽ 4 ലക്ഷം ഹെക്ടർ കവിഞ്ഞിരുന്നു. തന്നെയുമല്ല രോഗത്തിന്റെ കരാളഹസ്തം തമിഴ്നാട്ടിന്റെ അതിർത്തികളിലേക്കും നീണ്ടുതുടങ്ങിയിരുന്നു. കൂടാതെ ആന്ധ്രാപ്രദേശ്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിലും സമാനമായ ഗാനോഡർമ്മ വിൽട്ടും, തടി

സംയോജിതകൃഷി അവലംബിച്ചിരിക്കുന്ന തെങ്ങിൻതോട്ടം

പകാവിൽട്ടും പടർന്നു കൊണ്ടിരുന്നത് ആ പദ്ധതി മറ്റു സംസ്ഥാനങ്ങളിൽ കൂടി വ്യാപിപ്പിക്കുവാൻ ആവശ്യമുയർന്നു. തുടർന്നു മറ്റു സംസ്ഥാനങ്ങളിൽ 13,680 ഹെക്ടർ സ്ഥലത്തു കൂടി പദ്ധതി വ്യാപിപ്പിച്ചു നടപ്പിലാക്കി.

ചില മുഖംമിനുക്കലുകളും മാറ്റങ്ങളും വരുത്തിയാണ് പദ്ധതി 8-ാം പഞ്ചവത്സര പദ്ധതിയിൽ നടപ്പിലാക്കിയതെന്ന് സൂചിപ്പിച്ചുവല്ലോ. മുൻ കാലയളവിൽ ഇല്ലാതിരുന്ന വളം സബ്സിഡി ഉൾപ്പെടുത്തിയത് പുതുമയായെങ്കിൽ ജലസേചന സബ്സിഡി എടുത്തുമാറ്റിയത് തിരിച്ചടിയായി. നാഷണൽ കമ്മീഷൻ ഓൺ പ്ലാസ്റ്റിക് ഇൻ അഗ്രിക്കൾച്ചർ (എൻസിപിഎ) നടപ്പിലാക്കിയിരുന്ന പദ്ധതികളുടെ ആവർത്തനമാകുന്നു എന്നതായിരുന്നു ഈ തീരുമാനത്തിനു പിന്നിൽ. തെങ്ങുവെട്ടുന്നതിന് 75 രൂപയിൽ നിന്ന് 200 രൂപ ആക്കിയതും തൈ സബ്സിഡി 5 രൂപയാക്കിയതും വളത്തിനും സസ്യസംരക്ഷണത്തിനും തെങ്ങൊന്നിന് 8 രൂപയാക്കിയതും ഇടവിളകൃഷിക്ക് ഹെക്ടറൊന്നിന് 200 രൂപയാക്കിയതും മുഖ്യമാറ്റങ്ങളായിരുന്നു. ബോർഡും സംസ്ഥാന സർക്കാരും പദ്ധതി ചെലവിന്റെ തുല്യ വിഹിതം വഹിച്ചിരുന്നതിന് പകരം പൂർണ്ണമായും ബോർഡ് വഹിക്കാൻ തുടങ്ങിയത് നയപരമായ മാറ്റങ്ങളിൽ സുപ്രധാനമായി.

നേരിട്ടുള്ള പദ്ധതി നടത്തിപ്പിന്റെ തുടക്കം

തുടക്കം മുതൽ പദ്ധതി നടത്തിപ്പ് വിജയകരമായിരുന്നുവെങ്കിലും ഗുണഫലം കൃത്യമായി നിജപ്പെടുത്തുവാൻ സാധ്യമായിരുന്നില്ല. അതിനാൽ ഒരു പുതിയ ചുവടുവെയ്പ്പിന് ബോർഡ് തുടക്കമിട്ടത് ഈ കാലയളവിൽ തന്നെയായിരിന്നു. **എറണാകുളം ജില്ലയിൽ കുമ്പളം, കടമക്കുടി പഞ്ചായത്തുകളിൽ വീടുവീടാന്തരം കണക്കെടുപ്പ് നടത്തുകയും വെട്ടാനുള്ള തെങ്ങുകൾ മാർക്ക് ചെയ്ത് വെട്ടുകയും ഇടവിള സബ്സിഡികൾ നേരിട്ട് നൽകുകയും ചെയ്തത് പദ്ധതിക്ക് ഒരു പുതിയ ദിശാബോധം നൽകി.** സാങ്കേതിക വിദ്യാകൈമാറ്റത്തിൽ സുപ്രധാനവും അതേസമയം പലപ്പോഴും അവഗണിക്കപ്പെടുകയും ചെയ്തിരുന്ന ബോധവത്ക്കരണ പരിപാടിക്ക് ആക്കം കൂട്ടിയത് ഈ പദ്ധതിപ്രദേശത്തായിരുന്നു. കൃഷിഭവനുകളും എൻജിഓകളും ബോർഡിന്റെ പദ്ധതയിൽ ശക്തമായി പങ്കാളികളായതും ഈ ചുവടുവെയ്പ്പിലായിരുന്നു.

ഈ കാലയളവിൽ ദേശീയ ഉത്പാദനക്ഷമത 5179 നാളികേരത്തിൽ നിന്ന് 7779 നാളികേരമായി ഉയർന്നതും, കേരളത്തിന്റേത് 4493ൽ നിന്ന് 6013 നാളികേരമായുയർന്നതും പദ്ധതി ഗുണഫലം കണ്ടുവെന്നതിനു തെളിവായിരുന്നു.

പദ്ധതി പ്രകാരം വെട്ടി മാറ്റാൻ കഴിഞ്ഞ തെങ്ങുകൾ തുലോം കുറവായിരുന്നെങ്കിലും കാറ്റുവീഴ്ച രോഗത്തിന്റെ തീവ്രത 1984 ൽ രേഖപ്പെടുത്തിയ 32.37 ശതമാനത്തിൽ നിന്നും 1996 ആയപ്പോഴേക്കും 24.05 ശതമാനമായി കുറഞ്ഞത് പദ്ധതിയുടെ ഗുണഫലമായി തന്നെ വ്യാഖ്യാനിക്കപ്പെട്ടു.

ക്രമേണ പത്താം പഞ്ചവത്സരപദ്ധതിയിൽ സംയോജിതകൃഷി പദ്ധതിയിൽ നിന്ന് തെങ്ങുവെട്ടി മാറ്റുന്നതിനുള്ള സബ്സിഡി അടർത്തിമാറ്റി പ്രത്യേകഘടകമാക്കി നിലനിർത്തിയതാണ് ഈ കാലയളവിലുണ്ടായ മറ്റൊരു മാറ്റം.

10-ാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ പ്രദേശത്ത് സംയോജിതകൃഷി പദ്ധതി നേരിട്ടു നടത്തുവാൻ ക്ലസ്റ്റർ എന്ന ആശയവുമായി ബോർഡ് കടന്നുവന്നത് മറ്റൊരു വഴിത്തിരിവായി. കൂട്ടായ്മയിലൂടെ സുതാര്യവും സുദൃഢവുമായ രീതിയിൽ ക്ലസ്റ്റർ പദ്ധതി മുന്നേറി. കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലുമായി 750 ക്ലസ്റ്ററുകൾ 25,600 ഹെക്ടറിൽ നടപ്പിലാക്കിയത് വിപ്ലവകരമായ മുന്നേറ്റം തന്നെയായിരുന്നു. ഏതാണ്ട് ഒരു ലക്ഷം കർഷകർ ഈ പദ്ധതിയുടെ പരിധിയിൽ ഗുണഭോക്താക്കളായിരുന്നു.

ക്ലസ്റ്റർ തെരഞ്ഞെടുപ്പു രീതി

ഒരോ സാമ്പത്തിക വർഷാരംഭവും പത്രമാദ്ധ്യമങ്ങളിൽ കൂടിയോ പഞ്ചായത്ത്/ കൃഷിവകുപ്പ് മുഖേനയോ നൽകുന്ന അറിയിപ്പ് ക്ലസ്റ്ററുകളുടെ തെരഞ്ഞെടുപ്പ് അതീവ സുതാര്യമാക്കിയിരുന്നു. കർഷകർ ഗ്രൂപ്പുകൾ രൂപീകരിച്ച് കൺവീനറേയും ലീഡർമാരേയും തെരഞ്ഞെടുത്ത് പ്രദേശത്തിന്റെ ഭൂപടവും, വായ്പ നൽകാമെന്നുറപ്പു നൽകുന്ന ധനകാര്യസ്ഥാപനത്തിന്റെ കത്തും സഹിതം ബോർഡിന് അപേക്ഷ നൽകിയിരുന്നു.

അപേക്ഷകൾ പരിശോധിച്ച് ബോർഡ് നിജസ്ഥിതി ഉറപ്പുവരുത്തുന്നു. ഈ പ്രക്രിയയിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ, കൃഷി വിജ്ഞാന കേന്ദ്രം പ്രതിനിധി എന്നിവരുടെ പങ്കാളിത്തവും ഉറപ്പു വരുത്തുന്നു.

പ്രവർത്തനരീതി

25-50 ഹെക്ടർ പ്രദേശമാണ് പദ്ധതിക്കു തെരഞ്ഞെടുക്കുന്നത്. കർഷക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ പ്രാമുഖ്യം നൽകുന്നതിനാൽ പദ്ധതി നടത്തിപ്പ് കർഷക പ്രതിനിധികൾക്കു തന്നെ നൽകി സുതാര്യത ഉറപ്പു വരുത്തുന്നു. ക്ലസ്റ്റർ കൺവീനർ, ഗ്രൂപ്പു ലീഡർമാർ, സബ്ഗ്രൂപ്പു ലീഡർമാർ എന്നിങ്ങനെ പൊതുയോഗം തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നു. ഓരോ ക്ലസ്റ്റർ പ്രദേശത്തും 5 മുതൽ 10 വരെ ഹെക്ടർ പ്രദേശത്ത് സബ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും സബ്ഗ്രൂപ്പിൽ നിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുകയുമാണ്

ക്ലസ്റ്ററിൽ ശാസ്ത്രീയ വളപ്രയോഗം യഥാസമയം കൈക്കൊള്ളുന്നു

ചെയ്യുന്നത്. തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലെ പങ്കാളിത്ത സ്വഭാവം ക്ലസ്റ്റർ പദ്ധതിയെ വേറിട്ടു നിർത്തുന്നു. സമയോചിതമായ കൃഷിരീതികളും ആദായവർദ്ധനവുമാണ് ലക്ഷ്യമിടുന്നത്.

ക്ലസ്റ്ററിലെ മണ്ണു പരിശോധന നടത്തിയശേഷമുള്ള ശാസ്ത്രീയ വളപ്രയോഗം കൃഷിരീതികൾ കൂടുതൽ പ്രായോഗികമാക്കുന്നു. സമഗ്രവളപ്രയോഗവും സസ്യസംരക്ഷണ നടപടികളും യഥാസമയം കൈക്കൊള്ളാൻ ഓരോ മാസത്തേയും പരിപാലനമുറകളുടെ കലണ്ടർ, കാർഷിക വൃത്തി കൃത്യമായി അനുവർത്തിക്കുന്നതിന് വഴികാട്ടിയാകുന്നു. രാസവളം മാത്രമോ, ജൈവവളം മാത്രമോ അടിച്ചേല്പിക്കാതെ എല്ലാം ചേർത്ത് ഒരു സമീകൃത വളപ്രയോഗം കർഷകരിൽ വിശ്വസ്തത ഊട്ടിയുറപ്പിക്കുന്നു. വളപ്രയോഗത്തിന്റെ ആവശ്യകതയ്ക്ക് അടിത്തറയായി മണ്ണു പരിശോധനയും നിർബന്ധമാക്കിയിട്ടുണ്ട്.

കാർഷിക സാമഗ്രികൾ

വേപ്പിൻ പിണ്ണാക്ക്, രാസവളങ്ങൾ, കുമ്മായം, മീൻവളം, ഇടവിളകൾ, കീടനാശിനികൾ, എലിവിഷം ഇങ്ങനെ പോകുന്നു ക്ലസ്റ്ററിൽ നൽകുന്ന സാമഗ്രികളുടെ ലിസ്റ്റ്. വേപ്പിൻ പിണ്ണാക്കും പച്ചക്കറി വിത്തുമൊഴികെയുള്ള എല്ലാ സാമഗ്രികളും സഹകരണ ബാങ്കുകൾവഴി വിതരണം ചെയ്യുമ്പോൾ വേപ്പിൻ പിണ്ണാക്ക് തെരഞ്ഞെടുക്കപ്പെട്ട ഉത്പാദക യൂണിറ്റുകൾ വഴിയും, പച്ചക്കറി വിത്തുകൾ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വിഎഫ്പിസികെ) എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരുന്നത്. നിർദ്ദിഷ്ട ഗുണമേന്മ മാനദണ്ഡങ്ങളനുസരിച്ചായിരിക്കും ജൈവവളങ്ങൾ വിതരണം നടത്തുന്നത്.

ഒരു ഹെക്ടറിൽ 175 തെങ്ങുകളെന്ന കണക്കിനാണ് തെങ്ങുകളുടെ സാന്ദ്രത കണക്കാക്കുന്നത്. തെങ്ങൊന്നിന് 100 രൂപ കണക്കിൽ 17500 രൂപയാണ് ഹെക്ടറൊന്നിന് നൽകുന്നത്. ഈ തുക വളം, കീടനാശിനി, നടീൽ വസ്തുക്കൾ എന്നിവയുടെ ചിലവിനാണ് നൽകുന്നത്. മരുന്നുതളിയുടെ ചിലവിന്റെ 50 ശതമാനം പദ്ധതി ചിലവിൽ നിന്നും വഹിക്കും. കാർഷിക സാമഗ്രികളുടെ കൈപ്പറ്റു രസീത് സമർപ്പിച്ചാലുടൻ, സാമഗ്രികളുടെ വില അതാതു സ്ഥാപനങ്ങൾക്ക് ബോർഡ് നൽകും.

പദ്ധതിയുടെ വിലയിരുത്തലുകൾ ക്രമമായും ചിട്ടയോടെയും നടത്തുന്നുവെന്നതാണ് ഈ പദ്ധതിയുടെ വിജയത്തിന്റെ ഘടകം. ബോർഡുദ്യോഗസ്ഥർ, കൃഷി വകുപ്പുദ്യോഗസ്ഥർ, പഞ്ചായത്തു പ്രതിനിധികൾ, ക്ലസ്റ്റർ കൺവീനർമാർ എന്നിവരുടെ ഒരു ശൃംഖലയാണ് പദ്ധതി നടത്തിപ്പിലും മേൽനോട്ടത്തിലും ഭാഗഭാക്കാകുന്നത്.

കർഷകരുടെ ഗ്രൂപ്പ് യോഗങ്ങൾ പദ്ധതി വിജയത്തിന്റെ അടിത്തറ

ക്ലസ്റ്ററുകളുടെ ഗുണഫലം

പരിപാലനമുറകളും സസ്യസംരക്ഷണ നടപടികളും സുഗമമാക്കുന്നതിനോടൊപ്പം കൃഷിച്ചിലവ് ഗണ്യമായി കുറയ്ക്കാനും ഈ രീതി ലക്ഷ്യമിടുന്നു. ഉത്പാദനം മുതൽ വിപണനം വരെയുള്ള ഒരു ശൃംഖലാപ്രവർത്തനമാണ് ക്ലസ്റ്ററുകൾ ലക്ഷ്യമിടുന്നത്. കൃഷിയിടങ്ങളിൽ നാളികേരത്തിന് മൂല്യവർദ്ധന ലഭ്യമാക്കുകയാണ് മറ്റൊരു ലക്ഷ്യം. കർഷകകൂട്ടായ്മയിലൂടെ വിപണനരംഗത്ത് വളരെ നേട്ടങ്ങൾ കൈവരിയ്ക്കാനാകുമെന്നതും ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നു. ചെറുകിട കർഷകരുടെ ഉൽപന്നങ്ങൾ സമാഹരിച്ച് കൊപ്രകൂടാതെ തൊണ്ടും ചിരട്ടയും തേങ്ങവെള്ളവും എല്ലാം കൃഷിയിടത്തിൽതന്നെ ഉപയോഗപ്പെടുത്തി ആദായം വർദ്ധിപ്പിക്കുകയുമാകാം. മാത്രവുമല്ല വിവിധ കേര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ക്ലസ്റ്റർ ഒരു വേദിയാകുന്നുവെന്നതും അഭിലഷണീയമാകുന്നു. കർഷകരുടെ ഗ്രൂപ്പുകളിലേക്ക് സാങ്കേതിക വിദ്യ ഒരേ സമയം എത്തിക്കുകയും അവരെ ബോധവത്ക്കരിക്കുകയും ചെയ്യുകയാണിവിടെ. ഇവിടുത്തെ ചെറുകിട കൃഷിഭൂമിയുടെ തനതായ ദൗർബല്ല്യങ്ങളെ കാര്യക്ഷമമായി അതിജീവിക്കാൻ നമ്മുടെ മുന്നിൽ തുറന്നു കിട്ടിയ ഒരു വാതിലാണ് ക്ലസ്റ്റർ പദ്ധതി.

ഉത്പാദനക്ഷമത 8303ലേക്ക് മാത്രമേ ഉയർന്നുള്ളുവെങ്കിലും കേരമേഖലയിലെ കൂട്ടായ്മയിലൂടെയുള്ള കാര്യനിർവഹണത്തിനു നാന്ദി കുറിച്ചത് ഈ ക്ലസ്റ്റർ പദ്ധതി തന്നെയായിരുന്നുവെന്നു പറയാം.

ഇന്നു നാമെത്തി നിൽക്കുന്നത് അർത്ഥവത്തായ മറ്റൊരു മുന്നേറ്റ പ്രക്രിയയുടെ സാക്ഷാത്ക്കാരവുമായാണ്. ക്ലസ്റ്ററിൽ തുടങ്ങി കൂട്ടായ്മ ഉത്പാദന സംഘമായി രൂപകല്പന ചെയ്തതും സംഘങ്ങൾ ഫെഡറേഷനുകളും കമ്പനികളുമായി രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്ന സ്വപ്നം യാഥാർത്ഥ്യമായിക്കഴിഞ്ഞു. ക്ലസ്റ്റർ പദ്ധതി ഇനി ഉത്പാദക സംഘങ്ങൾ വഴി മാത്രമേ നടപ്പിലാക്കുകയുള്ളൂ. ഇനി പ്രവർത്തന മികവു കൊണ്ട് കർമ്മമേഖല പുഷ്ടിപ്പെടുത്തി ഫെഡറേഷനുകളുടേയും കമ്പനികളുടേയും കീഴിൽ കൃഷിയും സംസ്ക്കരണവും വിപണനവും വിപുലപ്പെട്ട് ദേശീയ തലത്തിൽ നിന്നും അന്താരാഷ്ട്രതലത്തിലേക്ക് ചിറകുവിടർത്തി പറന്നുയരുന്ന ഒരു കേരമേഖലയെ നമുക്കു സ്വപ്നം കാണാം. ഗുണമേന്മ കൊണ്ടു സമ്പന്നമായ കേരോൽപന്നങ്ങൾ സുലഭമായ ഒരു കേരമേഖല- ഇതായിരിക്കണം നമ്മുടെ ചെറുകിട കേരകർഷരുടെ ഉയർത്തെഴുന്നേൽപ്പിനു നാന്ദി കുറിക്കേണ്ടത്. ഇതിനെല്ലാം വഴിവെച്ച സംയോജിത കൃഷി എന്ന ഇന്റഗ്രേറ്റഡ് ഫാമിംഗ് പദ്ധതി ഏറെ അർത്ഥവത്തായി പൂർവ്വാധികം ഭംഗിയായി നടപ്പിലാക്കുവാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്.

ഡെപ്യൂട്ടി ഡയറക്ടർ, നാളികേര വികസന ബോർഡ്, കൊച്ചി

ഉത്പാദക സംഘങ്ങൾക്ക് മാതൃകയായി പൊരുന്തമൺ കൈരളി നാളികേരോത്പാദക സംഘം

നിഷ ജി.

കേരളത്തിലെ കേരകർഷകർ നേരിട്ടു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് കർഷക കൂട്ടായ്മകൾ വഴി പരിഹാരം കാണുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2012 അവസാനത്തോടെ നാളികേര ഉത്പാദക സംഘങ്ങൾ രൂപീകരിക്കുവാൻ നാളികേര വികസന ബോർഡ് തീരുമാനിച്ചത്. തിരുവനന്തപുരം ജില്ലയിൽ 103 സംഘങ്ങളാണ് ഇതുവരെയായി നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവയിൽ മാതൃകാപരമായി മുന്നോട്ടുപോകുന്ന പൊരുന്തമൺ കൈരളി നാളികേരോത്പാദക സംഘത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ബ്ലോക്കിൽ ഉൾപ്പെടുന്ന പുളിമാത്ത് പഞ്ചായത്തിലെ 5-ാം വാർഡ് ആയ മഞ്ഞപ്പാറ പ്രവർത്തന പരിധിയാക്കിയാണ് പൊരുന്തമൺ കൈരളി നാളികേരോപത്ാദക സംഘം രൂപീകരിക്കപ്പെട്ടത്. നാളികേര വികസന ബോർഡ് പുളിമാത്ത് പഞ്ചായത്തിലടക്കം നടത്തി വരുന്ന തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ 5-ാം വാർഡ് ക്ലസ്റ്റർ കൺവീനറായ ശ്രീ. ജി. മധുവാണ് ഈ ഉത്പാദക സംഘത്തിന്റെ പ്രസിഡന്റ്. 2012 മാർച്ച് 12ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി. ഇപ്പോൾ 123 പേരാണ് സംഘത്തിൽ അംഗങ്ങളായിട്ടുള്ളത്.

സംഘത്തിന്റെ ആദ്യപ്രവർത്തനം തന്നെ സംഘാംഗങ്ങളുടെ പക്കൽ നാളുകളായി ഉണ്ടായിരുന്ന നാളികേരം സംഭരിക്കുകയും ആവശ്യക്കാർക്ക് വിപണനം ചെയ്യുകയും ചെയ്തുകൊണ്ടായിരുന്നു. തുടക്കത്തിൽ കിലോയ്ക്ക് 11 രൂപയ്ക്ക് സംഭരിച്ച് 12 രൂപയ്ക്കാണ് വിപണനം ചെയ്തത്. പക്ഷേ ഇപ്പോൾ ഗവൺമെന്റ് നിശ്ചയിച്ച താങ്ങുവിലയായ 14 രൂപയ്ക്ക് തന്നെ നാളികേരം വാങ്ങാൻ സാധിക്കുന്നുണ്ട്. കൂടാതെ പരമ്പരാഗതമായ രീതിയിൽ 15000 തേങ്ങ വെളിച്ചെണ്ണയാക്കി സംഘാംഗങ്ങളുടെ ഇടയിൽ തന്നെ വിപണനം ചെയ്തു. മായം കലരാത്ത വെളിച്ചെണ്ണയ്ക്ക് ഡിമാൻഡ് ഏറെ ആയതിനാൽ ഉണ്ടാക്കുന്ന ദിവസം തന്നെ മുഴുവനും വിറ്റ് പോകുന്നു. എണ്ണയായി മാറ്റുന്ന തേങ്ങയുടെ തൊണ്ടും ചിരട്ടയും തൊട്ടടുത്ത സ്കൂളിലെ പാചകാവശ്യത്തിന് വിപണനം ചെയ്യാനും സാധിക്കുന്നുണ്ട്.

ഇളനീർ വിപണനവും സംഘത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്നാണ്. സംഘാംഗങ്ങളായ കർഷകരുടെ തോട്ടത്തിലെത്തി ഇളനീർ ശേഖരിച്ച് സംഘത്തിന്റെ ആസ്ഥാനമായ പൊരുന്തമൺ ജംഗ്ഷനിലെ കെട്ടിടത്തിൽ വെച്ച് വിപണനം ചെയ്യുന്നു. കർഷകർക്ക് ഒരു ഇളനീരിന് 12 രൂപ ലഭിക്കുമ്പോൾ 18 മുതൽ 20 വരെ രൂപയാണ് ഇളനീരിന്റെ വിപണിവില. സംഘത്തിലേക്ക് കൂടുതൽ കർഷകരെ ആകർഷിച്ച മുഖ്യഘടകങ്ങളിൽ ഒന്നാണ് ഈ ഇളനീർ സംഭരണം. ഇളനീർപ്പന്തൽ കുറച്ചുകൂടി വിപുലമായി നടത്താൻ പറ്റിയ സ്ഥലത്തിനായി അനുവാദം ചോദിച്ചുകൊണ്ട് പഞ്ചായത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ലഭിച്ചാലുടൻ തന്നെ പ്രോജക്ട് നാളികേര വികസന ബോർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

കൃഷി വകുപ്പിന്റെ കടയ്ക്കൽ ഫാമിൽ നിന്നും 10 രൂപയ്ക്ക് ലഭിച്ചുവരുന്ന പച്ചക്കറി വിത്തിന്റെ പാക്കറ്റുകൾ സംഘം ശേഖരിച്ച് 5 രൂപയ്ക്ക് അംഗങ്ങൾക്ക് നൽകി വരുന്നു. തെങ്ങിന് ഇടവിളയായും തനിവിളയായും പച്ചക്കറി കൃഷി ചെയ്യാൻ സംഘാംഗങ്ങൾക്ക് വേണ്ട പ്രോത്സാഹനവും നൽകുന്നു. കഴിഞ്ഞ ഓണത്തിന് പച്ചക്കറി മേള നടത്തുകയും അത് സംഘത്തിന് ഒരു മുതൽക്കൂട്ടായി മാറുകയും ചെയ്ത കാര്യവും ശ്രീ. മധു അനുസ്മരിച്ചു. ഇതോടുകൂടിയാണ് സംഘത്തിന്റെ പ്രവർത്തനങ്ങൾ കർഷകർ അറിഞ്ഞു തുടങ്ങിയത്. ഇപ്പോൾ സംഘാംഗങ്ങളുടെ കൃഷിയിടങ്ങളിൽ നിന്നും 6 രൂപ നിരക്കിൽ വാഴവിത്തുകൾ സംഘം ശേഖരിച്ച് ആവശ്യക്കാർക്ക് നൽകുന്നുണ്ട്. ഇത് കർഷകർക്ക് തികച്ചും പുതിയൊരു അനുഭവമായിരുന്നു. കൂടാതെ അംഗങ്ങളുടെ ചേന കിലോയ്ക്ക് 18 രൂപ നിരക്കിൽ ശേഖരിച്ച് 20 രൂപയ്ക്ക് ആവശ്യക്കാർക്ക് നൽകുന്നുണ്ട്. വാഴയും ചേനയും തെങ്ങിന്

ശ്രീ. മധു

പൊരുന്തമൺ കൈരളി നാളികേരോത്പാദക സംഘത്തിന്റെ വിവിധ പ്രവർത്തനങ്ങൾ

ഇടവിളയായി കൃഷി ചെയ്യുന്ന രീതികൾ സംഘാംഗങ്ങൾക്ക് വിവിരിച്ചുകൊടുക്കാൻ സിപിഎസ് ഭാരവാഹികൾക്കായുള്ള നേതൃത്വ പരിശീലനത്തിൽ ലഭിച്ച പാഠങ്ങൾ സഹായകരമായിത്തീരുന്നുവെന്ന് ശ്രീ.മധു സാക്ഷ്യപ്പെടുത്തുന്നു.

അംഗങ്ങളുടെ പക്കൽ നിന്ന് പച്ച ഈർക്കിലി കിലോയ്ക്ക് 25 രൂപ നിരക്കിൽ സംഭരിച്ച് ചൂലുണ്ടാക്കി സംഘത്തിന്റെ സ്റ്റിക്കറോടുകൂടി പുറത്തിറക്കുന്നതും ഇവരുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടും. ഒരു കിലോഗ്രാം ഈർക്കിലിൽ നിന്ന് രണ്ട് ചൂലുകൾ ഉണ്ടാക്കാവുന്നതാണ്.

തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയും തുടർന്ന് വന്ന ഉത്പാദക സംഘത്തിന്റെ പ്രവർത്തനങ്ങളും കേരകർഷകരുടെ ഇടയിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിച്ചു. തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയുടെ വളം വിതരണവും തെങ്ങിൻ തൈ വിതരണവും നടത്തുന്നത് ഇവർ തന്നെയാണ്. പുനർ നടീലിനായുള്ള സങ്കരയിനം തൈകൾക്കും കുറിയയിനം തൈകൾക്കും അംഗങ്ങൾ വളരെ താൽപര്യത്തോടെ മുന്നോട്ട് വന്നപ്പോൾ സംഘം നാളികേര വികസന ബോർഡിന്റെ നേര്യമംഗലം ഫാമുമായി ബന്ധപ്പെട്ട് ഇവ ബുക്ക് ചെയ്തിട്ടുണ്ട്. ഉടൻ തന്നെ നേര്യമംഗലത്ത് പോയി തൈകൾ കൊണ്ടുവരാനുള്ള ഒരുക്കത്തിലാണ്.

സംഘാംഗങ്ങളായ കർഷകർക്ക് കിസ്സാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിനായി സംഘത്തിന്റെ ആഭിമുഖ്യത്തിൽ പുളിമാത്ത് കൃഷി ഓഫീസർ ശ്രീ. അജോയിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച യോഗത്തിൽ സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് കാരേറ്റ് ബ്രാഞ്ച് മാനേജർ, പുളിമാത്ത് കൃഷി ഓഫീസർ, നാളികേര വികസന ബോർഡ് ടെക്നിക്കൽ ഓഫീസർ, പുളിമാത്ത് പഞ്ചായത്ത് പ്രസിഡന്റ്, സംഘാംഗങ്ങളായ കർഷകർ എന്നിവർ പങ്കെടുത്തു. യോഗത്തിൽ പ്രകടമായ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം സംഘത്തിന്റെ പ്രവർത്തനങ്ങളിൽ അംഗങ്ങളുടെ താൽപര്യവും വിശ്വാസവും പ്രതിഫലിപ്പിക്കുന്നതായിരുന്നു. ബാങ്ക് മാനേജർ സംഘത്തിന്റെ ആസ്ഥാനവും കൃഷിയിടങ്ങളും സന്ദർശിക്കുകയുണ്ടായി. ഇപ്പോൾ കാർഷിക ലോൺ ബുദ്ധിമുട്ടില്ലാതെ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.

മുൻ വാർഡ് മെമ്പർ കൂടിയായ ശ്രീ. മധുവിന്റെ നിസ്വാർത്ഥവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ സംഘത്തിന് മുതൽക്കൂട്ടാകുന്നു. സംഘത്തിന്റെ ആസ്ഥാനം മുഴുവൻ സമയവും സജീവമാണ്. ലീന, വിജി, രജനി എന്നീ മൂന്ന് പ്രവർത്തകരും സംഘത്തിന്റെ പ്രവർത്തനങ്ങളിൽ വളരെ ഉത്സാഹത്തോടെ പങ്കുചേരുന്നു.

രജിസ്ട്രേഷനുശേഷം 'ഇനി എന്ത്?' എന്നറിയാതെ പകച്ച് നിൽക്കുകയും 'ഞങ്ങളെന്ത് ചെയ്യണം?' എന്ന് നിരന്തരം ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഉത്പാദക സംഘങ്ങൾക്ക് ഒരു പാഠമാകട്ടെ പൊരുന്തമൺ സിപിഎസിന്റെ പ്രവർത്തനങ്ങൾ. ജില്ലയിൽ ഇതുവരെ രജിസ്റ്റർ ചെയ്ത 103 സംഘങ്ങൾക്കു പുറമേ നൂറോളം സംഘങ്ങൾ ജില്ലാ രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

കർഷക കൂട്ടായ്മകൾ ഉണ്ടാക്കുവാനും അവയെ പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരുവാനും തിരുവനന്തപുരം ജില്ലയിൽ അത്ര എളുപ്പമല്ല. എങ്കിലും അതിനൊരപവാദമാണ് പൊരുന്തമൺ കൈരളി സിപിഎസ്. സ്വന്തമായൊരിടം കണ്ടെത്തി തനതായ ആശയങ്ങളുമായി മുന്നേറുന്ന ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ തീർച്ചയായും അഭിനന്ദനാർഹമാണ്; അതുപോലെ തന്നെ അനുകരണീയവും.

ടെക്നിക്കൽ ഓഫീസർ, നാളികേര വികസന ബോർഡ്, തിരുവനന്തപുരം

ഏജന്റുമാരെ ആവശ്യമുണ്ട്

	വാർഷിക വരിസംഖ്യ	ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്)
1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്)	60 ക.	1600 ക.
സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും	200 ക.	5000 ക.
2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം)	40 ക.	1000 ക.
3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി)	40 ക.	1000 ക.
4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ)	40 ക.	1000 ക.
5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്)	40 ക.	1000 ക.

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം

കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.

ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.

ചൊരിമണലിലെ സംയോജിത കൃഷി വിജയം

ടി. എസ്. വിശ്വൻ

ആലപ്പുഴ ജില്ലയിലെ ചൊരിമണൽ ഗ്രാമങ്ങളിലൊന്നായ കഞ്ഞിക്കുഴിയിൽ കൂട്ടായ്മയോടെ നടപ്പാക്കിയ കേരഗ്രാമം പദ്ധതിയും കുരുമുളക്, കുറ്റിമുല്ല, പച്ചക്കറി വിജയഗാഥകളും പ്രസിദ്ധി നേടിയിട്ടുള്ളതാണ്. കഠിനാദ്ധ്വാനികളും സ്ഥിരോത്സാഹികളുമായ ഒട്ടേറെപ്പേർ ഈ കാർഷിക മുന്നേറ്റത്തിന് കാരണക്കാരായിട്ടുണ്ട്. നാളികേര വികസന ബോർഡ് നടപ്പാക്കിയ നാളികേരക്ലസ്റ്റർ പദ്ധതിയിൽ അരഡസൻ ക്ലസ്റ്ററുകൾ ഈ പഞ്ചായത്തിൽത്തന്നെയായിരുന്നു. നാളികേര സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിച്ചവയിൽ അഞ്ചുഗ്രൂപ്പുകൾ ഇപ്പോഴും പ്രവർത്തിക്കുന്നു. ഒടുവിൽ നാളികേര വികസന ബോർഡിന്റേയും കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റേയും മാർഗ്ഗനിർദ്ദേശങ്ങളോടെ പതിനേഴ് വാർഡുകളിലായി 22 നാളികേര ഉത്പാദക സംഘങ്ങളും പ്രവർത്തിക്കുന്നു. രണ്ട് നാളികേര ഉത്പാദക ഫെഡറേഷനുകളും രൂപീകരിച്ചു ബോർഡിന്റെ അംഗീകാരം നേടിക്കഴിഞ്ഞു. വിവിധ പദ്ധതികളിലൂടെയും പരീക്ഷണങ്ങളിലൂടെയും ചൊരിമണൽ ഗ്രാമത്തിലെ കേരകർഷകർ ഇടവിള കൃഷിയിലും സമ്മിശ്രകൃഷിയിലും സംയോജിത കൃഷിയിലും കാര്യമായ പുരോഗതിതന്നെ നേടിയിട്ടുണ്ട്. നാമമാത്ര കർഷകനായ എസ്. എൽ. പുരം ഭാരതീസദനത്തിൽ ഹരിദാസിന്റെ കൃഷിയിടം തന്നെ അതിന് ഒരു ഉദാഹരണമാണ്.

മുപ്പത്തിരണ്ട് വർഷം മുമ്പ് പട്ടാളത്തിൽ നിന്നും വിരമിച്ച് നാട്ടിലെത്തുമ്പോൾ കയ്യിലുണ്ടായിരുന്ന സമ്പാദ്യം കൊണ്ട് എഴുപതുസെന്റ് വെളിസ്ഥലം സ്വന്തമാക്കി. ഏതാനും പാഴ്മരങ്ങളും കുറ്റിക്കാടുകളും മാത്രമുണ്ടായിരുന്ന ഒരു കൊച്ചുമണൽക്കാടായിരുന്നു തന്റെ ഭൂമിയെന്ന് ഹരിദാസ് പറയുന്നു. പഞ്ചാബിലും മറ്റും ജോലിനോക്കിയിരുന്ന കാലത്ത് അവിടെയുള്ള കൃഷികളേയും കൃഷിക്കാരേയും കുറിച്ച് നന്നായി മനസിലാക്കിയിരുന്നു. അതുകൊണ്ട് തന്നെ നാട്ടിലെത്തി ഭൂമി സ്വന്തമാക്കിയതോടെ കൃഷി ചെയ്യാനുള്ള ഉത്സാഹത്തിലായി. അക്കാലത്ത് കരപ്പുറത്തെ കൃഷിക്കാർ ചെയ്യുന്നത് അനുകരിച്ച് അമ്പതിലേറെ തെങ്ങിൻ തൈകൾ ഹരിദാസും നട്ട് വളർത്തി. ഗുണമേന്മയുള്ള തൈകളുടെ ലഭ്യതയെക്കുറിച്ച് അന്ന് അറിവില്ല. കിട്ടിയ ഇടത്തുനിന്നെല്ലാം തെങ്ങിൻ തൈകൾ സംഘടിപ്പിക്കുകയായിരുന്നു. തന്റെ പ്രയത്നഫലമായി തൈകളെല്ലാം വളർന്നു വലുതായെങ്കിലും പ്രതീക്ഷിച്ചത്ര ഫലം നേടാനായില്ലെന്ന് ഹരിദാസ് നിരാശയോടെ ഓർമ്മിക്കുന്നു. ചെമ്പൻ ചെല്ലിയും കൊമ്പൻ ചെല്ലിയും കാറ്റുവീഴ്ചയുമൊക്കെ കടന്നുവന്ന് ആദായംതരുന്ന തെങ്ങുകളെതന്നെ ഇല്ലാതാക്കിയത് കൂടുതൽ വേദനിപ്പിച്ചു.

തെങ്ങുകൾ കുറഞ്ഞുവന്നപ്പോൾ ആദായത്തിനായി മറ്റ് ഇടവിളകളെക്കുറിച്ചുള്ള അന്വേഷണമാണ് കുരുമുളകുകൃഷിയിൽ എത്തിച്ചത്. അവിടവിടെയായി നിന്ന മരങ്ങളിലും തെങ്ങുകളിലും എന്തിന് ശീമക്കൊന്ന മരങ്ങളിൽപ്പോലും കുരുമുളക് വള്ളികൾ പടർത്തി. രണ്ടുകിന്റൽവരെ കുരുമുളക് ഉത്പാദിപ്പിച്ചപ്പോൾ കൃഷിയിൽ വിജയം കണ്ടെത്താമെന്ന ആത്മവിശ്വാസം ഈ കർഷകനിൽ വർദ്ധിച്ചു. കേരളത്തിലെ ആദ്യത്തെ കേരകർഷക കൂട്ടായ്മയായ പൊന്നിട്ടുശ്ശേരി ഫാർമേഴ്സ് ക്ലബ്ബിന്റെ പ്രവർത്തനം വന്നതോടെ കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റാനും പകരം കുറച്ച് നല്ല തൈകൾ നട്ടുപിടിപ്പിക്കാനും സാധിച്ചു. ഇടവിളയായി പച്ചക്കറികളും കൃഷി ചെയ്തു. ജൈവവളങ്ങൾ സ്വന്തമായി ഉത്പാദിപ്പിക്കാനുള്ള ആഗ്രഹം കൊണ്ടാണ് നല്ലയിനം പശുക്കളെ വാങ്ങിയത്. ക്രമേണ ഇടവിള കൃഷികൾ വ്യാപിച്ചു. എല്ലാവിധ കിഴങ്ങുവർഗ്ഗങ്ങളും കൃഷിചെയ്തു. ചേമ്പും ചേനയും കാച്ചിലും മരച്ചീനിയും ഹരിദാസിന് കൂടുതൽ പ്രിയപ്പെട്ട കൃഷികളായി. തെങ്ങുകളുടെ എണ്ണം നിയന്ത്രിച്ചതിനാൽ ഇടവിളകൾ നന്നായി വളർന്നു. പാവലും പടവലവും, പയറും പീച്ചിലും ഇവിടെ സ്ഥിരം കൃഷികളായി. വിവിധതരം വഴുതനകളും മുളകും വരെ ആദായം തരുന്ന കൃഷികൾ. തൊഴുത്തിലെ വളങ്ങളും പച്ചിലകളും കരിയിലയും പായലും ചാരവും ഒപ്പം രാസവളങ്ങളും ഉപയോഗിച്ചാണ് അന്ന് കൃഷിചെയ്തിരുന്നത്. ഉള്ള ഭൂമിയിൽ ഒത്തിരി വിളകൾ കൃഷിചെയ്ത് നേടിയ വിജയം ഹരിദാസിനും കുടുംബത്തിനും ആശ്വാസം പകർന്നിരുന്നു. ഒരു പട്ടാളക്കാരന്റെ പെൻഷൻ തുകകൊണ്ട് ഭാര്യയും രണ്ട് പെൺമക്കളും അമ്മയും ഉൾപ്പെട്ട കുടുംബത്തിന് മുന്നോട്ടുപോകുവാൻ പ്രയാസമായിരുന്നു. കൃഷിയിലൂടെ നേടിയ വരുമാനമാണ് കുടുംബം പുലർത്താനും കുട്ടികളുട വിദ്യാഭ്യാസത്തിനും സഹായിച്ചതെന്ന് ഈ നാമമാത്ര കർഷകൻ സമ്മതിക്കുന്നു.

“കൃഷിപ്പണികളെല്ലാം ഞാൻ തന്നെ ചെയ്യും. ഭാര്യ പങ്കജവും സഹായിക്കും. ചെറിയ കുട്ടികളായിരുന്നപ്പോൾ തന്നെ എന്റെ രണ്ട് പെൺമക്കളും എന്നെ സഹായിച്ചിരുന്നു. കുരുമുളകായിരുന്നു എനിക്ക് സംതൃപ്തി നൽകിയ ആദ്യത്തെ

ചേനയും കുരുമുളകും വരുമാന വർദ്ധനയ്ക്ക്

കൃഷി. വാട്ടം വന്ന് കുറെ ചെടികൾ പോയെങ്കിലും ഇപ്പോഴും അമ്പതുമരങ്ങളിൽ കുരുമുളക് നന്നായിട്ടുണ്ട്. തെങ്ങിന്റെ കാര്യത്തിൽ ആദ്യമൊക്കെ വിചാരിച്ച നേട്ടങ്ങളുണ്ടായില്ല. ഇപ്പോൾ പുതിയ ഇനങ്ങൾ കൃഷിചെയ്തിട്ടുണ്ട്.നല്ല വിളവ് ലഭിച്ചുതുടങ്ങുന്നുമുണ്ട്. പച്ചക്കറികളും, കിഴങ്ങുകൃഷിയും, വെറ്റിലയും വാഴയുമൊക്കെ ആദായം തരുന്നുണ്ട്. ആദ്യമൊക്കെ രാസവളങ്ങളും മരുന്നുമൊക്കെ കാര്യമായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഇവയെല്ലാം കുറച്ച് ജൈവകൃഷിയിലേയ്ക്ക് വന്നു. ഇപ്പോൾ സുഭാഷ് പലേക്കറുടെ സീറോ ബജറ്റ് കൃഷിയും പരീക്ഷിക്കുന്നുണ്ട്."

ജഴ്സി ഇനത്തിൽപ്പെട്ട രണ്ടു പശുക്കൾ ഹരിദാസിന്റെ തൊഴുത്തിലുണ്ട്. അവയ്ക്ക് നൽകാൻ ആവശ്യമായ പച്ചപ്പുല്ലിന്റെ നല്ലൊരുപങ്കും പുരയിടത്തിൽത്തന്നെ കൃഷിചെയ്തിരിക്കുന്നു. അതിരുകളിലും മതിലിനോടുചേർന്നും മികച്ചയിനം പുല്ലുകൾ തഴച്ചുവളരുന്നു. പശുത്തൊഴുത്തിലെ ചാണകവും മൂത്രവും മറ്റും ശേഖരിച്ച് കമ്പോസ്റ്റ് വളവും ജീവാമൃതവും തയ്യാറാക്കുന്നുണ്ട്. തള്ളയും പിള്ളയുമായി പതിനഞ്ചിലേറെ ആടുകളുമുണ്ട്. വിവിധതരം കോഴികളുടെ എണ്ണം ഇരുപതിലേറെയുണ്ട്. മുട്ടയിടുന്ന പന്ത്രണ്ട് താറാവുകളുമുണ്ട്. അവയുടെ പാലും മുട്ടയും മാത്രമല്ല അവ തരുന്ന ജൈവ വളങ്ങളാണ് തന്റെ ഭൂമിയെ സംരക്ഷിക്കുന്നതെന്ന് ഹരിദാസ് പറയുന്നു.

"ഒരു പൈസയുടെ വളം പോലും ഇന്ന് ഞാൻ പുറമെ നിന്നും വാങ്ങുന്നില്ല. പറമ്പിലെ മുഴുവൻ കളച്ചെടികളും കരിയിലയും ശീമക്കൊന്നയിലയുമെല്ലാം ശേഖരിച്ച് ഓരോന്നിന്റേയും ചുവട്ടിൽ വയ്ക്കും. ചാണകവും ഗോമൂത്രവും പയർപൊടിയും ശർക്കരയും ഒരുപിടിമണ്ണും ചേർത്ത് ജീവാമൃതമുണ്ടാക്കി തെങ്ങിനും വാഴയ്ക്കും പച്ചക്കറികൾക്കും കുരുമുളകിനുമൊക്കെ നൽകും. പലേക്കർജി പറയുംപോലെ നാടൻ പശു ഇല്ലെന്നേയുള്ളു. ജീവാമൃതമുണ്ടാക്കാൻ ഞാൻ കൂടുതൽ ചാണകവും ഗോമൂത്രവും ഉപയോഗിക്കും."

രണ്ടുവർഷമായി ജീവാമൃതം നൽകിപ്പോരുന്ന തൈത്തെങ്ങുകളെ ചൂണ്ടിക്കാട്ടിക്കൊണ്ട് ഹരിദാസ് പറഞ്ഞു.

"ഡി X ടി ഇനത്തിൽപ്പെട്ട തെങ്ങുകളാണ്. രണ്ടുവർഷമായി ജീവാമൃതം ഒഴിക്കുന്നുണ്ട്. അതിന്റെ ഫലം മുകളിൽ കാണാനുണ്ട്."

നിറകുലകളുമായി നിൽക്കുന്ന തെങ്ങുകളുടെ കീഴിൽ ഹരിദാസ് എന്ന കർഷകന് തികഞ്ഞ ആത്മസംതൃപ്തി.

കന്യേയുള്ള കുളത്തിൽ നിറയെ മലേഷ്യൻ വാള എന്ന മത്സ്യത്തിന്റെ മലക്കം മറിച്ചിൽ! നാലുവർഷത്തിലേറെയായത്രേ മത്സ്യകൃഷി തുടങ്ങിയിട്ട്. നാല് സെന്റ് തികച്ചില്ലാത്ത തന്റെ കുളത്തിൽനിന്നും ഓരോവർഷവും അയ്യായിരം രൂപയിൽ കുറയാത്ത വരുമാനം ലഭിക്കുന്നുണ്ട്. കുളത്തിലെ വെള്ളം പുരയിടത്തിലെ പുല്ലിനും പച്ചക്കറികൾക്കും നൽകുന്നതുമൂലം അവയ്ക്കെല്ലാം നല്ല വളർച്ചയും കാണാനുണ്ട്. കുളത്തിൽ വളരുന്ന കുടപ്പായലും ഒന്നാംതരം ജൈവവളം!.

ചെറുതെങ്കിലും തികച്ചും സംയോജിതമെന്നു പറയാവുന്ന ഈ കൃഷിത്തോട്ടത്തിൽ ഇല്ലാത്ത ഇടവിളകളൊന്നുമില്ല. എല്ലാവിധ വാഴകളും വിവിധ പ്രായത്തിലുള്ള മരച്ചീനികളും ചേമ്പും, ചേനയും, വാഴക്കാച്ചിലും, എലിവാലൻ കാച്ചിലും, ഇഞ്ചിയും, മഞ്ഞളും കുരുമുളകുമെല്ലാം നിറഞ്ഞുനിൽക്കുന്നു. കായ്ച്ച് തുടങ്ങിയ ജാതികൾ, മുറ്റത്തിനലങ്കാരമായി വിളഞ്ഞുകിടക്കുന്ന പാഷൻ ഫ്രൂട്ട്, പൈനാപ്പിൾ, കായ് ഫലങ്ങളുള്ള ഒരു ഡസൻ പപ്പായകൾ....

പുരയിടകൃഷിയിൽ പശു മികച്ച ജൈവവള സ്രോതസ്സ്

പപ്പായയെ സംബന്ധിച്ച ഒരു രഹസ്യം കൂടി ഹരിദാസ് വെളിപ്പെടുത്തി.

"ചെനച്ച് തുടങ്ങുമ്പോൾതന്നെ പപ്പായക്കായ്കൾ അടർത്തി രണ്ടായി മുറിച്ച് കോഴിക്കൂട്ടിൽ വയ്ക്കും. കോഴികൾ ഓരോന്നായി അവ മുഴുവൻ കൊത്തിത്തിന്നും. നിത്യവും അവ മുട്ടയിടുന്നതിനും ഇത് സഹായിക്കുന്നുണ്ട്."

പത്തുവർഷമായി ആടിനെ വളർത്തുന്നു. ഒരു വർഷം പ്രായമായ മുട്ടനാടിനെ വിറ്റാൽ മൂവായിരത്തിൽ കുറയാതെ വിലകിട്ടും. ആവശ്യക്കാർക്ക് വളർത്താൻ ആട്ടിൻ കുട്ടികളെയും നൽകും. വീട്ടാവശ്യത്തിന് പുറമെ ചോദിച്ചുവരുന്നവർക്ക് ആട്ടിൻപാൽ നൽകും. പശുവിൻ പാൽ തൊട്ടടുത്തുള്ള ക്ഷീരസഹകരണസംഘത്തിലാണ് നൽകുന്നത്. പാലിനുവില കൂട്ടിയതുമൂലം ക്ഷീരകർഷകന് ആശ്വാസമുണ്ടെന്ന് ഹരിദാസ് പറയുന്നു. പുല്ലും മറ്റും ഉത്പാദിപ്പിച്ചുനൽകുന്നവർക്ക് കൂടുതൽ നേട്ടമുണ്ടാകുമെന്നാണ് ഈ കർഷകന്റെ അഭിപ്രായം.

"പശുവും കോഴിയും താറാവും ആടുമെല്ലാം തരുന്ന വളമാണ് കർഷകനെ സംബന്ധിച്ച് മഹാകാര്യം!. അവ വേണ്ടവണ്ണം ഉപയോഗിച്ചാൽ നേട്ടം വലുതാണ്."

മണ്ണിനെ അടുത്തറിയുന്ന ഈ സംയോജിത കർഷകൻ ചെലവ് കുറഞ്ഞ കൃഷിമാർഗ്ഗങ്ങളിലൂടെ കുടുതൽ ആദായമുണ്ടാക്കാമെന്ന് മറ്റുള്ളവരെ പറഞ്ഞുമനസ്സിലാക്കും. ജൈവ കർഷകസമിതി അംഗമായ ഹരിദാസ് കർഷകയോഗങ്ങളിൽ പങ്കെടുത്ത് തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കാറുണ്ട്. കൃഷിയുടെ നഷ്ടക്കണക്കുകളും കൃഷിയിൽ നിന്നും അഭ്യസ്തവിദ്യരടക്കം അകന്നുപോകുന്നതുമെല്ലാം എന്തുകൊണ്ട് എന്നുചോദിച്ചാൽ ഹരിദാസിന് മറുപടി സ്വന്തം ജീവിതാനുഭവങ്ങൾ മാത്രമാണ്.

"എഴുപത് സെന്റിലെ കൃഷികൊണ്ടുമാത്രമാണ് എന്റെ കുടുംബം പുലരുന്നത്. എന്റെ മക്കളെ രണ്ടുപേരേയും അത്യാവശ്യം പഠിപ്പിച്ചതും വിവാഹം കഴിച്ച് അയച്ചതുമെല്ലാം കൃഷികൊണ്ടാണ്. മൂത്തമകളുടെ ഭർത്താവ് ജവാനാണ്. ഇളയയാളുടെ ഭർത്താവ് കേരളാപോലീസിലും. എൺപത്തിയേഴ് വയസ്സായ എന്റെ അമ്മയും എന്നോടൊപ്പമുണ്ട്. പേരക്കുട്ടികളും അധികസമയവും ഞങ്ങളുടെ കൂടെയുണ്ട്. ഞങ്ങൾ തികച്ചും ഒരു സന്തുഷ്ടകുടുംബമായി കഴിയുന്നത് കൃഷിയിലെ വരുമാനവും കൃഷി നൽകുന്ന അനുഗ്രഹവും കൊണ്ടാണ്."

ഫോൺ നമ്പർ: 9447952885

ചിന്ത, കരിക്കാട് പി. ഒ., ആലപ്പുഴ, ഫോൺ : 9496884318

കൊപ്ര ഉണ്ടാക്കുവാൻ സൗരോർജ്ജ ഡ്രയർ



തേങ്ങയുടെ കാമ്പിൽ ഏകദേശം 45 മുതൽ 50 ശതമാനം വരെ ജലാംശം ഉണ്ടായിരിക്കും. ഗുണമേന്മയുള്ള കൊപ്ര ലഭിക്കുന്നതിന് തേങ്ങയിലെ ജലാംശം 5 ശതമാനമായി കുറയ്ക്കേണ്ടതുണ്ട്. നാളികേരം വെയിലത്തുവെച്ചുണക്കുവാൻ തുറസ്സായ സ്ഥലത്ത് വയ്ക്കുന്നതിനാൽ അന്തരീക്ഷത്തിലെ പൊടിപടലങ്ങളും മറ്റും വന്നടിയുന്നു. കൂടാതെ ഉണക്കുവാൻ 7-8 ദിവസം വേണ്ടി വരുകയും ചെയ്യും. ഈ വേളയിൽ നന്നായി വെയിൽ കിട്ടിയില്ലെങ്കിൽ കൊപ്രയിൽ പൂപ്പൽ പിടിക്കുകയും നിറഭേദം വരികയും ചെയ്യുന്നു.

ഗുണമേന്മയുള്ള കൊപ്ര ഉണ്ടാക്കുവാൻ കാസറഗോഡ് കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനം പലതരം ഡ്രയറുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിൽ ഏറ്റവും പുതിയതാണ് സൗരോർജ്ജഡ്രയർ.

അർദ്ധവൃത്താകൃതിയിലുള്ള ഈ ഡ്രയറിന്റെ പ്രതലവിസ്തീർണ്ണം (floor area) 3.5 മീറ്റർ X 3.0 മീറ്റർ ആണ്; കൂടിയ ഉയരം 3 മീറ്ററും. 200 മൈക്രോൺ കനമുള്ള, അൾട്രാവയലറ്റ് രശ്മികളെ പ്രതിരോധിക്കാൻ ശേഷിയുള്ള സുതാര്യമായ പ്ലാസ്റ്റിക് ഷീറ്റ് കൊണ്ടാണ് ഇതിന്റെ മേൽക്കൂര നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ അകത്ത് സൗരോർജ്ജം ആഗിരണം ചെയ്യാൻ 250 മൈക്രോൺ ഘനമുള്ള കറുത്ത പോളിത്തീൻ ഷീറ്റ് വിരിച്ചിരിക്കുന്നു. ഇതിന് താഴെ 10 സെ.മീ. ഘനമുള്ള തെർമോക്കോൾ ഷീറ്റ് അല്ലെങ്കിൽ പ്ലൈവുഡ് ഷീറ്റ് വിരിക്കണം. ചൂട് താഴോട്ട് പ്രവഹിച്ച് നഷ്ടപ്പെടാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്.

സൗരോർജ്ജ ഡ്രയറിന്റെ മേൽക്കൂരയിൽ കൂടി അകത്തുകടക്കുന്ന സൂര്യപ്രകാശത്തെ താഴെ വിരിച്ചിരിക്കുന്ന കറുത്ത ഷീറ്റ് (solar collector) ആഗിരണം ചെയ്ത് താപോർജ്ജമായി മാറ്റുന്നു. ഇത് പോളിത്തീൻ ഷീറ്റിനെ ഭേദിച്ച് പുറത്തു പോകില്ല; മാത്രമല്ല, ഈ താപോർജ്ജം താപപ്രസരണം നടത്തി ഡ്രയറിനകത്ത് നിറഞ്ഞ് നിൽക്കുന്നു. ഡ്രയറിനകത്തേക്ക് ശുദ്ധവായു കടക്കാൻ താഴെ നീളത്തിൽ ദ്വാരം കൊടുത്തിട്ടുണ്ട്. അതുപോലെ നിർഗ്ഗമന വായുവിന് പുറത്തേക്കുപോകാൻ മേൽക്കൂരയിൽ രണ്ട് ചിമ്മിനികളും കൊടുത്തിട്ടുണ്ട്. ഡ്രയറിനകത്ത് വെക്കാൻ പറ്റിയ രൂപത്തിൽ രണ്ട് ട്രോളികളും, അതിൽ വെക്കാൻ പാകത്തിൽ ട്രേകളും ഉണ്ടാക്കിയിട്ടുണ്ട്. നാളികേരം ഉടച്ചതിനുശേഷം ട്രേയിൽ അടുക്കി വെച്ച് ട്രോളിയെ ഡ്രയറിനകത്തേക്ക് തള്ളി വിടണം.

രാത്രികാലത്ത് ഡ്രയറിനകത്തുള്ള നീരാവി തണുത്ത് കൊപ്രയിൽ വീഴാനും തദ്വാരാ കൊപ്രയിൽ പൂപ്പൽ പിടിക്കാനും സാധ്യതയുണ്ട്. ഇത് ഒഴിവാക്കാൻ ഡ്രയറിൽ ചിമ്മിനിയെ കൂടാതെ ഒരു എക്സോസ്റ്റ് ഫാനും (exhaust fan) ഘടിപ്പിച്ചിട്ടുണ്ട്. 1/8 എച്ച്.പി. ശക്തിയുള്ള ഈ പങ്ക രാത്രികാലം മുഴുവൻ സമയവും പ്രവർത്തിപ്പിച്ചാൽ മാത്രമേ നീരാവി തണുക്കുന്നത് ഒഴിവാക്കാൻ പറ്റുകയുള്ളൂ.



ശേഷം 27-ാം പേജിൽ

കേരാധിഷ്ഠിത ബഹുവിള കൃഷി സമ്പ്രദായം

ടി. വി. തോമസ്

മണ്ണ്, വെള്ളം, വളം, വായു, സൂര്യപ്രകാശം എന്നീ അടിസ്ഥാന ഘടകങ്ങൾ എല്ലാ കൃഷിക്കും ആവശ്യമാണ്. ഇവ ഓരോ കൃഷിക്കും വേണ്ട അളവിലും, അനുപാതത്തിലും കിട്ടത്തക്കവണ്ണം ഇടയകലം നൽകി കൃഷി ക്രമീകരിക്കണം. തെങ്ങ് എല്ലാവിളകൾക്കും ആശ്രയം നൽകുന്ന വൃക്ഷമാണ്. ശാസ്ത്രീയ രീതിയിൽ ഇടയകലം നൽകി നട്ടിരിക്കുന്ന തെങ്ങിൻ തോട്ടത്തിൽ എല്ലാത്തരം ഇടവിളകളും മിശ്രവിളകളും കൃഷി ചെയ്യാവുന്നതാണ്. ഒരു സ്ഥലത്ത് തന്നെ ദീർഘകാല വിളകളും തന്നാണ്ട് വിളകളുമായി ആറോ ഏഴോ വിളകൾ ഒരേസമയത്ത് കൃഷി ചെയ്യാം. നിരപ്പ് സ്ഥലം ആണെങ്കിൽ ചിത്രം(1)ൽ കാണിച്ചിരിക്കുന്ന അകലത്തിൽ ഇടവരമ്പുകളും നീർക്കുഴികളും നിർമ്മിച്ച് കുറഞ്ഞ ചെലവിൽ തന്നെ കൃഷി സ്ഥലത്ത് പെയ്തിറങ്ങുന്ന മഴവെള്ളം പൂർണ്ണമായ തോതിൽ മണ്ണിൽ താഴ്ത്തുവാൻ സാധിക്കും. ഒപ്പം മണ്ണ് സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. കൃഷി ഭൂമികൾ കൂടുതലും ചരിവുള്ള സ്ഥലം ആയതുകൊണ്ട് മണ്ണ് ഒരുക്കുന്നതിന്റെ ചെലവ് വർദ്ധിക്കും. ചെരിവ് സ്ഥലങ്ങളിൽ കോണ്ടൂർ ലൈനടിച്ച് ഇടക്കയ്യാലകൾ തന്നെ തീർക്കണം. ചരിവ് എത്രകൂടിയാലും കയ്യാലയുടെ ഉയരം ഒരുമീറ്ററിൽ കൂടരുത് ഒരു മീറ്റർ ഉയരത്തിൽ കയ്യാല വെച്ച് ആ ഉയരത്തിൽ നിരപ്പാക്കി അടുത്ത കയ്യാല കെട്ടണം. ഒരു മീറ്റർ ഉയരത്തിൽ മൂന്ന് മീറ്റർ നിരപ്പ് കിട്ടുന്ന ചരിവുള്ള സ്ഥലമാണെങ്കിൽ ഒരു ഏക്കർ സ്ഥലത്ത് 1200 മീറ്റർ കയ്യാല വരും. ഒരു മീറ്റർ കയ്യാലക്ക് 100 രൂപ ചെലവ് കണക്കാക്കിയാൽ 120000 (ഒരു ലക്ഷത്തി ഇരുപതിനായിരം) രൂപ ഒരു ഏക്കർ സ്ഥലത്തിന് ചെലവ് വരും. ചെരിവ് സ്ഥലങ്ങളിൽ ഈ ചെലവ് കൂടി മൊത്തം ചെലവിന്റെ കൂടെ കൂട്ടണം. ഒരേക്കർ സ്ഥലത്ത് തെങ്ങുകൃഷി തുടങ്ങുന്നതിന് 13,280 രൂപയോളം ചിലവ് കണക്കാക്കാം. ഇടവിളയായി ജാതി കൃഷി തുടങ്ങുന്നതിന് 9,760 രൂപയും കുരുമുളക് നടുന്നതിന് 15,760 രൂപയും വാഴകൃഷിക്ക് 22960 രൂപയും ചേന നടുന്നതിന് 4,440 രൂപയും ചേമ്പ് നടുന്നതിന് 1,188 രൂപയും ചിലവ് വരുന്നതായും നീർക്കുഴികളും ഇടവരമ്പുകളും ഉണ്ടാക്കുന്നതിന് 50,800 രൂപയും ചിലവ് കണക്കാക്കിയാൽ മൊത്തം ചിലവ് 1,18,188 രൂപയോളം വരും. ചെലവ് എത്ര കൂടിയാലും ഭൂമി ഉള്ളിടത്തോളം കാലം പെയ്തിറങ്ങുന്ന മഴവെള്ളം ഒരു തുള്ളി പോലും ഒഴുകി നഷ്ടപ്പെടാതെ ഭൂഗർഭജലമായി മാറ്റാൻ സാധിക്കും, ഒപ്പം മണ്ണ് സംരക്ഷണവും ഉറപ്പ് വരുത്തുന്നു.

കൃഷിയുടെ ഉപതൊഴിലായി കാലിവളർത്തൽ നടത്തണം. സ്ഥലത്തിന്റെ വിസ്തീർണ്ണം അനുസരിച്ച് കന്നുകാലികളുടെ എണ്ണം നിശ്ചയിക്കണം. ഗോബർഗ്യാസ് പ്ലാന്റ് നിർമ്മിച്ച് ചാണകം, ഗോമൂത്രം എന്നിവ വളമാക്കി മാറ്റി തോട്ടത്തിൽ എല്ലാ വിളകൾക്കും കിട്ടത്തക്കവണ്ണമുള്ള സംവിധാനങ്ങൾ ഒരുക്കണം. തോട്ടത്തിലെ പാഴ്‌വസ്തുക്കൾ ശേഖരിച്ച് മണ്ണിര കമ്പോസ്റ്റാക്കി തിരിച്ച് നൽകണം.

നേട്ടങ്ങൾ

വിവിധ കാലങ്ങളിൽ വിളവ് ഉണ്ടാകുന്നതുകൊണ്ട് കൃഷിഭൂമിയിൽ 12 മാസവും വിളവെടുപ്പ് കാലമായി മാറുന്നു. പ്രകൃതി സമ്പത്തായ മണ്ണ്, മഴ, സൂര്യപ്രകാശം എന്നിവയും പാഴ്‌വസ്തുക്കളുടെ പുനരുപയോഗവും വഴി വിളവ് വർദ്ധിപ്പിക്കുകയും പ്രകൃതിസംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഒരു വിളയ്ക്ക് ചെയ്യുന്ന സംരക്ഷണം എല്ലാ വിളയ്ക്കുമായി തീരുന്നതുകൊണ്ട് കൃഷി ചെലവ് കുറയുന്നു. സർവ്വോപരി ആവർത്തന വിരസത ഒഴിവാക്കി കൃഷി ആദായകരമായ ഒരു തൊഴിലായി മാറുന്നു. ദേശിയ തലത്തിൽ തന്നെ പ്രതിവിധി കണ്ടെത്താൻ കഴിയാത്ത വെള്ളപ്പൊക്കം, വരൾച്ച, മണ്ണൊലിപ്പ്, മാലിന്യ സംസ്ക്കരണം എന്നീ പ്രതിസന്ധികൾക്ക് കൃഷി നവീകരണം ഉത്തമമായ പരിഹാരമാർഗ്ഗമാണ്. സമ്പൂർണ്ണമായ കൃഷി നവീകരണം എന്ന ആശയം സർക്കാർ തലത്തിൽ ചർച്ച ചെയ്ത് അംഗീകരി

ഒരേക്കർ സ്ഥലത്ത് കേരാധിഷ്ഠിത ബഹുവിളകൃഷിയുടെ രൂപരേഖ



ക്കണം അതോടൊപ്പം റീപ്ലാന്റ് പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പാക്കണം. ഒരു പത്ത് വർഷം കൊണ്ട് പൂർണ്ണമായി കൃഷി നവീകരിക്കപ്പെടുമെന്ന ലക്ഷ്യം മുന്നിൽ കാണണം. ആവർത്തനകൃഷിക്ക് മേൽ കാണിച്ചിരിക്കുന്ന ചെലവുകൾക്ക് പുറമേ തെങ്ങ് മുറിച്ച് മാറ്റിയ കൃഷിഭൂമിയിലെ വരുമാനം കൃഷിക്കാരന് ഓരോവർഷവും കിട്ടത്തക്ക വണ്ണം ഉള്ള വായ്പ സമ്പ്രദായങ്ങൾ ക്രമീകരിക്കണം. ഏഴ് വർഷക്കാലത്തേക്കും സഹായം തുടരണം. 7-ാം വർഷം തുടങ്ങി കൃഷിഭൂമിയുടെ വരുമാനം കൊണ്ട് തന്നെ അടുത്ത ഏഴ് വർഷം കൊണ്ട് വായ്പ തിരിച്ചടക്കാൻ കർഷകർ പ്രാപ്തനാകും ഇതുവഴി ഇപ്പോൾ സർക്കാർ നൽകുന്ന കാർഷിക സഹായങ്ങൾ കൃഷി മാറ്റത്തിന് തയ്യാറാകുന്ന കൃഷിക്കാരുടെ പലിശ സബ്സിഡിയായി പ്രഖ്യാപിക്കുക. ഈ വിധത്തിലുള്ള സംരക്ഷണ നടപടികൾ ഉണ്ടായാൽ കൃഷി നവീകരണത്തിന് കർഷകർ തയ്യാറാകും. കാർഷിക പ്രതിസന്ധി പരിഹരിക്കപ്പെടും.

കർഷകശ്രീ 2002, വെറ്റിലപ്പാറ പി.ഒ., അരീക്കോട് വഴി, മലപ്പുറം

25-ാം പേജിൽ നിന്ന് തുടർച്ച

സോളാർ കളക്ടറും കറുത്ത പെയിന്റടിച്ച ട്രോളികളും സൂര്യപ്രകാശത്തെ ആഗിരണം ചെയ്ത് താപോർജ്ജമാക്കി മാറ്റുന്നു. ഈ താപോർജ്ജമാണ് ട്രേയിൽ വെച്ചിരിക്കുന്ന നാളികേര മുറികളെ ഉണക്കുന്നത്. സോളാർ ഡ്രയറിനകത്ത് അന്തരീക്ഷ ഊഷ്മാവിനെക്കാൾ 15-20 ഡിഗ്രി സെന്റിഗ്രേഡ് ചൂട് കൂടുതലായിരിക്കും. അതുപോലെ ആപേക്ഷിക ജലസാന്ദ്രത സോളാർ ഡ്രയറിൽ പുറത്തുള്ളതിനേക്കാൾ 15-20 ശതമാനം കുറവായിരിക്കും. ഈ രണ്ട് കാരണങ്ങളാൽ നാളികേരമുറികൾ, സോളാർ ഡ്രയറിൽ വേഗം ഉണങ്ങികിട്ടുന്നു. നാളികേരം വെയിലത്ത് വെച്ചുണക്കാൻ 7-8 ദിവസം വേണ്ടിവരുമ്പോൾ ഈ ഡ്രയറിൽ ഉണക്കാൻ 3-3½ ദിവസം (27-32 മണിക്കൂറുകൾ) മാത്രമെ വേണ്ടൂ. കൂടാതെ ഈ രണ്ടുരീതിയിലും ഉണക്കിയ കൊപ്ര സാമ്പിളുകൾ പരിശോധിച്ചപ്പോൾ ഡ്രയറിൽ ഉണക്കിയ കൊപ്രയിൽ പൂപ്പലുകളും വിനാശകാരികളായ ബാക്ടീരിയകളും തീരെ കുറവാണെന്നും കാണുകയുണ്ടായി (പട്ടിക-1 നോക്കുക).

പട്ടിക - 1. കൊപ്രയിൽ സൂക്ഷ്മാണുജിവികളുടെ അളവ്

സൂക്ഷ്മാണുജീവികൾ	വെയിലത്ത് ഉണക്കിയപ്പോൾ	സൗരോർജ്ജ ഡ്രയറിൽ ഉണക്കിയപ്പോൾ
പൂപ്പൽ (×100)	6.6653	2.095
ബാക്ടീരിയ (×100)	15.1481	4.4269
മറ്റുവിനാശകാരികൾ (×100)	3.93	1.2142

അന്തരീക്ഷം മേഘാവൃതമാവുകയോ അല്ലെങ്കിൽ ചാറ്റൽ മഴ പെയ്യുകയോ ചെയ്യുമ്പോൾ അന്തരീക്ഷോഷ്മാവ് കുറയുന്നു. അതോടൊപ്പം ഡ്രയറിനകത്തുള്ള ഊഷ്മാവും കുറയും. എന്നാൽ ഇത് സാധാരണ പുറത്തുണ്ടായിരിക്കുന്ന ചൂടിനെക്കാൾ കൂടുതലായിരിക്കും. അതുകൊണ്ട് പ്രതികൂലപരിസ്ഥിതിയിൽ പോലും സൗരോർജ്ജഡ്രയറിൽ ഗുണമേന്മയുള്ള കൊപ്ര ഉണ്ടാക്കാവുന്നതാണ്.

ഈ ഡ്രയറിന്റെ നിർമ്മാണച്ചെലവ് ഏതാണ്ട് 13650 രൂപയാണ്. ഇതിന്റെ മേൽക്കൂരക്കുപയോഗിച്ച ഷീറ്റ് രണ്ടുവർഷം കൂടുമ്പോൾ മാറ്റേണ്ടിവരും. ഇതോടൊപ്പം മറ്റു ചെലവുകളും കൂടി കണക്കിലെടുത്ത് നോക്കിയപ്പോൾ കണ്ടത് ഒരു കിലോ കൊപ്ര ഉണ്ടാക്കാൻ 1.25 രൂപ ചെലവാകും എന്നാണ്. ഒരു ബാച്ചിൽ 1500 തേങ്ങ ഉണക്കാം. അതുകൊണ്ട് ചെറുകിട, ഇടത്തര കർഷകർക്ക് ഈ ഡ്രയർ ഉപയോഗപ്രദമാകും. ഇത് കൊപ്ര ഉണക്കാൻ മാത്രമല്ല, അടയ്ക്ക, കുരുമുളക്, ഇഞ്ചി, എലക്കായ് എന്നീ വിളകൾ ഉണക്കാനും ഉപയോഗിക്കാം.

കടപ്പാട്: കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം

സമ്മിശ്രകൃഷി ജോഷിക്ക് ബിസിനസ്സ് തന്നെ

മൃദുല കെ.

"ആരുടേയും കീഴിൽ ജോലി ചെയ്യാൻ എനിക്ക് ഇഷ്ടമല്ല. സ്വതന്ത്രമായി, ഇഷ്ടത്തിനനുസരിച്ച് തൊഴിൽ എടുക്കാനായാണ് ഞാൻ കൃഷി തെരഞ്ഞെടുത്തത്. ഇപ്പോൾ ഞാൻ പൂർണ്ണ സംതൃപ്തനാണ്", കോഴിക്കോട് കട്ടിപ്പാറയിലെ ജോഷി ജോസഫ് പറയുന്നു. കോട്ടയം ജില്ലയിലെ പാലയിൽ നിന്ന് 60 വർഷം മുമ്പ് കട്ടിപ്പാറയിലെത്തിയതാണ് ജോഷിയുടെ പിതാവ് ജോസഫും കുടുംബവും.

തെങ്ങ് തന്നെയാണ് എട്ട് ഏക്കർ കൃഷി സ്ഥലത്തെ മുഖ്യവിള. തുടക്കത്തിൽ 160 തെങ്ങുകളുണ്ടായിരുന്നത് ഇപ്പോൾ 272 എണ്ണമായിരിക്കുന്നു. എല്ലാം തന്നെ പ്രകൃത്യാ സങ്കരണം നടന്നുണ്ടായ ടി x ഡി ഇനത്തിൽപ്പെട്ടവ. ഒരു തെങ്ങിൽ നിന്ന് ശരാശരി 160 തേങ്ങ കിട്ടും. ഒരു വർഷം 45000ത്തോളം തേങ്ങ കിട്ടുന്നുണ്ട്. സമ്മിശ്രകൃഷി രീതിയാണ് ജോഷി അവലംബിച്ചിരിക്കുന്നത്. തെങ്ങിന് പുറമേ 2000 കമുകും 2000 കുരുമുളക് വള്ളികളും 100 ജാതിയും 300 കൊക്കോ ചെടികളും കൃഷി ചെയ്യുന്നുണ്ട്. ഇവ കൂടാതെ, വാഴയും കപ്പയും ഇടവിളയായി കൃഷി ചെയ്യുന്നു. ഗാർഹികാവശ്യങ്ങൾക്കായി ചെറിയ തോതിൽ പച്ചക്കറികൃഷിയുമുണ്ട്. കാലിത്തീറ്റയ്ക്കായി തീറ്റപ്പുല്ലും കൃഷിചെയ്യുന്നുണ്ട്. നാല് കറവപ്പശുക്കളേയും ജോഷി വളർത്തുന്നുണ്ട്. കോഴികൃഷിയുടെ ചുമതല ഭാര്യ ഷൈനിക്കാണ്.

ജൈവവളവും രാസവളവും വിളകൾക്ക് നൽകുന്നുണ്ട്. ചാണകമാണ് പ്രധാനമായും ജൈവവളമായി ഉപയോഗിക്കുന്നത്. തോട്ടത്തിലുടനീളം ചാല് കീറി സ്വന്തമായുള്ള ബയോഗ്യാസ് പ്ലാന്റിലെ സ്ലറി വിളകൾക്കെല്ലാം മാസത്തിലൊരിക്കൽ പമ്പ് ചെയ്തുകൊടുക്കുന്നു. കൂടാതെ, ആണ്ടിൽ ഒരു പ്രാവശ്യം രാസവളങ്ങളും സ്ലറിയുമായി കലർത്തിയും പമ്പ് ചെയ്ത് കൊടുക്കുന്നുണ്ട്.

ബഹുവിളസമൃദ്ധി

തോട്ടത്തിൽ ബണ്ടുകൾ നിർമ്മിച്ച് മഴവെള്ളം ഒലിച്ചുപോകാതെസംരക്ഷിക്കുന്നു. ഇതുവഴി മണ്ണിലെ ഈർപ്പാംശം എല്ലായ്പ്പോഴും നിലനിൽക്കുന്നു. ജലസേചനം മുഖ്യമായും സ്പ്രിംഗ്ളർ ഉപയോഗിച്ചാണ്. പുരയിടത്തിലെ ഒരിക്കലും വറ്റാത്ത കുളത്തിൽ നിന്നാണ് വർഷം മുഴുവൻ നനയ്ക്കാനുള്ള വെള്ളം എടുക്കുന്നത്. തൊട്ടത്തിലൊട്ടാകെ കരിയിലകളും പച്ചിലകളും കൊണ്ട് പുതയിട്ടിട്ടുണ്ട്. തൊണ്ട് കൊണ്ടും തോട്ടത്തിൽ പുതയിടീൽ നടത്തിയിട്ടുണ്ട്.

പ്രത്യേകിച്ച് രോഗ-കീട ബാധയൊന്നും കാണാത്തതിനാൽ കീടനാശിനി പ്രയോഗമൊന്നും നടത്താറില്ല. ഇടയ്ക്ക് ചില തെങ്ങുകൾക്ക് ചെന്നീരൊലിപ്പ് രോഗം ബാധിച്ചിരുന്നു അവ വെട്ടിമാറ്റി പുതിയ തൈകൾ നടുകയാണ് ചെയ്തത്.

ഈർപ്പസംരക്ഷണത്തിനായി തൊണ്ട് മൂടൽ

തേങ്ങ വർഷത്തിൽ ആറ് തവണ വിളവെടുക്കാറുണ്ട്. പ്രാദേശിക വിപണിയിലും സഹോദരൻ നടത്തുന്ന കട്ടിപ്പാറ ഓയിൽ മില്ലിലും വിൽക്കുകയാണ് പതിവ്. കരിക്ക് വിൽക്കുന്നത് കൂടുതൽ ആദായകരമാണെന്ന അഭിപ്രായമാണ് ജോഷിക്കുള്ളത്. ഇടവിളയായി കൃഷി ചെയ്യുന്ന കൊക്കോ കാഡ്ബറിയാണ് വാങ്ങുന്നത്.

മറ്റ് ഇടവിളകളിൽ നിന്നും സമ്മിശ്രവിളകളിൽ നിന്നുമായി ഒരു ലക്ഷത്തിലധികം രൂപ ആദായമുണ്ട്. പശുവിൻ പാൽ മിൽമയ്ക്ക് വിൽക്കുന്നു.

ജോഷി 2006-08 കാലയളവിൽ നാളികേര വികസന ബോർഡിന്റെ ക്ലസ്റ്റർ കൺവീനറായി പ്രവർത്തിച്ചിരുന്നു. ക്ലസ്റ്ററിലെ പ്രവർത്തനാനുഭവം മുൻ നിർത്തിക്കൊണ്ട് തെങ്ങിൻ തോട്ടത്തിൽ സമ്മിശ്രകൃഷിയും ബഹുവിളകൃഷിയും അവലംബിക്കുന്നതിലൂടെ ആദായത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാമെന്ന് ജോഷി സാക്ഷ്യപ്പെടുത്തുന്നു. ജോഷിയുടെ ക്ലസ്റ്റർ ചെമ്പ്രക്കുണ്ട നാളികേരോത്പാദക സംഘം എന്ന പേരിൽ ബോർഡിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

തന്റെ കാർഷികവിജയത്തിന്റെ ഖ്യാതിയെല്ലാം കുടുംബാംഗങ്ങൾക്ക് നൽകുകയാണ് ഇദ്ദേഹം. പിതാവിന്റേയും മാതാവ് മേരിയുടേയും മേൽനോട്ടത്തിലാണ് കൃഷിപ്പണികളും കന്നുകാലി വളർത്തലും മറ്റും. കൃഷിയെ ഒരു ബിസിനസ്സായി കണ്ടാൽ മാത്രമേ അതിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിയൂ എന്ന വിശ്വാസമാണ് ജോഷിക്കുള്ളത്. യുവതലമുറ കൂടുതലായി കൃഷിയിൽ ഏർപ്പെടണമെന്ന അഭിപ്രായക്കാരനാണ് ഇദ്ദേഹം.

മേൽവിലാസം: ജോഷി എം. തോമസ്, മണിമല ഹൗസ്, കട്ടിപ്പാറ പി.ഒ., കോഴിക്കോട്, 673573, ഫോൺ: 9446953185, 0495-2270237

ടെക്നിക്കൽ ഓഫീസർ,
നാളികേര വികസന ബോർഡ്, കൊച്ചി -11

പച്ചിലവിരിപ്പിട്ട തെങ്ങിൻ തടങ്ങൾ

പി. അനിതകുമാരി

ഞങ്ങളുടെ സാറിന്റെ വീട്ടിലേക്കുള്ള യാത്രകൾ രസകരമായ പഠനാവസരമായിരുന്നു. പച്ചത്തലപ്പുറ്റ തെങ്ങുകളും നിറയെ ഇടവിളകളും കിളികളും പൂമ്പാറ്റകളും കുളിരും കാറ്റും മണ്ണിന്റെ നനുത്ത സ്പർശവും ഒക്കെ ഈ പറമ്പിന്റെ പ്രത്യേകതകളാണ്. സാറ് എപ്പോഴും കൃഷിപ്പണിയിൽ തന്നെയാകുമെന്ന് അറിയുന്നതിനാൽ നേരെ പറമ്പിലേക്ക് വച്ചുപിടിച്ചു. കൈക്കോട്ട് കൊണ്ട് മഞ്ഞളിന് ചിക്കി വളമിടുന്ന സാറിനെ കണ്ടു. ഞങ്ങളുടെ ശബ്ദം കേട്ടതും സാറ് കൈയൊക്കെ തട്ടിക്കുടഞ്ഞ് ചിരിയൊടെ വന്നു.

''ഹായ്, ഇതെന്ത് രസമാണ്! പച്ചപ്പട്ട് വിരിച്ചത് പോലെയുണ്ടല്ലോ തെങ്ങിൻ തടങ്ങൾ", ഞങ്ങളറിയാതെ പറഞ്ഞുപോയി.

"എടോ പയ്യന്മാരേ, നമ്മുടെ മണ്ണിന്റെ ഓരോ തരിയിലും ഒളിഞ്ഞുകിടപ്പുണ്ട് ഒരു ഹരിത വിരിപ്പിന്റെ ഊർജ്ജം അറിയാമോ?"

തോപ്പിലെ ഹരിതഭംഗികൾ തെങ്ങിൻ ചുവടുകളിലും നിറഞ്ഞത് ആഹ്ലാദകരമായിരുന്നു.

"മറ്റൊരു കാര്യത്തിനാണ് വന്നതെങ്കിലും ഈ പച്ചിലപ്പട്ടിന്റെ കാര്യം ഒന്നു വിശദമാക്കൂ സാറേ", ഞങ്ങൾ ഒറ്റ സ്വരത്തിലഭ്യർത്ഥിച്ചു.

''ഇത് വളരെ ലളിതം, എന്നാലും ഞാൻ ചില്ലറ ചോദ്യങ്ങളൊക്കെ ചോദിക്കും. സമ്മതമാണല്ലോ?"

എന്റെ കൂട്ടുകാരൻ പതുക്കെ എന്നെ തോണ്ടി അടക്കം പറഞ്ഞു. "ഇത് പണ്ടേയുള്ള ഏർപ്പാടല്ലേ, എങ്ങിനെ മാറാനാ ആ ശീലം, ല്ലേ?"

"എന്താ രണ്ടുപേരും കൂടി കുശുകുശുക്കുന്നത്?" '

'സാറിന്റെ വാക്കിന് എതിർവാക്കില്ലല്ലോ എന്നു പറയുകയായിരുന്നു."

"കൊള്ളാം, കൊള്ളാം. എനിക്കറിയില്ലേ രണ്ടു പേരെയും. ആ അതു പോട്ടേ, എവിടെയാണ് ഈ പച്ചിലപ്പട്ട് കാണുന്നത്?"

"തെങ്ങിൻ തടങ്ങളിൽ". "ഇതോണോ ചാദ്യം".

''ചോദ്യങ്ങൾ പുറകേ വരും" "എന്തിനാണ് തെങ്ങിന് തടങ്ങൾ? അതിന്റെ ഗുണങ്ങൾ എന്തെല്ലാമാണ്? തടമെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?" ഒറ്റവീർപ്പിൽ സാറ് ചോദ്യങ്ങളുടെ ശരങ്ങളെയ്തു.

"ഇത് പറ്റില്ല സാറേ, ചില്ലറ ചോദ്യങ്ങൾ എന്നു പറഞ്ഞിട്ട് ഒരു പ്രബന്ധത്തിനുള്ള വകയാണല്ലോ ചോദിക്കുന്നത്." ''എങ്കിലും പറയട്ടെ. തെങ്ങിന്റെ ചുറ്റും പണ്ട് കാലം മുതലേയുള്ളതാണ് തടമെടുപ്പ്. അതിൽ വളവും വെള്ളവും ചേർക്കും, പിന്നെ വീട്ടിലെ വേസ്റ്റെല്ലാം കൊണ്ടു തട്ടുന്ന സ്ഥലം കൂടിയാണിപ്പോൾ. ആളെ കിട്ടാത്തതുകൊണ്ട് ഇപ്പോൾ വല്ലപ്പോഴുമേ തടമെടുക്കാറുള്ളൂ. ഇതിലെന്താ ഇത്ര വലിയ കാര്യങ്ങളുള്ളത്?" ഞങ്ങളുടെ അറിവുകൾ ഇങ്ങനെ കുടഞ്ഞിട്ടു.

"നല്ല ഒന്നാന്തരം ചിന്തകൾ തന്നെ. സമ്മതിച്ചിരിക്കുന്നു. കൃഷിയാണെങ്കിലും മറ്റെന്തു കാര്യങ്ങളാണെങ്കിലും എന്ത്? എങ്ങിനെ? എവിടെ എന്നതിനേക്കാളും എന്തുകൊണ്ട്? എന്തുകൊണ്ട്? എന്നാണ് ചോദിക്കേണ്ടതും ചികഞ്ഞു മിനക്കെടേണ്ടതും. അപ്പോൾ നമുക്ക് എന്തൊക്കെ എന്തിന് വേണ്ടി എങ്ങനെ ചെയ്യണം അഥവാ ചെയ്യേണ്ട എന്ന് തീരുമാനിക്കുകയുമാവാം. ആട്ടെ കൃഷിക്കാരെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താ?"

ഇത് ശരിയാവില്ല................ ഞങ്ങൾ പരസ്പരം മന്ത്രിച്ചു പിന്നെ സാറിനോടായി പറഞ്ഞു "നമ്മുടെയൊക്കെ അന്നദാതാക്കൾ, നാടിന്റെ നട്ടെല്ലായ കൃഷി ചെയ്യുന്നവർ പിന്നെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പ്രധാന കണ്ണികൾ"............

"ഭേഷ്! ഭേഷ്! ഏത് പ്രസംഗമത്സരത്തിൽ പഠിച്ചതാടാ മക്കളെ ഇതൊക്കെ? ഏതൊരു നല്ല കൃഷിക്കാരനും നല്ലൊരു മാനേജരാണ്, ഗവേഷണകുതുകിയാണ്, സർവ്വോപരി പ്രായോഗിക ജ്ഞാനത്തിന്റെയും അനുഭവങ്ങളുടെയും കലവറകളുമാണ്. കൃഷിയ്ക്ക് ദേഹാധ്വാനം മാത്രമല്ല ഒത്തിരി വിജ്ഞാനവും അറിവും പ്രായോഗികതയും ഒത്തൊരുമിപ്പിക്കേണ്ടതുണ്ട്. കാലാവസ്ഥ വ്യതിയാനം മുതൽ അന്താരാഷ്ട്ര വിപണിയും നയരൂപീകരണവും വരെ. അതുകൊണ്ട് എനിക്കൊന്നേ പറയാനുള്ളൂ പേനയും മൊബൈൽ ഫോണും മൗസും പിടിക്കുന്ന കൈകളിൽ തൂമ്പയും കൂന്താലിയും ഒക്കെ പിടിക്കാനും പഠിക്കണം. അല്ലെങ്കിലേ ചോറുണ്ടാവില്ല. ചേറിൽ പുതയുന്ന കൈകൾക്കേ ചോറിൽ പുതയാനുള്ള അവകാശമുള്ളൂ എന്ന് കേട്ടിട്ടില്ലേ? നമ്മുടെ രാഷ്ട്ര പിതാവും ഇത് പറഞ്ഞിട്ടുണ്ട്."

"സാറ്, വിഷയം മറന്നു തെങ്ങിൻ തടങ്ങളെക്കുറിച്ച് പറഞ്ഞു തീർന്നിട്ടില്ല." ഞങ്ങളോർമിപ്പിച്ചു.

തെങ്ങിൻ തടങ്ങൾ – കാലത്തെ അതിജീവിച്ച കൃഷിരീതി

സാറ് തുടർന്നു "ശരിയാ തെങ്ങിന്റെ തടം തുറന്ന് വളവും ചവറും ഉപ്പും മറ്റുമിടുമ്പോൾ തെങ്ങുകളുടെയൊരു സന്തോഷം കണ്ടിട്ടില്ലേ?"

"പിന്നെ സാറിന് പ്രത്യേകം കണ്ണല്ലേ അത് കാണാൻ!" ഞങ്ങളുടെ ധിക്കാരം ഒരു ചെവിപിടിക്കലിൽ ഒതുങ്ങി.

"അതേ കണ്ണുണ്ടായാൽ പോരാ, കാണണം. ഓരോ ജീവജാലങ്ങൾക്കും (തെങ്ങിനും) നമ്മോടും നമുക്കും സംസാരിക്കാം കാണാം, പരസ്പരം പങ്കുവയ്ക്കാം...... അതൊക്കെ എങ്ങിനെയാ? ടിവിയും കമ്പ്യൂട്ടറും കണ്ട് കണ്ട് നിന്റെയൊക്കെ കാഴ്ചകൾ "o" വട്ടത്തിലായില്ലേ?"

സാറൊരു പഴഞ്ചൻ തന്നെയെന്ന് ഞങ്ങൾ നോട്ടത്തിലൂടെ അഭിപ്രായപ്പെട്ടു.

കുറച്ചു നിമിഷങ്ങൾ നിശബ്ദമായിരിക്കൂ.... പുതിയ കാഴ്ചകളും കേൾവികളും അറിയാം......

ശരിയാണ് നമ്മിൽ നിറയുന്ന ഒരു ഹരിതാനുഭവം! എത്ര സൗമ്യവും ദീപ്തവുമാണത്.

സാറിന്റെ വാക്കുകൾ ശ്രദ്ധയൊടെ കേൾക്കാൻ ഞങ്ങൾ മനസ്സു പാകപെടുത്തി.

"ഒറ്റത്തടി വൃക്ഷവിളയായ തെങ്ങിന്റെ പരിപാലനത്തിനുള്ള അടിസ്ഥാന ഘടകമാണ് തെങ്ങിൻ തടങ്ങൾ. തെങ്ങിന്റെ കടയ്ക്കൽ നിന്നും ഏകദേശം ആറടി (1.8 മീറ്റർ) ചുറ്റുവട്ടത്തിലാണ് പരമ്പരാഗതമായി തടം തുറക്കാറ്. അതുതന്നെയാണ് ശാസ്ത്രീയമായി ശുപാർശ ചെയ്തിട്ടുള്ളതും. തെങ്ങോലകളിൽ നിന്നൂർന്നു വീഴുന്ന മഴവെള്ളം തടങ്ങളിൽ തന്നെ വീഴണമെന്നാണത്രേ പഴമകണക്ക്."

''തെങ്ങിൻ തടങ്ങളെക്കുറിച്ചറിയാവുന്ന കാര്യങ്ങൾ അക്കമിട്ടിനി പറയാം. കേട്ടോളൂ. ഒന്ന്, തെങ്ങിൻ തടങ്ങൾ പരമ്പരാഗത മഴക്കുഴികൾ കൂടിയാണെന്ന് കാണാം. മഴയും മണ്ണും ഒലിച്ചുപോകാതെ സഹായിക്കുന്നു. രണ്ട്, വളങ്ങൾ, വെള്ളം ഇവയ്ക്കൊക്കെ സംഭരണിയായി വർത്തിക്കുന്നു. ഓരോ തെങ്ങിനും പോഷക പരിപാലനം ഉറപ്പാക്കാൻ നാമറിയാതെ കാരണമാകുന്നു. മൂന്ന്. സാധാരണ കർഷകരുടെ അഭിപ്രായത്തിൽ തെങ്ങിൻ തടങ്ങളിലെ മണ്ണ് കോരി വട്ടത്തിൽ തിട്ടപിടിക്കുന്നത് ഭൂരിപക്ഷം വേരുകളുടേയും അഗ്രഭാഗത്തിന് ഒരു മൺപുതയൊരുക്കി സംരക്ഷിക്കുന്നു. നാല്, പൊറ്റവേരുകളും മറ്റും നീക്കി പുതിയ വേരുകൾ പൊട്ടാനും തെങ്ങ് ഊർജ്ജസ്വലമാകാനും തടമെടുപ്പ് ഉപകരിക്കും."

"ഒരു തടമെടുപ്പിൽ ഇത്രയൊക്കെ കാര്യങ്ങളുണ്ടല്ലേ!" ഒന്നിനെയും നിസ്സാരമായി കാണാതെ സാരമായി പഠിക്കണം. എന്നൊരു പാഠം കൂടി സാറ് തന്നു.

"എനിക്ക് സന്തോഷമായി കേട്ടോ. എന്റെ അനുഭവത്തിൽ ഞാനിതും കൂടി പറയാം." വീണു കിടക്കുന്ന രണ്ടു തേങ്ങ എടുത്തു കുലുക്കി നോക്കിക്കൊണ്ട് അദ്ദേഹം തുടർന്നു. "തടങ്ങൾക്ക് താഴ്ചയേക്കാൾ പ്രാധാന്യം വിസ്താരത്തിനാണ്. തെങ്ങിൻ കടയിൽ നിന്നും രണ്ടടി വിട്ട് ചുറ്റും 4-5 അടി വിസ്താരത്തിലാണ് തടം കോരുക. തടത്തിന് കൂടിയത് ഒരടി ആഴം മതി. അതിന് മുൻപ് ഇളം വേര് കണ്ടാൽ താഴ്ച അത്രയും മതി. തടത്തിലെ മണ്ണ് പുറത്തേക്ക് മറിച്ച് തിട്ടപിടിക്കുക. പിന്നീട് വളങ്ങളും മറ്റുമിട്ട് പരത്തിയ ശേഷം കടയ്ക്കൽ നിർത്തിയിട്ടുള്ള തിണ്ട് ചരിച്ച് ചെത്തിയിറക്കി വളം മൂടുക. പുറം തിണ്ട് അങ്ങിനെ തന്നെയിരിക്കണം. എന്റെയച്ഛൻ തടമെടുക്കാൻ പഠിപ്പിച്ചിരുന്നത് ഇങ്ങനെയായിരുന്നു. ചെയ്ത് പഠിച്ചതിനാൽ അതിന്നും മറന്നിട്ടില്ല. ഇപ്പോൾ ആരെങ്കിലും ഇങ്ങനെ ചെയ്യുന്നുണ്ടാവുമോ? കുറവാകാനാണ് സാധ്യത. തെങ്ങിനും വയസ്സായവരുടെ ഗതിയായി. എവിടെയും ഒരു സ്ഥാനവുമില്ല!". സാറ് നെടുവീർപ്പിട്ടു.

"സാറ് അങ്ങിനെ നിരാശനാകരുതേ. എല്ലാറ്റിനുമുണ്ടാവും നല്ലതും ചീത്തക്കാലവും. സ്വന്തം വീട്ടിലെ തെങ്ങിന്റെ തടങ്ങൾ ഞങ്ങൾ തന്നെയിനിയെടുക്കും. ഇത് സാറിനുള്ള ഒരു ദക്ഷിണ കൂടിയാണെന്ന് കരുതിക്കോളൂ."

"നല്ലത്". "സന്തോഷമായി. തെങ്ങിനെ മറക്കരുത്, ഉപേക്ഷിക്കുകയുമരുത്. എത്രയോ തലമുറകൾക്ക് ജീവിതവും, ജീവനും കൊടുത്തതാണീ കല്പവൃക്ഷം. നമുക്കെന്തെല്ലാം നല്കികൊണ്ട് ക്ഷമയോടെ നിസ്സംഗമായി വീടിന്റെ സമീപത്ത് നില്ക്കുന്നതാണീ കല്പതരുക്കൾ, ഈ ഐശ്വര്യം തല്ലിക്കെടുത്തരുത്."

തുടക്കം കർഷകരിൽ, പൂർണ്ണത ഗവേഷകരിൽ

തടങ്ങളിലെ പച്ചിലപ്പുതപ്പുകൾ കണ്ട് കൊതി തീരുന്നില്ല. "ഇനി ഈ പച്ചിലയുടെ കാര്യങ്ങൾ പറയൂ! ഞങ്ങൾ സാറിനെ പ്രേരിപ്പിച്ചു."

അപ്പോഴാണ് ടീച്ചർ വലിയ ഗ്ലാസ്സുകളിൽ സ്ക്വാഷുമായി വന്നത്. "കുടിച്ച് നോക്കിയിട്ട് പറയൂ. എന്താണെന്ന്?" ടീച്ചർ പറഞ്ഞു.

ഞങ്ങൾ പാനീയം കുടിച്ചു. "നല്ല സ്വാദ്, നല്ല ഉന്മേഷം. ടീച്ചർ തന്നെ പറയൂ. ഞങ്ങൾ കഴിക്കാൻ മാത്രമേ വിദഗ്ദരാകൂ, പാചകത്തിലില്ല."

"അമ്മ വിളമ്പും ചക്കിയുണ്ണും, ല്ലേ? "ഇത് തേങ്ങാവെള്ളത്തിന്റെ സ്ക്വാഷാണ്. നല്ല പോഷകഗുണമുള്ള പ്രകൃതിദത്ത പാനീയമാണ് തേങ്ങാവെള്ളം."

ടീച്ചറിനോട് കൂടുതൽ വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കണമെന്ന് മനസ്സിലുറപ്പിച്ചപ്പോഴേക്കും സാറ് വീണ്ടും തുടർന്നു. "തെങ്ങുകൾക്ക് വളരെ യോജിച്ചതാണ് ഇലവളങ്ങളെന്ന് കേരകർഷകർ അനുഭവത്തിലൂടെ ഉറപ്പിച്ചിട്ടുള്ളതാണ്. തെങ്ങിൻ തോപ്പുകളിലും മറ്റുമുള്ള വട്ട, പൂവരശ്ശ്, ശീമക്കൊന്ന തുടങ്ങിയവയുടെ ഇലകൾ കോതി മഴസമയത്ത് തടം തുറന്ന് ചേർക്കാറുണ്ട്. ഇതിനൊക്കെയുള്ള ഉത്സാഹം പല കാരണങ്ങൾ കൊണ്ട് കുറവായി വരുന്നു. പിന്നെ ഇത്തരം വൃക്ഷവിളകൾ ചെറു പുരയിടങ്ങളിൽ കുറവുമാണ്. തടങ്ങളിലെ ഈ ഇല വള വിദ്യയ്ക്ക് ബുദ്ധിമുട്ടുകൾ കുറവാണല്ലോ."

തൈതെങ്ങുകളുടെ നാമ്പോലക്കവിളുകളിൽ ഉപ്പും ചാരവും ചേർന്ന മിശ്രിതം നിറയ്ക്കാൻ ഞങ്ങളും കൂടി.

"ശ്രദ്ധിച്ച്, തൈകൾക്ക് ബുദ്ധിമുട്ടുണ്ടാവരുത്, അരുമയായി ചെയ്യുക. എന്റെയറിവ് ശരിയാണെങ്കിൽ സി.പി.സി.ആർ.ഐയുടെ ഇപ്പോഴത്തെ ഡയറക്ടർ ഡോ. ജോർജ്ജ് വി. തോമസ്സിന്റെ തേതൃത്വത്തിലാണ് ഇക്കാര്യത്തിൽ ധാരാളം പഠനങ്ങൾ നടന്നിട്ടുള്ളത്. അവയിൽ നിന്നുമാണ് ഇത്തരം ശുപാർശകൾ രൂപപ്പെടുവാനിടയായതും."

"ഞങ്ങൾ ഇന്ന് തന്നെ ഇത് ചെയ്യണമെന്ന് വിചാരിക്കുന്നു. പ്രായോഗികമായി ഒന്ന് വിശദീകരിച്ച് തരാമോ?".

"ശ്രദ്ധിച്ചു കേട്ടോളൂ. മഴത്തുടക്കത്തിൽ (ഏപ്രിൽ–മേയ്) തെങ്ങിൻ തടങ്ങളിലോ വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുണ്ടെങ്കിൽ തടത്തിനു പുറത്തോ പുരയിടമാകെയോ. പയറുവർഗ്ഗത്തിൽ പെട്ട തോട്ടപ്പയർ, മൈമോസ അഥവാ മുള്ളില്ലം തൊട്ടാവാടി, വൻപയർ, ചെറുപയർ, ഡെയ്ഞ്ച, കിലുക്കി തുടങ്ങിയവയേതെങ്കിലും വിതയ്ക്കാം. ഇവ വളർന്ന് പൂക്കാൻ തുടങ്ങുമ്പോൾ, (സെപ്തംബർ–ഒക്ടോബർ) പിഴുത് മണ്ണിൽ ചേർക്കാം. ഉഴവ് നടത്തി ചേർത്താലും മതി."

"ഇപ്പറഞ്ഞവയിൽ വൻപയർ വിതയ്ക്കാം. ഉടനെ ചെയ്യാം. എളുപ്പം കിട്ടുമല്ലോ?" "മറ്റുള്ളവയെ അപേക്ഷിച്ച് ഇതിൽ നിന്നും എത്രമാത്രം പച്ചിലവളം കിട്ടും?"

"ഒരു തടത്തിലേക്ക് ഏകദേശം 15–25 കിലോ ജൈവവസ്തുക്കൾ ഇപ്രകാരം കിട്ടും. അതുവഴി 100–200 ഗ്രാം പാക്യജനകം മണ്ണിൽ ലഭ്യമാകുന്നതായി കേന്ദ്രതോട്ടവിള ഗവേഷണാലയത്തിലെ പഠനങ്ങളിൽ വ്യക്തമായിട്ടുണ്ട്. പിന്നെ നിങ്ങൾക്കിഷ്ടപ്പെട്ട വൻപയർ വളർത്തി ചേർത്താൽ 135 ഗ്രാം പാക്യജനകം, 12 ഗ്രാം ഭാവഹം, 115 ഗ്രാം ക്ഷാരം എന്നിവ കിട്ടുന്നതായി കായംകുളത്തെ ഗവേഷണ കേന്ദ്രത്തിലെ പഠനറിപ്പോർട്ടുകളിൽ ഞാൻ വായിച്ചിട്ടുണ്ട്. ഇത് ചില്ലറക്കാര്യമല്ല കേട്ടോ. തെങ്ങിന് ആകെ ശുപാർശ ചെയ്യുന്ന പോഷകങ്ങളിൽ 27 ശതമാനം പാക്യജനകം, 3.5 ശതമാനം ഭാവഹം, 12 ശതമാനം ക്ഷാരം എന്നിവ ഇങ്ങനെ കിട്ടും. പണത്തിന്റെ തോതിൽ ഒന്നു കണക്കു കൂട്ടി നോക്കൂ. അപ്പോഴേ വിലയറിയൂ."

"ഇനി ഞങ്ങൾ സാറിനോട് ഒരു ചോദ്യം കൂടി ചോദിക്കട്ടെ."

"അതിനെന്താ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കണം. അവനവനോടും എല്ലാറ്റിനോടും അപ്പോൾ ഒരു പിടി ഉത്തരങ്ങളും അറിവുകളും നമുക്കു കിട്ടും. മനസ്സും ബുദ്ധിയും വളരും. വായിക്കാനും തിരഞ്ഞ് കണ്ടെത്താനും പ്രേരകമാകും. അല്ലാതെ ഗവേഷണം ആരുടേയും കുത്തകയൊന്നുമല്ല. പഴയ കർഷകർ ഒന്നാന്തരം ഗവേഷകരും കൂടിയായിരുന്നു. വിശകലനം ചെയ്തു നോക്കുക...... ആ ചോദ്യമെന്താണ്?"

"ഇപ്രകാരം ചെയ്യുന്നതുകൊണ്ട് കിട്ടുന്ന മെച്ചങ്ങളെന്താണ്?

"ഇതിനും അല്പം പറയാനുണ്ട്. മെച്ചമെന്നാൽ ഉടനെ കാണുന്നതും കൈയിൽ വരുന്നതും മാത്രമാണെന്ന് ചിന്തിച്ചാൽ കൃഷിയിൽ കണക്കു തെറ്റും. എന്നു വച്ചാൽ എക്കാലത്തേയും വിളവിലാണ് കണ്ണ് വയ്ക്കേണ്ടത്. തല്ക്കാലത്തെ വിളവിലല്ല. തെങ്ങുകളുടെ വേരോടാൻ വായുസഞ്ചാരവും ഇളക്കവുമുള്ള മണ്ണാണ് വേണ്ടതെന്ന് അറിയാമല്ലോ. ഇത്തരം ഇലവളങ്ങൾ മണ്ണിലെ ജൈവാംശത്തിന്റെ അളവ് കൂട്ടി മണ്ണിന്റെ പ്രകൃതവും വീര്യവും അണു ജീവികൾക്ക് വളരുന്നതിനുള്ള സാധ്യതകളും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. മണ്ണ് നന്നായാലേ വിളയും നന്നാകൂ. ഇത്തിരി പുരയിടങ്ങളിൽ എണ്ണം പറഞ്ഞ തെങ്ങുകൾ ഉള്ളവർക്ക് തടം തുറക്കുന്നതും ഇലവളം ചെയ്യുന്നതും ഒരു വ്യായാമവും ഉത്സാഹവുമായിരിക്കും. ഒരു ദിവസം ഒരു തെങ്ങിന് ചെയ്താൽ മതി, എന്നെപ്പോലെ".

"ശരിയാണ് സാറേ. ഇത് കണ്ടെങ്കിലും ഇത്രയും കാര്യങ്ങൾ ഉള്ളിൽ തോന്നിയില്ല. ജീവനുള്ള ഈ വളച്ചെടികളും പോഷകദായനികൾ തന്നെ. വീട്ടുമുറ്റത്തെ തെങ്ങുകൾക്ക് നമുക്കാവുന്നതെങ്കിലും ചെയ്യാതിരിക്കുന്നതിന് ഒരു ന്യായീകരണവും ഇല്ലെന്ന് തോന്നുന്നു. ലളിതമായ ഇത്തരം പ്രയോഗങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു."

"ദേ ഇതു കണ്ടോ, മണ്ണിന്റെ ഇളക്കം ഒന്ന് വാരി നോക്കിക്കേ, അതിന്റെ ഗന്ധവും ഒന്നാസ്വദിക്കൂ ജീവനുള്ള മണ്ണാണ് കൃഷിയുടെയും ജീവൻ." "വരൂ കുറെ നേരമായി ഇങ്ങനെ നടക്കുന്നു. വീട്ടിൽ കയറി അല്പമിരിക്കാം. കൈ കഴുകി സാറിരുന്നു.

അപ്പോഴേക്കും ടീച്ചർ അവലും നാളികേരവും കരുപ്പെട്ടിയും ചേർത്ത് നനച്ചത് കൊണ്ടുവന്നു. വായിൽ വെള്ളമൂറുന്ന ഗന്ധം!

"കഴിച്ചോളൂ.." എന്ന് ടീച്ചർ പ്രേരിപ്പിക്കേണ്ട താമസം, ഞങ്ങളതിൽ ഒരുമിച്ച് കൈവച്ചു. നാളികേരത്തിന്റെ സ്നിഗ്ദ്ധമായ രുചിയും കരുപ്പെട്ടിയുടെ മധുരവും ചേർന്ന വൈകുന്നേരത്തിന് ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി.

അപ്പോഴാണ് സാറ് തിരക്കിയത് രണ്ടുപേരും കൂടി വന്ന കാര്യം പറഞ്ഞില്ലല്ലോ എന്ന്.

"സാറിനെ കണ്ട് കൃഷി കാര്യങ്ങൾ പഠിക്കാനും പിന്നെ എല്ലാവരേയും പോലെ ടീച്ചറിന്റെ സല്ക്കാരങ്ങൾ കിട്ടാനും തന്നെ. ഞങ്ങളുടെ കാർഷിക ക്ലബ്ബിന്റെ വാർഷികത്തിന് സാറിനെ ക്ഷണിക്കാനാണ് വന്നത്. സാറ് തീർച്ചയായും വരണം."

"പിന്നില്ലേ! നിങ്ങളുടെ ഉത്സാഹമല്ലേ ഭാവിയിലെ കൃഷിയുടെ വളം. തെങ്ങിൻ ചുവട്ടിലെ ഹരിതവളം മറക്കണ്ട കേട്ടോ".

സീനിയർ സയന്റിസ്റ്റ്, (വിജ്ഞാന വ്യാപനം), കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം – 690533

ഇമെയിൽ: anithacpcri@gmail.com

ബിസിനസ്സ് അവസരങ്ങൾ

(എപിസിസി പ്രസിദ്ധീകരിക്കുന്ന കോക്കമ്മ്യൂണിറ്റി മാസികയുടെ നവംബർ 2012 ലക്കത്തിൽ പ്രസിദ്ധീകരിച്ചത്)

വെള്ളകൊപ്ര

ഇന്തോനേഷ്യയിൽ ഉത്പാദിപ്പിക്കുന്ന വെള്ളകൊപ്ര ഒരു ദിവസം 4 ടൺ എന്ന തോതിൽ കയറ്റുമതി ചെയ്യുന്നതിന് ലഭ്യമാണ്. താൽപര്യമുള്ളവർ ബന്ധപ്പെടുക.

Mr. Mazuki Chen
Jln. Raya Malingping Banyah Km.4
Desa Cilangkahan, Kec. Malingping
Lebak, Banten 42391
Indonesia
Tel: 62-818123052
Fax: 62-252-508020
Email: marzuki.chen@gmail.com

തൂൾത്തേങ്ങയും തേങ്ങ ഷാൽപ്പൊടിയും

നല്ല ഗുണനിലവാരമുള്ള തൂൾത്തേങ്ങയും തേങ്ങപ്പാൽപ്പൊടിയും ന്യായമായ വിലയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ ബന്ധപ്പെടുക.

Ms. Susan Nguyen
Export Department
Viet Delta Corp.
20/5 Dinh Bo Linh, Ward 24
Binh Thanh District
Ho Chi Minh City
Vietnam
Tel: 84-8-35114928
Mobile: 84-01689977498
Fax: 84-8-38998085
Email: sales14@vdelta.com.vn

തേങ്ങവെള്ളവും തേങ്ങഷാലും

ദീർഘകാലത്തേയ്ക്ക് തേങ്ങവെള്ളവും തേങ്ങപ്പാലും നൽകാൻ തയ്യാറുള്ള പ്രമുഖ ആഗോള ബ്രാൻഡുകളുമായി വ്യാപാര ബന്ധമൊന്നുമില്ലാത്ത വിതരണക്കാരെ ആവശ്യമുണ്ട്. താത്പര്യമുള്ളവർ ബന്ധപ്പെടുക.

Dr. Vinay Chand,
230, Finchley Road
London, NW36DJ
United Kingdom
Tel: 020-77945977
Fax: 020-7431 5715
Email: vinaychand@msn.com

റിഫൈൻ വെളിച്ചെണ്ണ

പോളണ്ടിലെ ഐസ്കോട്ടിംഗ് നിർമ്മാതാവിന് റിഫൈൻ വെളിച്ചെണ്ണ ആവശ്യമുണ്ട്. ഒരു വർഷം 1000 മെട്രിക് ടണ്ണോളം വെളിച്ചെണ്ണയാണ് ഉപയോഗിക്കുന്നത്. താൽപര്യമുള്ളവർ നേരിൽ ബന്ധപ്പെടുക:

Mr. Dorota Hoffmann
Import Department
Terravita Sp. Z.o.o.
ul. Szarych Szerega 48
60-462 Poznan, Poland
Tel: 48 61 66 88 315
Fax: 48 61 822 19 31
Mobile: 609 479 239
Email: import@terravita.com.pl
Website: www.terravita.pl

ചുരണ്ടിയ തേങ്ങ

വിവിധതരം അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി, ഇറക്കുമതിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യാപാര സ്ഥാപനത്തിന് ചുരണ്ടിയ തേങ്ങ ആവശ്യമുണ്ട്. താൽപര്യമുള്ളവർ (എക്സ്പോർട്ടിംഗ് കമ്പനികൾ) നേരിൽ ബന്ധപ്പെടുക.

Mr. Carlos Marin
Director of NISA, S.A. de CV,
Cancun-Quintana Roo Mexico
Tel: 52 998 886 88 96
Email: carlos.marin@gruponisacar.com
Office in Uruguay:
Montevideo
Tel: 00 598 2 901 06 36

ഓർഗാനിക് (ജൈവ) തേങ്ങഷാൽ

ആസ്ത്രേലിയൻ വ്യാപാരി പസഫിക് ദ്വീപുകളിൽ നിന്ന് സർട്ടിഫൈ ചെയ്ത ഓർഗാനിക് തേങ്ങാപ്പാൽ ഇറക്കുമതി ചെയ്യുന്നതിന് താൽപര്യം പ്രകടിപ്പിച്ച് പസഫിക് ഐലൻഡ്സ് ട്രേഡ് ആന്റ് ഇൻവെസ്റ്റിനെ സമീപിച്ചിട്ടുണ്ട്. ഇപ്പോൾ അവർ തായ്‌ലൻഡിൽ നിന്നാണ് 20 ലിറ്റർ കണ്ടെയിനറുകളിൽ തേങ്ങാപ്പാൽ വാങ്ങുന്നത്. ഉൽപന്നം ഓർഗാനിക് ആണെന്ന് സർട്ടിഫൈ ചെയ്തതായിരിക്കണം. ഉൽപന്നത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ താൽപര്യമുണ്ടെങ്കിൽ ബന്ധപ്പെടുക.

Mr. Jeremy Grennell,
Pacific Island Trade & Invest,
PO Box 5407, Sydney,
NSW 2000, Australia,
Tel : 612 9290 2133
Email : jeremy.grennell@pacifictradeinvest.com

തെങ്ങിൻ തടി

ചുവപ്പ് നിറത്തിലുള്ള തെങ്ങിൻതടിയുടേയും കരിമ്പനയുടെ തടിയുടേയും വിതരണക്കാരെ ആവശ്യമുണ്ട്. പലവിധ ഉപയോഗങ്ങൾക്കുള്ള തടികൾ (lumber/timber/squares/ logs/planks) വിവിധ കനത്തിൽ : 20/30/40/50 മില്ലിമീറ്റർ, വീതിയിൽ : 5–15 സെൻറീമീറ്റർ (20 സെ.മീ. വരെയാകാം) സ്ക്വയർ: 5x5, 6x6, 8x8, 10x10 സെ.മീ, നീളം: 1 മീറ്റർ+, സാന്ദ്രത: ഉയർന്നതും ഇടത്തരവും, മികച്ച ഗുണമേന്മ, ഉണക്ക് (AD + KD) താൽപര്യമുള്ളവർ ബന്ധപ്പെടുക.

Mr. Mathias Pfeifhofer,
Email : brainwood@gmx.de

ക്രൂഡ് വെളിച്ചെണ്ണ

രജിസ്റ്റേർഡ് കമ്പനിയായ KATTNA ഏജൻസി ഫിജി ലിമിറ്റഡ് കിരിബത്തിയിലെ കിരിമതി ദ്വീപ് ഫിജിയിൽ ഇറക്കുമതി ചെയ്യുന്ന കൊപ്ര ആട്ടി വെളിച്ചെണ്ണ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. ഈ ക്രൂഡ് വെളിച്ചെണ്ണയ്ക്ക് ആവശ്യമുള്ളവർ ബന്ധപ്പെടുക.

Ms. Sue, Director,
KATTNA Agency, Kiribati,
Email: kattna.agency@gmail.com

ഡിസംബർ : കേരകർഷകർ എന്തു ചെയ്യണം?

കേരളം / ലക്ഷദ്വീപ്

വിത്തുതേങ്ങ ശേഖരണത്തിന് ഉത്തമ മാതൃവൃക്ഷം തെരഞ്ഞെടുക്കുക. ഇരുപത് വർഷത്തിലധികം പ്രായമുള്ള തെങ്ങുകൾ വേണം മാതൃവൃക്ഷങ്ങളായി തെരഞ്ഞെടുക്കേണ്ടത്. പതിവായി കായ്ക്കുന്നതും വർഷത്തിൽ എൺപതിലധികം തേങ്ങ ലഭിയ്ക്കുന്നതും രോഗബാധയൊന്നുമില്ലാത്തതുമായ തെങ്ങുകളായിരിയ്ക്കണം. പൊതിച്ച തേങ്ങയ്ക്ക് ശരാശരി 600 ഗ്രാമും കൊപ്രയ്ക്ക് 150 ഗ്രാമും തൂക്കമുണ്ടായിരിക്കണം. മുപ്പതിലധികം നന്നായി വിടർന്ന ഓലകളും ഓലകൾ എല്ലാവശങ്ങളിലേയ്ക്കും വിരിഞ്ഞുനിൽക്കുന്നതും കുടപോലെയുള്ള മണ്ടയുള്ളതുമായ തെങ്ങായിരിയ്ക്കണം. നീളം കുറഞ്ഞതും കരുത്തുറ്റതുമായ ഓലമടൽ തെങ്ങിൻതടിയുമായി നന്നായി ചേർന്നിരിയ്ക്കണം. കുലയുടെ തണ്ട് നീളം കുറഞ്ഞതും ദൃഢവും കരുത്തുറ്റതുമായിരിയ്ക്കണമെന്നു മാത്രമല്ല, കുലയിടിയുന്നതിനുള്ള സാദ്ധ്യത ഉണ്ടായിരിയ്ക്കയുമരുത്. നേരത്തേ തെരഞ്ഞെടുത്തിട്ടുള്ള മാതൃ വൃക്ഷങ്ങളിൽ നിന്നും വിത്തുതേങ്ങ ശേഖരണം ആരംഭിയ്ക്കുകയും ചെയ്യാം.

തെങ്ങിൻ തോട്ടങ്ങളിൽ നേരത്തെ എടുത്ത കണ്ണി (കൂന) തട്ടി നിരത്തുക. മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിനായി തോട്ടത്തിലെ മണ്ണ് മണൽ മണ്ണാണെങ്കിൽ ചെളളയും കളിമണ്ണാണെങ്കിൽ മണലും തെങ്ങിനു ചുറ്റും ഇടുക. ജലസേചനത്തിനുള്ള ചാലുകൾ വൃത്തിയാക്കുക. തെങ്ങിന് തടം എടുക്കുക. തടത്തിൽ ഉണങ്ങിയ ഓലയോ മറ്റോകൊണ്ട് പുതയിടുക. നനതുടങ്ങുക. ജലസേചനമുള്ള തെങ്ങിന് മൂന്നാംഗഡു വളം ചേർക്കാം. യൂറിയ, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ യഥാക്രമം 270 ഗ്രാം, 500 ഗ്രാം, 500 ഗ്രാം വീതം നൽകാവുന്നതാണ്. തെങ്ങിൻ മണ്ട വൃത്തിയാക്കുക. പുതുതായി നട്ട തൈകൾക്ക് തണൽ നാട്ടുക.

ചെങ്കൽ പ്രദേശങ്ങളിൽ മണ്ണിലെ ഈർപ്പം മാറുന്നതിനു മുൻപ് തൈകൾ നടാനുള്ള കുഴികളെടുത്ത് അതിൽ 2 കി. ഗ്രാം വീതം കറിയുപ്പിട്ടാൽ മണ്ണിന്റെ കടുപ്പം ക്രമേണ കുറയും. ആറുമാസം കഴിഞ്ഞ് ഇത്തരം കുഴികൾ തൈ നടാൻ പാകപ്പെട്ടുകിടക്കും.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽകൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10–15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യുബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

ചെമ്പൻചെല്ലിയെ നശിപ്പിക്കുന്നതിന് ഒരു ശതമാനം വീര്യമുള്ള കാർബറിൽ (20 ഗ്രാം കാർബറിൽ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത്) തെങ്ങിൻ തടിയിൽ കീടം ഉണ്ടാക്കിയ ദ്വാരങ്ങൾ അടച്ചതിനുശേഷം അല്പം മുകളിലായി താഴേക്ക് ചരിഞ്ഞ ഒരു ദ്വാരം ഉണ്ടാക്കി അതിൽ ചോർപ്പ് വെച്ച് ഒഴിച്ചു കൊടുത്തശേഷം ആ ദ്വാരം അടയ്ക്കുക. ചെമ്പൻചെല്ലിക്കെതിരെ ഒരു പ്രദേശത്തൊട്ടാകെയുള്ള കർഷകർക്ക് ഒരുമിച്ച് ഫിറമോൺ കെണി ഉപയോഗിക്കാവുന്നതാണ്.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിച്ച് മണ്ഡരി ബാധയെ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കുസോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം. ആദ്യമായി 5 ഗ്രാം സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ 20 മി. ലി. വേപ്പെണ്ണ ഒഴിച്ച് നന്നായി യോജിപ്പിക്കുക. 20 ഗ്രാം വെളുത്തുള്ളി നന്നായി അരച്ച് ബാ

ക്കി അര ലിറ്റർ വെള്ളത്തിൽ കലർത്തുക. ഇത് ഒരു തുണിയിലൂടെ അരിച്ചെടുത്ത്, ആദ്യം തയ്യാറാക്കിയ സോപ്പ്-വേപ്പെണ്ണ മിശ്രിതവുമായി ചേർത്ത് നന്നായി ഇളക്കുക. ഈ മിശ്രിതം അതാതു ദിവസം തന്നെ ഉണ്ടാക്കി ഉപയോഗിക്കേണ്ടതാണ്. വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതത്തിനുപകരം അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കാനായി ഉപയോഗിയ്ക്കാം. വേനൽമഴ തുടങ്ങുന്ന ഏപ്രിൽ-മെയ് മാസങ്ങളിൽ, മഴക്കാലം കഴിഞ്ഞ് ഒക്ടോബർ-നവംബർ മാസങ്ങളിൽ, പിന്നീട് ജനുവരി-ഫെബ്രുവരി മാസങ്ങളിൽ എന്നിങ്ങനെ മൂന്നു തവണകളിലായി തളിക്കേണ്ടതാണ്. മണ്ഡരികൾ മോടത്തിനുള്ളിൽ വസിക്കുന്നതിനാൽ കീടനാശിനി പ്രധാനമായും മോടത്തിന് പുറമെയും മോടത്തിന്റെ ഇതളുകൾക്ക് ചുറ്റും പ്രത്യേകിച്ച് മച്ചിങ്ങകളുടേയും 4-5 മാസം പ്രായമുള്ള ഇളം തേങ്ങകളുടേയും പുറത്തു തളിക്കാൻ ശ്രദ്ധിക്കണം. അഞ്ച് ശതമാനം അസാഡിറാക്ടിൻ അടങ്ങിയിട്ടുള്ള ഏഴര മി.ലി. ജൈവിക കീടനാശിനി ഏഴര മി.ലി. വെള്ളത്തിൽ ലയിപ്പിച്ച് വേരിൽകൂടി നൽകുന്നതും ഫലപ്രദമാണ്.

പൂങ്കുലച്ചാഴി വെള്ളയ്ക്കയും മച്ചിങ്ങയും കുത്തി വീഴ്ത്തും. കുത്തേറ്റ ഭാഗത്തെ വിള്ളലുകളിൽ നിന്ന് പശപോലെ കട്ടിയായ ഒരു ദ്രാവകം പുറത്തുവരുന്നത് കാണാം. 0.1 ശതമാനം വീര്യമുള്ള കാർബാറിൽ എന്ന കീടനാശിനി വിടരാത്ത കൊതുമ്പിലും കുലകളിലും തളിയ്ക്കണം. ആവശ്യമെങ്കിൽ ഒന്നര മാസം കഴിഞ്ഞ് മരുന്നു തളി ആവർത്തിയ്ക്കണം.

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷക്കാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

ആൻഡമാൻ /നിക്കോബാർ ദ്വീപുകൾ

മണൽ പ്രദേശങ്ങളിലും പശിമരാശി മണ്ണുള്ള പ്രദേശങ്ങളിലും കണ്ണികൾ കൂട്ടുക. മറ്റു പ്രദേശങ്ങളിൽ കിളയ്ക്കുകയോ, ഉഴുകയോ ചെയ്യുക.

തമിഴ്നാട് / പോണ്ടിച്ചേരി

എല്ലാ വളക്കുഴികളിലും കാർബറിൽ തളിച്ച് കൊമ്പൻ ചെല്ലിയുടെ പുഴുക്കളെ നശിപ്പിക്കുക.

തെങ്ങിൻ തൈകൾക്ക് നന ആരംഭിക്കുക. നഴ്സറി കള വിമുക്തമാക്കുക. വളർച്ച മുരടിച്ച തൈകൾ നീക്കം ചെയ്യുക. വിത്തു തേങ്ങ ശേഖരണത്തിന് ഉത്തമ മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുക്കുക.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിച്ച് മണ്ഡരി ബാധയെ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കുസോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം. ആദ്യമായി 5 ഗ്രാം സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ 20 മി. ലി. വേപ്പെണ്ണ ഒഴിച്ച് നന്നായി യോജിപ്പിക്കുക. 20 ഗ്രാം വെളുത്തുള്ളി നന്നായി അരച്ച് ബാക്കി അര ലിറ്റർ വെള്ളത്തിൽ കലർത്തുക. ഇത് ഒരു തുണിയിലൂടെ അരിച്ചെടുത്ത്, ആദ്യം തയ്യാറാക്കിയ സോപ്പ്-വേപ്പെണ്ണ മിശ്രിതവുമായി ചേർത്ത് നന്നായി ഇളക്കുക. ഈ മിശ്രിതം അതാതു ദിവസം തന്നെ ഉണ്ടാക്കി ഉപയോഗിക്കേണ്ടതാണ്. വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതത്തിനുപകരം അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കാനായി ഉപയോഗിയ്ക്കാം.

തഞ്ചാവൂർ വാട്ടം രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ താഴെ പറയുന്ന നടപടികൾ കൈക്കൊള്ളുക. മണ്ണിൽ കൂടി രോഗം പടരാതിരിക്കാൻ രോഗബാധയുള്ള തെങ്ങിനു ചുറ്റും ഒരു മീറ്റർ ആഴത്തിലും 30 സെ. മീ. വീതിയിലുമുള്ള കുഴിയെടുക്കുക. രോഗം രൂക്ഷമായി ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി കത്തിച്ചുകളയുക. തടിയിൽ കേടായ ഭാഗങ്ങൾ ചെത്തി മാറ്റി ചൂടാക്കിയ ടാർ പുരട്ടുക. സാധാരണ രീതിയിലുള്ള വളപ്രയോഗത്തിനു പുറമെ തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻ പിണ്ണാക്കും മറ്റു ജൈവവളങ്ങളും ചേർക്കുക. തടത്തിൽ ഈർപ്പ സംരക്ഷണത്തിനായി പുതയിടുക.

കർണ്ണാടകം

തൈകൾക്ക് നന ആരംഭിക്കുക. കുമിൾ രോഗത്തിനെതിരായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തെങ്ങുകൾക്ക് തളിക്കുക. നഴ്സറി കളവിമുക്തമാക്കുകയും വളർച്ച മുരടിച്ച തൈകൾ നീക്കം ചെയ്യുകയും ചെയ്യുക. വിത്തുതേങ്ങ ശേഖരിക്കാൻ ഉത്തമ മാതൃവൃക്ഷം തെരഞ്ഞെടുക്കുക.

മണ്ഡരി ബാധിച്ചിട്ടുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം തളിച്ച് മണ്ഡരി ബാധയെ നിയന്ത്രിക്കാം. ഒരു ലിറ്റർ വെള്ളത്തിൽ 20 മി.ലി. വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളി, 5 ഗ്രാം അലക്കുസോപ്പ് എന്നിവ കലർത്തി മിശ്രിതം തയ്യാറാക്കാം. ആദ്യമായി 5 ഗ്രാം സോപ്പ് അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അതിൽ 20 മി. ലി. വേപ്പെണ്ണ ഒഴിച്ച് നന്നായി യോജിപ്പിക്കുക. 20 ഗ്രാം വെളുത്തുള്ളി നന്നായി അരച്ച് ബാക്കി അര ലിറ്റർ വെള്ളത്തിൽ കലർത്തുക. ഇത് ഒരു തുണിയിലൂടെ അരിച്ചെടുത്ത്, ആദ്യം തയ്യാറാക്കിയ സോപ്പ്-വേപ്പെണ്ണ മിശ്രിതവുമായി ചേർത്ത് നന്നായി ഇളക്കുക. ഈ മിശ്രിതം അതാതു ദിവസം തന്നെ ഉണ്ടാക്കി ഉപയോഗിക്കേണ്ടതാണ്. വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതത്തിനുപകരം അസാഡിറാക്ടിൻ (0.04 ശതമാനം) അടങ്ങിയ ജൈവ കീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലക്കി കുലകളിൽ തളിക്കാനായി ഉപയോഗിയ്ക്കാം.

തെങ്ങോലപ്പുഴുവിന്റെ ആക്രമണമുള്ള പക്ഷം കീടത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് എതിർപ്രാണികളായ ഗോണിയോസിസ് നെഫാന്റഡീസ്, എലാസ്മസ് നെഫാന്റിഡീസ്, ബ്രാക്കിമേറിയ നോസറ്റോയി എന്നിവയെ നിർദ്ദിഷ്ട തോതിൽ തുറന്നു വീടുക. തീവ്രമായി കീടബാധയേറ്റ തെങ്ങുകളുടെ ഒന്നോ രണ്ടോ പുറം ഓലകൾ വെട്ടിമാറ്റി തീയിട്ടു നശിപ്പിച്ച ശേഷം ബാക്കിയുള്ള ഓലകളിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ചു കൊടുക്കുക.

മുഖക്കുറി

മലബാറിലെ തീരദേശങ്ങളിൽ നിന്ന് ഒരു വാർത്ത ഈയിടെ ശ്രദ്ധയിൽപെട്ടു. തെങ്ങിൻകുലച്ചിൽ ശേഖരിച്ച് പാറയിടുക്കുകളിൽ നിക്ഷേപിച്ച് കൂന്തൽ മത്സ്യങ്ങളെ ആകർഷിച്ച് പിടിക്കുന്നതിനെക്കുറിച്ച് ആയിരുന്നു അത്. തേങ്ങയ്ക്ക് വില കുറയുന്ന ഘട്ടത്തിൽ ഈ കുലച്ചിൽ വിൽപ്പന പോലും വാർത്തയാകുന്നതിൽ അത്ഭുതമില്ല. വല്ലാത്ത കാലത്തിന്റെ അടിയൊഴുക്കുകൾ അറിയാൻ കൂട്ടുകാർ കണ്ണും കാതും കൂർപ്പിച്ചിരിക്കേണ്ടതുണ്ട്.

പായിപ്ര രാധാകൃഷ്ണൻ



ആരാണ്, എന്താണ് ?

സമ്പാദകൻ: ചെമ്മനം ചാക്കോ

ചോദ്യം

വൃക്ഷത്തിന്റെ മുകളിൽ ഇരിക്കുന്നതായി കാണാം,
പക്ഷേ അതു പക്ഷിയല്ല.
തോലാണ് ചുറ്റിയിരിക്കുന്നത്, പക്ഷേ അതു സന്യാസിയല്ല.
മുക്കണ്ണനാണ്, പക്ഷേ പരമശിവൻ അല്ല താനും
ഉള്ളിൽ വെള്ളം ഇരിക്കുന്നു; എന്നാൽ അത് കുടമല്ല,
മേഘവുമല്ല

പിന്നെ ആരാണ് ? എന്താണ്?

"വൃക്ഷാഗ്രവാസീ, ന ച പക്ഷിരാജഃ,
ചർമ്മാംഗധാരീ, ന ച സോമയാജി,
ത്രി നേത്രധാരീ, ന ച ശൂലപാണി,
ജലം ധരിത്രീ, ന ഘടോ ന മേഘഃ"

"വൃക്ഷാഗ്രത്തിലിരുന്നാലും പക്ഷിയല്ലെന്നു ചൊല്ലിടാം,
തോലണിഞ്ഞു വസിച്ചാലുമല്ല സന്യാസി നിർണ്ണയം,
മൂന്നു കണ്ണുള്ളവൻ , പക്ഷേ ശിവനല്ലിതു വാസ്തവം
ജലമുണ്ടുള്ളിൽ, എന്നാലോ കുടമ,ല്ലല്ല മേഘവും"

ഉത്തരം :– നാളികേരം

പടമുകൾ, കാക്കനാട്, കൊച്ചി –30
ഫോൺ : 0484 2423940, 9446227787

നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ യു പി വിഭാഗത്തിൽ മൂന്നാംസമ്മാനം നേടിയ കവിത

തെങ്ങ് എന്ന കല്പക വൃക്ഷം

സായി ഗൗതം, ഏഴാംതരം, എൻ.എസ്.എസ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ, പെരുന്ന പി.ഒ., ചങ്ങനാശ്ശേരി– 686102

കേരം തിങ്ങുമിടം, സുരപ്രിയതമം, കാന്തം – മനോഹാരിതം
മായാ, തായ, മനോഹരി പ്രകൃതിതന്നിഷ്ടസ്ഥലം കേരളം
ഈ സ്വർഗ്ഗീയ സുനാടിനീശ്വരനഹോ! നൽകീ മഹത്താം ധനം
ഏറ്റം ഗൗണികമായ, ശ്രേഷ്ഠതരമാം വൃക്ഷങ്ങൾ തെങ്ങെന്നതാം
ഏറ്റം ക്ഷീണിതനായ വൃദ്ധനെയുമങ്ങാരോഗ്യവാനാക്കിടും
വെള്ളം, ഹന്ത! വിശപ്പൊടുക്കുവതിനായ് – തേങ്ങാപ്പരിപ്പും ശുഭം
തീയ്ക്കായ് തൊണ്ട്, ചിരട്ടയും, ചകിരിയും, ചൂട്ടും, കൊതുമ്പും ചിതം

കേരത്തിന്നുടലാദിവേരുവരെയും നന്നെന്നു– ചൊല്ലേണ്ടതാം
ആയുർവേദ വിധിപ്രകാരമിഹകേരത്തിന്റെ വേരേറ്റവും
നന്നാം, ദന്തശുചിയ്ക്കുമുത്തമമഹോ! സർവ്വോപരിശാശ്വതം
അമ്പോടങ്ങുകഴിപ്പതിന്നു ബഹുകേമം ചൊട്ട ലേഹ്യം തദാ
ഇല്ലൊന്നും ബത, നിർഗുണം, മനുജ, നീയാശിക്കുമെല്ലാം തരും
കൂരയ്ക്കായ് തടി, ഓലയെന്നിവചിതം, മുറ്റം വെടിപ്പാക്കുവാൻ
ചൂലുണ്ടാക്കുവതിന്നിതീർക്കിലുചിതം സർവ്വം ഗുണം നൽകിടും
പിണ്ണാക്കെണ്ണ തുടങ്ങിമാനുജനിതേറ്റം വേണ്ടതെല്ലാം തരും
തെങ്ങേ, ദൈവമഹോ, കനിഞ്ഞ വരദാനം നീ, ഗുണോദായിനി
മംഗല്യത്തിനു നൽപറയ്ക്കുമുകളിൽ വയ്ക്കാൻ ചിതം പൂങ്കുല
ഉണ്ടാക്കാം കയറാദികൾ ചകിരി തന്നിൽ നിന്നുമെന്നോർക്കുക
ജീവിപ്പാനിഹ വേണ്ടതാം സകലതും നൽകുന്ന വൃക്ഷങ്ങളാ
ണെന്നാകിൽ മൊഴിയാമസംശയമഹോ, തെങ്ങാണ് കൽപദ്രുമം.

നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ യു പി വിഭാഗത്തിൽ രണ്ടാംസ്ഥാനം നേടിയ ലേഖനം

എന്റെ തെങ്ങ്

സുരഭി പി.എസ്., ഏഴാംതരം, എസ്കെവിയുപിഎസ്, മുതുവിള പി.ഒ., തിരുവനന്തപുരം – 695610

ഇന്ത്യയുടെ തെക്ക് ഭാഗത്തായി പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് സഹ്യപർവ്വതത്തിനും മധ്യത്തിലായി സ്ഥിതിചെയ്യുന്ന ഒരു കൊച്ചു ഭൂപ്രദേശമാണ് കേരളം. ശാന്തമായ ഗ്രാമാന്തരീക്ഷവും സസ്യലതാദികളാൽ സമ്പന്നവും സമ്പദ്സമൃദ്ധിയും ഐശ്വര്യവും കളിയാടുകയും ചെയ്യുന്ന ഒരു പ്രദേശം. നോക്കെത്താ ദൂരത്തോളം പരന്ന് കിടക്കുന്ന നെൽപാടങ്ങളും നിരനിരയായി തലയിൽ നിറച്ചുവെച്ച ഭണ്ഡാരം പോലെ ഫലവുമേന്തി നിൽക്കുന്ന കേരവൃക്ഷങ്ങളും കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. ഏതു കൃഷിക്കും വഴങ്ങുന്ന ഇവിടുത്തെ ഭൂപ്രകൃതിയും കൃഷിരീതിയും മറ്റ് പ്രദേശങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണ്. തളിരും തളിർപടപ്പുകളും സസ്യലതാദികളും ജൈവസമ്പന്നതയും പച്ചവിരിക്കുന്ന ഈ സുന്ദര സുരഭിലകേരളത്തിന്റെ രാജാവായി വാഴ്ത്തപ്പെടുന്ന വൃക്ഷമാണ് കേരവൃക്ഷം.

'ദൈവത്തിന്റെ സ്വന്തം നാട്' എന്നപേരിൽ പ്രശസ്തമായ നമ്മുടെ ഈ കേരളം നമുക്ക് വേണ്ടി കരുതിവെച്ചിരിക്കുന്ന പ്രകൃതി വിഭവങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. ദൈവത്തിന്റെ സ്വന്തം നാട് നമുക്കായി കരുതിവെച്ച ഒരു അത്യത്ഭുതകരമായ നിധിയാണ് കൽപ്പവൃക്ഷം. പേരു പോല തന്നെ അതിന്റെ ഓരോഭാഗങ്ങളും കൽപ്പനാഭംഗിയോടെ ആരാലോ നമുക്ക് വേണ്ടി നിർമ്മിക്കപ്പെട്ടിരിക്കുന്നതായി തോന്നും. ഉപയോഗശൂന്യമായി തള്ളിക്കളയുവാൻ കേരവൃക്ഷത്തിൽ ഒരു ഭാഗവുമില്ല. അതിന്റെ ഓരോ ഭാഗവും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നമുക്ക് പ്രയോജനകരമാണ്. വേരു മുതൽ അഗ്രഭാഗം വരെ ഇത്തരത്തിൽ പ്രയോജനകരമായ മറ്റൊരു വൃക്ഷം ഇല്ലായെന്ന് തന്നെ പറയാം.

'കേരളം' എന്ന പേര് തന്നെ നമുക്ക് ലഭിച്ചത് കേരവൃക്ഷത്തിൽ നിന്നാണ്. കേരളത്തിൽ ഏറ്റവുമധികം കാണപ്പെടുന്ന വൃക്ഷമാണ് തെങ്ങ്. 'കേരം' എന്ന വാക്കിൽ നിന്നാണ് 'കേരളം' എന്ന വാക്ക് രൂപപ്പെട്ടത്. അതുകൊണ്ട് തന്നെ കേരളത്തിന്റെ ഔദ്യോഗിക വൃക്ഷമാണ് തെങ്ങ്. തെങ്ങുകൾ നമ്മൾ കേരളീയരെ സംബന്ധിച്ചിടത്തോളം എല്ലാം നൽകുന്ന കൽപ്പവൃക്ഷങ്ങളാണ്. നമുക്കാവശ്യമുള്ളത് ആഗ്രഹിക്കുമ്പോൾ തന്നെ തൽക്ഷണം നമ്മുടെ മുന്നിലെത്തിക്കാൻ പ്രാപ്തിയുള്ള കേരവൃക്ഷങ്ങളെ 'കൽപ്പവൃക്ഷം' എന്നല്ലാതെ പിന്നെന്താണ് വിളിക്കേണ്ടത്.

തെങ്ങിന്റെ ഓല ശ്രദ്ധിച്ചാൽ അറിയാം ധാരാളം കുഞ്ഞിലകൾ ചേർന്നാണ് ഒരോല നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പണ്ടുകാലം മുതലേ വീടിന്റെ മേൽക്കൂര മേയുന്നതിനായി തെങ്ങോലകൾ ഉപയോഗിച്ചിരുന്നു. ഓടും കോൺക്രീറ്റും ഇന്ന് ആ സ്ഥാനത്ത് ഇരിപ്പിടം ഉറപ്പിച്ച് കഴിഞ്ഞെങ്കിലും അത്യാവശ്യത്തിന് ഒരു കളീൽ നിർമ്മിക്കുവാനും മറ്റും ഇന്നും ഓല പ്രമുഖസ്ഥാനത്ത് തന്നെയുണ്ട്. എത്രയെത്ര പ്രയോജനങ്ങളാണ് തെങ്ങിൽ നിന്നും നമുക്ക് ലഭിക്കുന്നത്. തെങ്ങ് എന്ന വാക്ക് രണ്ടക്ഷരത്തിൽ ഒതുങ്ങുന്നുവെങ്കിലും നിരവധി പ്രയോജനങ്ങളാണ് ഈ ഒറ്റത്തടി വമ്പൻ നമുക്ക് നൽകുന്നത്. അതിന്റെ തടി ഫർണീച്ചർ ഉണ്ടാക്കുന്നതിനും പൂങ്കുലയും കൊതുമ്പും പല കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിനും ഉപയോഗിക്കുന്നു. മാത്രമല്ല കൊതുമ്പും ഉണങ്ങിയ ഓലയുമെല്ലാം ഇന്ധനമായും ഉപയോഗിക്കാറുണ്ട്. ഉത്സവങ്ങളിലും അമ്പലങ്ങളിലും പറവെയക്കുമ്പോഴെല്ലാം തെങ്ങിന്റെ പൂങ്കുല ഒഴിച്ചുനിർത്താൻ കഴിയാത്തതാണ്. അത് സമ്പദ് സമൃദ്ധിയുടേയും ഐശ്വര്യത്തിന്റേയും പ്രതീകമാണ്. അതുകൊണ്ട് തന്നെ നമ്മുടെ ദൈനംദിന ജീവിതവുമായും നമ്മുടെ ആചാരാനുഷ്ഠാനങ്ങളുമായും അഭേദ്യമായ ബന്ധമാണ് തെങ്ങിനുള്ളത്.

തെങ്ങിന്റെ ഫലം അതായത് തേങ്ങ മലയാളിയുടെ അടുക്കളകളിലെ നിറസാന്നിദ്ധ്യമാണ്. തേങ്ങയിടാതെയുള്ള കറികളെപ്പറ്റി മലയാളികൾക്ക് ചിന്തിക്കാൻ പോലും ആകില്ല. തേങ്ങ അരച്ചുള്ള ചമ്മന്തിയും ചുട്ടപപ്പടവും പുത്തൻനെല്ല് കുത്തിയെടുത്ത ചോറും ഉണ്ടെങ്കിൽ മലയാളികൾക്ക് അന്നത്തെ ഊണ് സമൃദ്ധമായി. സദ്യവട്ടങ്ങളിൽപോലും തന്റെ കഴിവ് തെളിയിച്ചിട്ടുള്ള തേങ്ങ മലയാളികൾക്ക് ദൈവത്തിന്റെ വരദാനമാണ്. വെളിച്ചെണ്ണ, തേങ്ങപ്പാൽ എന്നിവ തേങ്ങയിൽ നിന്നും ലഭിക്കുന്ന ശുദ്ധമായ ഉൽപന്നങ്ങളാണ്. ഇതിന്റെ തടി കൊണ്ട് തവി നിർമ്മിക്കുകയും ചകിരിപിരിച്ച് കയർ നിർമ്മിക്കുകയും ചെയ്യുന്നു. കൂടാതെ ഇതിന്റെ ചകിരിയിൽ നിന്നും ലഭിക്കുന്ന ചകിരിച്ചോറ് ഇന്ന് ഒരു നല്ല ജൈവവളമാണ്. ഇതെല്ലാം കേരവൃക്ഷത്തിന്റെ പ്രയോജനങ്ങളാണ്. പ്രാചീന കാലം മുതലേ മനുഷ്യർ തെങ്ങിന്റെ ഉപയോഗങ്ങൾ പ്രയോജനപ്പെടുത്തിയിരുന്നു. ഇന്ന് ഇത് വിവിധ മേഖലകളിലേക്ക് വ്യാപിച്ചിരിക്കുന്നു. വ്യവസായ മേഖലയിലും അത് തന്റെ ഇരിപ്പിടം ഉറപ്പിച്ച് കഴിഞ്ഞിരിക്കുന്നു.

ഇതിന്റെ ഇളനീർ ഒട്ടും മായം കലരാത്ത പ്രകൃതിയുടെ ഗ്ലൂക്കോസ് പാനിയം എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. ഇതിനെ ഡോക്ടർമാർ പല രോഗങ്ങൾക്കും ഔഷധമായി നിർദ്ദേശിക്കാറുണ്ട്. ദാഹം ശമിപ്പിക്കുന്നതിനും ക്ഷീണം അകറ്റാനും ഇതിന് കഴിവുണ്ട്.

തെങ്ങിന്റെ പാകമാകാത്ത ഫലത്തെ കരിക്കെന്നും അതിനേക്കാൾ ഇളയ ഫലത്തെ വെള്ളയ്ക്ക, മച്ചിങ്ങ എന്നീ പേരുകളിലും അറിയപ്പെടുന്നു. തെങ്ങ് കൃഷി നടത്തുന്നത് വളരെ ആദായകരമാണ്. തേങ്ങ, വെളിച്ചെണ്ണ, തേങ്ങപ്പാൽ, മറ്റ് പലതരം ഉൽപന്നങ്ങൾ എന്നിവയെല്ലാം നമുക്ക് നൽകുന്ന തെങ്ങിന്റെ ശാസ്ത്രീയ നാമം 'കൊക്കോസ് ന്യൂസിഫെറ' എന്നാണ്. കുരങ്ങിനെപ്പോലെ ഇളിച്ചുകാട്ടുന്നതിന് പോർച്ചുഗീസ് ഭാഷയിൽ 'കോക്കസ്' എന്നാണ് പറയുക. പൊളിച്ച നാളികേരം കണ്ടാൽ ആർക്കും കുരങ്ങിനെപ്പോലെ തോന്നും.അതാണ് അതിന്റെ ശാസ്ത്രീയ നാമത്തിന് അടിസ്ഥാനം. ടി x ഡി, ഡി x ടി എന്നിവയാണ് തെങ്ങിന്റെ ഏറ്റവും നല്ല സങ്കരയിനങ്ങൾ. ആരോഗ്യവും ശരീരപുഷ്ടിയും പ്രദാനം ചെയ്യുന്ന പല ഔഷധങ്ങളും തെങ്ങിൽ നിന്നും നിർമ്മിച്ചെടുക്കാം. തെങ്ങിൻ പൂക്കുല രസായനം അതിനൊരു ഉദാഹരണമാണ്. സാധാരണയായി ഒരു നാടൻ തെങ്ങ് 4 മുതൽ 5 വർഷം വരെ ആകുമ്പോഴേക്കും കായ്ച്ചുതുടങ്ങും. ചെന്തെങ്ങ് ഗൗരീഗാത്രം, ടി x ഡി, ഡി x ടി, കപ്പതെങ്ങ്, ജാപ്പാണം തെങ്ങ് എന്നിവ

യാണ് കേരളത്തിൽ കൂടുതലായി കണ്ടുവരുന്ന തെങ്ങിനങ്ങൾ.

ഇതിൽ നിന്നും ലഭിക്കുന്ന ശുദ്ധമായ വെളിച്ചെണ്ണ ശിശുക്കൾ മുതൽ മുതിർന്നവർ വരെ ശരീരത്തിൽ തേയ്ക്കുകയും കറികളിൽ ചേർക്കുകയും ചെയ്യുന്നു. എന്നാൽ ഇടയ്ക്ക് അമേരിക്കക്കാർ പുറത്തുവിട്ട കുപ്രചരണം കാരണം വെളിച്ചെണ്ണ ശരീരത്തിന് ദോഷം ചെയ്യുന്നു എന്ന് ചെറിയൊരു സംശയം ഉദിച്ചിരുന്നു. പക്ഷേ; മറ്റെണ്ണകളേക്കാൾ നല്ലതും യാതൊരു ദോഷവും ഇല്ലാത്തതുമാണ് വെളിച്ചെണ്ണ എന്ന സത്യം മലയാളികൾ മനസ്സിലാക്കണം.

ഉഷ്ണമേഖലപ്രദേശങ്ങളിലാണ് തെങ്ങ് കൃഷി കൂടുതലായി കണ്ടുവരുന്നത്. തീരപ്രദേശത്താണ് തെങ്ങ് കൃഷി ചെയ്യാൻ അനുയോജ്യം. ഏഷ്യൻ രാജ്യങ്ങളായ ഇന്ത്യ, ഫിലിപ്പീൻസ്, ശ്രീലങ്ക, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലാണ് കൂടുതലായി തെങ്ങുകൃഷി ചെയ്തു വരുന്നത്. ദക്ഷിണേന്ത്യയിൽ ആദ്യമായി കേരളത്തിലാണ് തെങ്ങുകൃഷി തുടങ്ങിയതെങ്കിലും തെക്കേ അമേരിക്കയിൽ നിന്നാണ് മറ്റ് രാജ്യങ്ങളിലേക്ക് എത്തപ്പെട്ടതെന്ന് പറയപ്പെടുന്നു.

എന്തുകൊണ്ടും ഫലപ്രദവും ആദായകരവുമായ ഒരു കൃഷിയാണ് തെങ്ങുകൃഷി. പക്ഷേ ഇന്ന് തെങ്ങുകൃഷി ചെയ്യാൻ ആരും തയ്യാറാവുന്നില്ല. ഇന്ന് നമ്മുടെ നാട്ടിൽ തെങ്ങുകൃഷി കുറഞ്ഞ് വരുന്നു. നിരനിരയായി ഫലങ്ങൾ നിറഞ്ഞ് ചരിഞ്ഞ തലയുമായി കാറ്റിലാടിയിരുന്ന തെങ്ങിനെ ഇന്ന് കാണാനില്ല. അങ്ങുമിങ്ങും ഓരോന്ന് വീതമായി തെങ്ങുകൃഷി ശോഷിച്ചിരിക്കുന്നു. ഇന്ന് റബ്ബർ എന്ന ഏക വിളയിലേക്കാണ് മാറിക്കൊണ്ടിരിക്കുന്നത്. കേരളം എന്ന പേര് മാറ്റി 'റബറളം' എന്നാക്കാതെ കേരളം എന്ന് തന്നെ കാത്തു സൂക്ഷിക്കുവാൻ നമുക്കൊരുമിച്ച് പ്രയത്നിക്കേണ്ടതുണ്ട്. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകൾ തോറും ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുക. അതിനായി വിദ്യാർത്ഥികൾ ഒറ്റക്കെട്ടായി അണിചേരുക. കാരണം നാമാണ് ഇനിയുള്ള തലമുറ. നമ്മുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംസ്ക്കാരവും നമ്മിൽ നിന്നും അകന്നു പോകാതിരിക്കുവാൻ ഔദ്യോഗിക വൃക്ഷത്തെ സംരക്ഷിക്കേണ്ടത് അതീവ പ്രാധാന്യമർഹിക്കുന്നു.

നാളികേര വികസന ബോർഡും മൂവാറ്റുപുഴ അക്ഷയ പുസ്തക നിധിയും സംയുക്തമായി സംഘടിപ്പിച്ച രചനാമത്സരത്തിൽ പൊതുവിഭാഗത്തിൽ മൂന്നാം സമ്മാനം നേടിയ കവിത

തെങ്ങ് എന്ന കല്പക വൃക്ഷം

ഉമ്മണ്ണൂർ ഗോപാലകൃഷ്ണൻ, ശ്രീവത്സം, ആൽത്തറമൂട്, കടയ്ക്കൽ പി.ഒ., കൊല്ലം – 691536

സൽക്കലാ ദേവതയ്ക്കുദ്യാനമായൊരീ
കൽപ്പകത്തോപ്പിൽ പിറന്നതേ ഭാഗ്യമായ്!
അൽപ്പമല്ലേറെ വാത്സല്യം ചൊരിയുമീ
നൽത്തരുവമ്മയെപ്പോലെ പ്രിയങ്കരി!

പച്ചോല ചേലാഞ്ചലങ്ങളിളം കാറ്റിൽ
സ്വച്ഛമായ് മെല്ലെയിളക്കിയനുവേലം
ഉത്സുകം പൂണ്ടു നയനാഭിരാമമായ്
നിൽക്കുന്നു ദേവിയീ കേദാര വേദിയിൽ !

കുമ്മിയടിച്ചിടും കുഞ്ഞോലക്കൈകളാൽ
മാടിവിളിച്ചിടുമാറ്റക്കിളികളെ......
ആമോദമോടവർ കൂടുകൾ ഞാത്തിടും
പ്രേമസങ്കീർത്തനപ്പാട്ടുകൾ പാടിടും....

ആരെയും കോൾമയിർ കൊള്ളിച്ചു ശാന്തയായ്
നീരവം ശാലീന ചാരുതാലോലയായ്
തീരഭൂവിൽ സുധാകുംഭങ്ങളേന്തിയും
നേരിൻ ഹരിതാഭ ചൂടിയും നിൽപ്പൂ നീ!

പൈദാഹ ശാന്തിക്കു നല്ലിളം നീരേകും
കാളും വിശപ്പിനു ഭോജനമായിടും
കൂരയ്ക്ക് മേലാപ്പു നൽകീടും, വേലിക്കു
ഓലപ്പൊലിപ്പേകി സേവകരായിടും!

ഗ്രാമീണസുന്ദര ഗേഹം പണിയുവാൻ
ഓമനയാം നിന്റെ പൊന്നുടൽ യോഗ്യമാം
ഇന്ധനമായും നിതാന്തമായ് മോഹന –
ബന്ധുരമാകും കരകൗശലങ്ങളും

നീയരുളീടും അമോഘമാം സ്നേഹവും
നീ തന്നെ നാവിന്ന് പീയൂഷമാവതും ......

കൂന്തലിൽ മേനി വരുത്തീടും, പൂമുഖം
സന്ധ്യയ്ക്ക് ദീപം പ്രഭാപൂരമാക്കിടും!

അന്തികത്തെന്നും അഴകായ് അരുമയായ്
സന്തതം നിന്നുടെ സാമീപ്യ സൗഭഗം.....
വെന്തുരുകുമ്പൊഴും നിന്റെ സുഗന്ധമേ
ശാന്തി പകരും സഹജർക്ക് നിത്യവും!

കേരമേ വീരാംഗനേ, നിന്റെ പുണ്യമീ
കേരളം ചൂടുന്നു പാരിൽ പ്രശസ്തമായ്!
നാരായ മൂർച്ചയിൽ നേരുകൾ കോറിയ
ഭാഷതൻ താതനും നിൻഛായ കൊണ്ടവൻ!

വാരിളം തയ്യുകൾ, മക്കൾ ഈ മണ്ണിന്റെ
സാരസർവ്വസ്വമായ് എങ്ങും വളരട്ടെ ....
മോദമായ് കേരമേ, കേരള സംസ്ക്കാര–
സ്വാദുപകർന്നു വിജയിക്ക മേൽക്കുമേൽ!!

കടങ്കഥകൾ

1. വെള്ളമുണ്ട് വെള്ളിയുമുണ്ട്, കൂടുണ്ട് കാടുമുണ്ട്.
   ഉത്തരം: തേങ്ങ
2. മുക്കണ്ണൻ ചന്തയ്ക്കു പോയി
   ഉത്തരം: തേങ്ങ
3. തല മലപോലെ തടിവടി പോലെ, കുട കിന്നരം പോലെ
   ഉത്തരം: തെങ്ങ്
4. ഒരു കുന്തത്തിന്മേൽ ആയിരം കുന്തം.
   ഉത്തരം: തെങ്ങോല

അഞ്ജത്ത് പി.എസ്, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, തൃക്കാക്കര

കാർട്ടൂൺ

കേരമേഖലയിലെ ഗുണഭോക്താക്കളുടെ സമ്മേളനം നടന്നു

തമിഴ്നാട് കാർഷിക സർവ്വകലാശാല ഡീൻ ഡോ. എൻ. കുമാർ, നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ്, മുൻ കേന്ദ്ര മന്ത്രി ശ്രീ. എൻ. കണ്ണപ്പൻ, പെരുമ്പുതൂർ എം പി, ശ്രീ ടി. ആർ ബാലു, കേന്ദ്ര കൃഷി മന്ത്രി ശ്രീ ശരത്പവാർ, മുൻ കേന്ദ്ര മന്ത്രി ശ്രീ. എസ്. ആർ. ബാലസുബ്രമണ്യൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ. ജോർജ്ജ് വി. തോമസ്, പൊള്ളാച്ചി കേര കർഷക പ്രതിനിധി ശ്രീ. ടി.എ. കൃഷ്ണസ്വാമി ഗൗണ്ടർ, ബോർഡംഗം ശ്രീ. ആർ. കലൈശെൽവൻ എന്നിവർ വേദിയിൽ

കേരമേഖലയിലെ ഗുണഭോക്താക്കളുടെ സമ്മേളനം ഇക്കഴിഞ്ഞ ഒക്ടോബർ 26-ാം തിയതി ചെന്നൈ ഐഐടി കാമ്പസിൽ നടന്നു. കേന്ദ്ര കൃഷി മന്ത്രി ശ്രീ ശരത്പവാർ യോഗം ഉദ്ഘാടനം ചെയ്തു. പെരുമ്പുതൂർ എം പി, ശ്രീ. ടി. ആർ ബാലു അദ്ധ്യക്ഷനായിരുന്നു.

കേരകൃഷിയുടെ വിസ്തീർണ്ണത്തിലും നാളികേര ഉത്പാദനത്തിലും , ഉത്പാദനക്ഷമതയിലും തമിഴ്നാട് കൈവരിച്ച പുരോഗതിയെ കേന്ദ്ര മന്ത്രി പ്രശംസിച്ചു. നാളികേര വികസന ബോർഡ് കേരകർഷകർക്ക് സഹായകരമാകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നണ്ടെന്ന് അദ്ദേഹം പറഞ്ഞു. നാളികേര വിലയിലുണ്ടായിട്ടുള്ള കുത്തനെയുള്ള ഇടിവ് കർഷകരെ ആശങ്കാകുലരാക്കുന്നുണ്ടെന്നറിയാം. നാളികേരോത്പാദക സംഘങ്ങൾ പോലുള്ള കർഷക കൂട്ടായ്മകൾ ഉണ്ടാക്കി നാളികേരം സംഭരിച്ച് കൊപ്ര ഉത്പാദിപ്പിക്കണം. ഇതുവഴി മാത്രമെ താങ്ങുവിലയുടെ ഗുണം കർഷകരിൽ എത്തുകയുള്ളു. വിലയിടിവിനെ പ്രതിരോധിക്കാൻ വെളിച്ചെണ്ണ കയറ്റുമതിയിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എടുത്തുകളയണമെന്ന് കേന്ദ്ര കൃഷി മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. 25000 ഹെക്ടറിൽ കൂടുതൽ തെങ്ങുകൃഷിയുള്ള ജില്ലകളിൽ കോക്കനട്ട് പാർക്കുകൾ തുടങ്ങണമെന്നും മൂല്യവർദ്ധിത കേരോൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് 25 ശതമാനം ധനസഹായം നൽകണമെന്നും അദ്ദേഹം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

യോഗത്തിൽ പങ്കെടുത്ത ഗുണഭോക്താക്കൾ

നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ ടി കെ ജോസ് ഐഎഎസ് സ്വാഗതം ആശംസിച്ചു. വിലയിടിവിന്റെ വേളയിൽ കേരകർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി യോഗം സംഘടിപ്പിക്കുന്നതിന് മുൻകൈയെടുത്തതിന് കേന്ദ്രമന്ത്രിക്ക് അദ്ദേഹം നന്ദി പ്രകടിപ്പിച്ചു. പതിനായിരം ഹെക്ടറിൽ കൂടുതൽ തെങ്ങുകൃഷിയുള്ള ജില്ലകളിൽ ബോർഡിന്റെ വിത്തുത്പാദന തോട്ടങ്ങൾ സ്ഥാപിക്കാവുന്നതാണെന്ന് അദ്ദേഹം കൃഷി മന്ത്രിയെ അറിയിച്ചു.

യോഗത്തിൽ മുൻ കേന്ദ്ര മന്ത്രിമാരായ ശ്രീ. എൻ. കണ്ണപ്പൻ, ശ്രീ. എസ്. ആർ. ബാലസുബ്രമണ്യൻ, കമ്പം എംഎൽ.എ. ശ്രീ. എൻ. രാമകൃഷ്ണൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ. ജോർജ്ജ് വി. തോമസ്, ബോർഡംഗം ശ്രീ. ആർ. കലൈശെൽവൻ, തമിഴ് നാട് കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ. രാമസ്വാമി, ഡീൻ ഡോ. എൻ. കുമാർ തുടങ്ങിയവർ പങ്കെടുത്തു.

കോയമ്പത്തൂർ, തിരുപ്പൂർ, തഞ്ചാവൂർ, തേനി, കന്യാകുമാരി, വെല്ലൂർ, ശിവഗംഗ, ദിണ്ടിഗൽ, മധുര,വിരുദ് നഗർ, വില്ലുപുരം, തിരുവാരൂർ ജില്ലകളിൽ നിന്നുള്ള ഇരുന്നൂറോളം കേരകർഷകർ യോഗത്തിൽ പങ്കെടുത്തു.

നാളികേര നിക്ഷേപക സംഗമം നടന്നു

നാളികേര നിക്ഷേപക സംഗമം സംസ്ഥാന കൃഷി മന്ത്രി ശ്രീ. കെ.പി. മോഹനൻ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന കാർഷികോത്പാദന കമ്മീഷണർ ശ്രീ. സുബ്രതോ ബിശ്വാസ് ഐഎഎസ്, നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐഎഎസ്, സംസ്ഥാന പ്രിൻസിപ്പൽ സെക്രട്ടറി (കൃഷി) ശ്രീ. ജ്യോതിലാൽ ഐഎഎസ്, കെഎസ്ഐഡിസി എക്സിക്യൂട്ടിവ് ഡയറക്ടർ ശ്രീ. പി.ടി. തോമസ്കുട്ടി, കേരള കാർഷിക സർവ്വകലാശാല ഡയറക്ടർ (വിജ്ഞാന വ്യാപനം) ഡോ. പി.വി. ബാലചന്ദ്രൻ എന്നിവർ സമീപം

നാളികേര വികസന ബോർഡിന്റേയും സംസ്ഥാന കൃഷി വകുപ്പിന്റെയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയിൽ ഡവലപ്മെന്റ് കോർപ്പറേഷന്റെയും കേരളകാർഷിക സർവകലാശാലയുടെയും സംയുക്താഭിമുഖ്യത്തിൽ നവംബർ 2-ാം തിയതി എറണാകുളത്ത് പനമ്പിള്ളി നഗറിലുള്ള അവന്യൂസെന്ററിൽ നാളികേര നിക്ഷേപക സംഗമം നടന്നു. സംസ്ഥാന കൃഷി മന്ത്രി ശ്രീ കെ പി മോഹനൻ സംഗമം ഉദ്ഘാടനം ചെയ്തു. സംസ്ഥാന കാർഷികോത്പാദന കമ്മീഷണർ ശ്രീ സുബ്രതോ ബിശ്വാസ് ഐഎഎസ് അദ്ധ്യക്ഷനായിരുന്നു. നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ ടി കെ ജോസ് ഐഎഎസ് മുഖ്യ പ്രഭാഷണം നടത്തി.

നാളികേരത്തിന്റെ കുത്തനെയുള്ള വിലയിടിവ് കേരകർഷകനെ ഗുരുതരമായി ബാധിച്ചിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ സംസ്ഥാന സർക്കാർ ഫെബ്രുവരി മാസത്തോടെ പച്ചത്തേങ്ങ സംഭരിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്ന് കൃഷി മന്ത്രി കെ പി മോഹനൻ ഉദ്ഘാടന പ്രസംഗത്തിൽ പ്രസ്താവിച്ചു. നാളികേരത്തിന്റെ മൂല്യവർദ്ധനവിലൂടെ മാത്രമേ കേരമേഖലയ്ക്ക് പുതുജീവൻ നൽകാനാവൂ എന്ന് മനസ്സിലാക്കിയാണ് സർക്കാർ ബജറ്റിൽ ബയോപാർക്കുകൾ ആരംഭിക്കുവാൻ വ്യവസ്ഥ ചെയ്തത്. നാളികേരത്തിൽ ഉൽപന്ന വൈവിധ്യവത്ക്കരണം അത്യന്താപേക്ഷിതമാണ്. സ്നോബോൾ കരിക്കുപോലെ അഞ്ച് മടങ്ങിലധികം മൂല്യവർദ്ധന നേടി തരുന്ന വൈവിധ്യമാർന്ന ഉൽപന്നങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാവുന്നതാണ്. ഇളനീർ വില്പന ജനകീയമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നീര ഉത്പാദനത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരിക്കുകയാണ്. വിലയിടിവിന്റെ ആഘാതത്തിൽ നിന്ന് കേരകർഷകരെ രക്ഷിക്കുന്നതിനും ഇന്ത്യ മഹാരാജ്യത്തെ കേരവ്യവസായത്തിൽ മുൻപന്തിയിലെത്തിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ സകലവിധ പിന്തുണയും അദ്ദേഹം വാഗ്ദാനം ചെയ്തു.

കുറ്റ്യാടിയിൽ ആരംഭിക്കുന്ന നാളികേര ബയോപാർക്ക് മൂല്യവർദ്ധന പ്രവർത്തനങ്ങൾ കർഷകരിലെത്തിക്കുവാനുള്ള വേദിയാകുമെന്ന് കാർഷികോത്പാദന കമ്മീഷണർ ശ്രീ. സുബ്രതോ ബിശ്വാസ് ഐഎഎസ് അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. 115 ഏക്കർ സ്ഥലത്ത് പാർക്ക് തുടങ്ങുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കേരസംസ്ക്കരണത്തിന് സർക്കാർ 25 ശതമാനം ധനസഹായം നൽകുന്നുണ്ട്. സർക്കാർ സഹായങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തി സംസ്ക്കരണത്തിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുവാൻ സംരംഭകർ മുന്നോട്ടു വരണം.സമഗ്ര സംസ്ക്കരണ പ്രവർത്തനങ്ങളും ഉൽപന്ന വിപണനവും ഇതുവഴി സുഗമമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരളത്തിൽ 25000 ഹെക്ടറിനുമുകളിൽ തെങ്ങുകൃഷിയുള്ള പത്ത് ജില്ലകളിൽ നാളികേര ബയോപാർക്കുകൾ സ്ഥാപിക്കണമെന്ന് ബോർഡ് ചെയർമാൻ ശ്രീ. ടി.

സദസ്സ്

കെ. ജോസ് ഐഎഎസ് മുഖ്യപ്രഭാഷണത്തിൽ ആവശ്യപ്പെട്ടു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ നാളികേരോത്പാദനത്തിലും ഉത്പാദനക്ഷമതയിലും മൂല്യവർധനവിലും സംസ്കരണത്തിലും കയറ്റുമതിയിലും ഇന്ത്യയെ ലോകത്ത് ഒന്നാം സ്ഥാനത്ത് എത്തിക്കുകയാണ് ബോർഡിന്റെ ലക്ഷ്യം. കെഎസ്ഐഡിസിയും സംസ്ഥാനകൃഷിവകുപ്പും നാളികേര വികസന ബോർഡും സംയുക്തമായി കോഴിക്കോട് കുറ്റ്യാടിയിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞതായി അദ്ദേഹം വ്യക്തമാക്കി. നാളികേരത്തിന്റെ വിലയിടിവ് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കനത്ത ആഘാതം ഏല്പിച്ചിരിക്കുന്നു.

കൊപ്രയിലും വെളിച്ചെണ്ണയിലുമായി നാളികേര സംസ്കരണം കേന്ദ്രീകരിക്കാതെ ഉൽപന്ന വൈവിദ്ധ്യവത്ക്കരണവും മൂല്യവർദ്ധനവും അവലംബിക്കുക മാത്രമാണ് വിലയിടിവിനെ പ്രതിരോധിക്കാനുള്ള പോംവഴിയെന്ന് ചെയർമാൻ പറഞ്ഞു. ആരോഗ്യപരമായ അവബോധം വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ നാളികേരത്തിന്റേയും ഇളനീരിന്റേയും വെർജിൻ വെളിച്ചെണ്ണയുടേയും ആരോഗ്യദായക ഗുണങ്ങൾ പ്രയോജനപ്പെടുത്തി വിദേശ വിപണികൾ കണ്ടെത്തുകയാണ് വേണ്ടത്. കേന്ദ്ര സർക്കാർ വെളിച്ചെണ്ണയുടെ കയറ്റുമതി വർധിപ്പിക്കുവാൻ തുറമുഖങ്ങളിലും അളവുകളിലുമുള്ള നിയന്ത്രണങ്ങൾ എടുത്തു മാറ്റേണ്ടത് അത്യാവശ്യമാണ്. അതുപോലെ തന്നെ സംസ്ഥാന സർക്കാർ പൊതു വിതരണ സമ്പ്രദായം വഴി രണ്ടു ലിറ്റർ വെളിച്ചെണ്ണ വീതം നൽകുകയും, വിദ്യാലയങ്ങളിലും അംഗൻവാടികളിലും ഉച്ചഭക്ഷണം പാകം ചെയ്യുന്നതിന് വെളിച്ചെണ്ണയുടെ ഉപയോഗം നിർബന്ധിതമാക്കുകയും ചെയ്താൽ കേരകർഷകർക്ക് ആശ്വാസകരമായിരിക്കുമെന്നും ശ്രീ. ടി. കെ. ജോസ് അഭിപ്രായപ്പെട്ടു.

സർക്കാരിന്റെ ഭാഗത്തു നിന്ന് മാത്രമല്ല നാളികേരത്തിന്റെ അനന്ത സാധ്യതകൾ മുതലെടുക്കാൻ കർഷകരും ഒത്തൊരുമിച്ചു നീങ്ങേണ്ടതുണ്ട്. പായ്ക്ക് ചെയ്ത ഇളനീർ, തൂൾത്തേങ്ങ, വെർജിൻ വെളിച്ചെണ്ണ, നീര, പാംഷുഗർ എന്നിങ്ങനെ ഉൽപന്നങ്ങൾ നിരവധിയാണ്. നീര അബ്കാരി നിയമത്തിന്റെ തടങ്കലിലാണ്. കർഷകന് നീര ഉത്പാദിപ്പിക്കുവാൻ നിയമ തടസ്സങ്ങളുണ്ട്. പ്രസ്തുത നിയമത്തിൽ ഇളവു വരുത്താൻ കർഷകരുടെ ശക്തമായ അഭിപ്രായ ഐകൃമുണ്ടാകണം. നാളികേരോത്പാദനം കുറയാതെ തന്നെ നീര ഉത്പാദിപ്പിക്കാവുന്നതാണ്. നീര ഉത്പാദനത്തിലൂടെ ഒരു കുലയിൽ നിന്ന് 2500 രൂപ പ്രതിമാസം കർഷകർക്ക് കിട്ടും. ഡീസലിന്റെ വില വർദ്ധന ഇതേ രീതിയിൽ തുടർന്നാൽ 2017ൽ 50 ടൺ വെളിച്ചെണ്ണ ഉപയോഗിച്ച് 25 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ശേഷിയുള്ള വൈദ്യുതി നിലയങ്ങൾ എന്ന ആശയം പ്രാവർത്തികമാക്കാൻ കഴിയുമെന്ന സ്വപ്നമാണ് തനിക്കുള്ളതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ ഉടൻ തന്നെ മൂന്നു നാളികേര ബയോപാർക്കുകൾ ആരംഭിക്കുമെന്ന് യോഗത്തിൽ സംസാരിച്ച പ്രിൻസിപ്പിൽ സെക്രട്ടറി (കൃഷി) ശ്രീ കെ ആർ ജ്യോതിലാൽ ഐഎഎസ്പറഞ്ഞു. ഇൻഫോ പാർക്കിന്റെയും ടെക്നോ പാർക്കിന്റെയും മാതൃകയിലാവും ഇവ തുടങ്ങുക. വൈദ്യുതിയും ജലവും അടിസ്ഥാന സൗകര്യങ്ങളും ബയോ പാർക്കിൽ സർക്കാർ നൽകുന്നതാണ്, അദ്ദേഹം വ്യകതമാക്കി. കെ എസ് ഐ ഡി സിയുടെ കണ്ണൂർ, കോഴിക്കോട്, ചേർത്തല എന്നിവിടങ്ങളിൽ നിലവിലുള്ള പാർക്കുകളിൽ നാളികേര ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണെന്ന് ചടങ്ങിൽ സംസാരിച്ച കെ എസ് ഐ ഡി സി എക്സിക്യുട്ടീവ് ഡയറക്ടർ ശ്രീ പിടി തോമസ്കുട്ടി ചൂണ്ടിക്കാട്ടി. എറണാകുളം, മലപ്പുറം, പാലക്കാട്, തൃശൂർ ജില്ലകളെ

നീരയും കേരചക്കരയും

കേരള കാർഷിക സർവ്വകലാശാലയുടെ പ്രാദേശിക ഗവേഷണ കേന്ദ്രം തെങ്ങിൻ പൂക്കുലയിൽ നിന്ന് നീരയും കേരചക്കരയും വികസിപ്പിച്ചെടുത്തു. നീര ശേഖരിച്ച് ശീതികരിക്കുന്നു. പി എച്ച് സ്ഥിരമാക്കിയതിനു ശേഷം സെൻട്രി ഫ്യൂഗിലൂടെ അരിച്ച് ക്ലാസ് 2 പ്രിസർവേറ്റീവുകൾ ചേർത്ത് ആവശ്യമനുസരിച്ച് നേർപ്പിച്ച് കുപ്പികളിലാക്കി കാർബൺ ഡയോക്സയിഡ് കടത്തിവിട്ട് സീൽ ചെയ്ത് ശീതികരിച്ച് സൂക്ഷിക്കുന്നു. ചക്കരയുണ്ടാക്കുന്നതിനായി നീര തിളപ്പിച്ച് പി എച്ച് സ്ഥിരീകരിച്ച് തീയിൽ തുറന്നു വച്ച് ചൂടാക്കി കുറുക്കുന്നു. അച്ചുകളിൽ നിരത്തി കട്ടിയാക്കി പായ്ക്ക് ചെയ്തു സൂക്ഷിക്കുന്നു. വിദേശത്ത് പ്രിയങ്കരമായ ഈ രണ്ട് ഉൽപന്നങ്ങളും വിറ്റാമിൻ സി പൊട്ടാസ്യം, കാത്സ്യം, ഇരുമ്പ്, സോഡിയം എന്നിവയടക്കമുള്ള ധാതുക്കൾ എന്നിവയാൽ സമ്പുഷ്ടമാണ്.

കൊഴുപ്പുകുറഞ്ഞ പോഷക സമ്പുഷ്ടമായ കരിക്ക് ക്രീം

കൊച്ചിയിലെ എസ് സി എം എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോസയൻസ് ആന്റ് ബയോടെക്നോളജി റിസർച്ച് ആന്റ് ഡെവലപ്പമെന്റിന്റെ ഗവേഷണ പദ്ധതി. കരിക്കിൻ വെള്ളവും കാമ്പും ഉപയോഗിച്ച് നിർമ്മിച്ച കൊഴുപ്പു കുറഞ്ഞതും വളരെയേറെ പോഷക സമ്പന്നവും ആരോഗ്യ രക്ഷയ്ക്കുമുതകുന്ന ഉൽപന്നം. എട്ടു മാസം പ്രായമുള്ള കരിക്കിൽ പ്രോട്ടീനും അമിനോ അമ്ലങ്ങളും ധാതുക്കളും അടങ്ങിയിരിക്കുന്നു. കരിക്കിൻ കാമ്പും വെള്ളവും അരച്ച് ഒന്നിച്ചാക്കി പാസ്ചുറൈസ് ചെയ്ത് പായ്ക്കു ചെയ്യുന്നു.

യോഗിക്ക് ഫുഡ് പ്രൈവറ്റ് ലിമിറ്റഡ്, പൊള്ളാച്ചി

ഡൽഹിയിലെ ചുട്ടുപൊള്ളുന്ന ചൂടിൽ കരിക്കിൻ വെള്ളം കിട്ടാനുള്ള ബുദ്ധിമുട്ട് കണ്ടാണ് യോഗിക് ഫുഡ്സ് കരിക്കിൻ വെള്ളം പായ്ക്ക് ചെയ്യുന്ന യൂണിറ്റ് തുടങ്ങുവാൻ തീരുമാനിച്ചത്. കരിക്ക് സമൃദ്ധമായി ലഭിക്കുന്ന പൊള്ളാച്ചിയിലെ ചുങ്കം തന്നെ ഫാക്ടറി തുടങ്ങുവാൻ തിരഞ്ഞെടുത്തു. ഏറ്റവും ശുദ്ധമായ ഇളനീർ പായ്ക്ക് ചെയ്ത് ലഭ്യമാക്കുമെന്നു കമ്പനി അവകാശപ്പെടുന്നു. വളരെ വിപുലമായ വിപണന ശൃംഖല വഴി ഇന്ത്യയിലുടനീളം 'ഓ ഫ്രെഷ്' ബ്രാൻഡിലുള്ള ഉൽപന്നം എത്തിക്കുവാനാണ് ഇവർ ലക്ഷ്യമിടുന്നത്. ഇളനീരിന്റെ ആരോഗ്യപരവും ഔഷധപരവുമായ ഗുണമേന്മ ഉയർത്തിക്കാട്ടി ആരോഗ്യ സംരക്ഷണ ഉൽപന്നങ്ങളുടെ വിപണി കീഴടക്കാനും ഉദ്ദേശിക്കുന്നു.

ഉൾപ്പെടുത്തിയുള്ള പദ്ധതിയിൽ പ്രസ്തുത ജില്ലകളിലും പാർക്കുകൾ വരുന്നുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ യൂണിറ്റുകൾ തുടങ്ങാതെ വ്യവസായ പാർക്കുകളിൽ പ്രവർത്തിക്കുന്നതാണ് പ്രയോജനപ്രദം. യൂണിറ്റുകൾ തുടങ്ങുവാൻ ലോണും, മൂലധന നിക്ഷേപത്തിനുള്ള വായ്പയും കെ എസ് ഐ ഡി സി കൊടുക്കുന്നുണ്ട്. കൂടാതെ തയ്യാറാക്കിയെടുത്ത സ്ഥലവും നൽകുന്നു അദ്ദേഹം വ്യക്തമാക്കി.

യോഗത്തിൽ എറണാകുളം ജില്ലയിലെ പ്രമുഖ ബാങ്കുകളുടെ പ്രതിനിധികൾ സംസാരിച്ചു. ബോർഡ് മുഖ്യനാളികേര വികസന ആഫീസർ ശ്രീ. സുഗതഘോഷ് സ്വാഗതം ആശംസിക്കുകയും കെഎസ്ഐഡിസി അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. ആർ. പ്രശാന്ത് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.

ഉദ്ഘാടന സമ്മേളനത്തിനുശേഷം 'നാളികേര ഉൽപന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധനയും സംസ്ക്കരണവും – ഭാവി ചുവടുവെയ്പുകൾ' എന്ന വിഷയത്തിൽ സാങ്കേതിക സമ്മേളനം നടന്നു. കാർഷികോത്പാദന കമ്മീഷണർ ശ്രീ. സുബ്രതോ ബിശ്വാസ് ഐഎഎസ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. പി.ടി. തോമസ്കുട്ടി, കേരള കാർഷിക സർവ്വകാലശാല ഡയറക്ടർ (വിജ്ഞാന വ്യാപനം) ഡോ. പി.വി. ബാലചന്ദ്രൻ, ബോർഡ് മുഖ്യനാളികേര വികസന ഓഫീസർ ശ്രീ. സുഗതഘോഷ് എന്നിവർ സാങ്കേതിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ബോർഡ് ഡയറക്ടർ ഡോ. കെ. മുരളീധരൻ, ഡോ. പി.വി. ബാലചന്ദ്രൻ, കേന്ദ്ര തോട്ടവിള ഗവേഷണസ്ഥാപനത്തിലെ ഡോ. കെ. മാധവൻ, കയർ ബോർഡിലെ ഡയറക്ടർ (വിപണനം) ശ്രീ. കുമാരസ്വാമി പിള്ള എന്നിവർ പ്രബന്ധം അവതരിപ്പിച്ച് സംസാരിച്ചു. ഡിഫൻസ് ഫുഡ് റിസർച്ച് ലബോറട്ടറി, സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കേരള കാർഷിക സർവ്വകലാശാല, എസ്സിഎംഎസ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത് സംരംഭകർക്ക് കൈമാറ്റം ചെയ്യാൻ തയ്യാറായിരിക്കുന്ന സാങ്കേതിക വിദ്യകൾ സംഗമത്തിൽ അവതരിപ്പിച്ചു.

കേരവ്യവസായ പാർക്കുകളും ബയോ പാർക്കുകളുമെന്ന ആശയവും നടപ്പിൽ വരുത്തേണ്ട മാർഗ്ഗങ്ങളും സംഗമത്തിൽ ചർച്ച ചെയ്തു. നാളികേര സംസ്ക്കരണ മേഖലയിൽ വിജയം കൈവരിച്ച സംരംഭകർ വിജയഗാഥകൾ അവതരിപ്പിച്ചു. സംസ്ഥാനത്തെ 250ലേറെ നാളികേര സംരംഭകർ സംഗമത്തിൽ പങ്കെടുത്തു.

അറിഞ്ഞോ, വെളിച്ചെണ്ണ നിങ്ങളുടെ തലച്ചോറിന് നല്ലതാണ്

തലച്ചോർ നന്നായി പ്രവർത്തിക്കാൻ വെളിച്ചെണ്ണ വളരെ അത്യാവശ്യമാണെന്ന് നിരവധി ഗവേഷണങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അൽഷിമേഴ്സ് രോഗത്തിനും പാർക്കിൻസൺ രോഗത്തിനും പരിഹാരം തേടി നടത്തിയ പഠനത്തിലാണ് ഇത് കൂടുതൽ സ്പഷ്ടമായത്.

വെളിച്ചെണ്ണയാകട്ടെ തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തനത്തെ സഹായിക്കുന്നു. തൈറോയിഡാണ് തലച്ചോറിന്റെ വികാസത്തെ നിയന്ത്രിക്കുന്നത്. വളരെ വർഷം മുമ്പ് 1978ൽ ഗർഭിണി എലികളിൽ നടത്തിയ പരീക്ഷണത്തിൽ തെളിഞ്ഞത് വെളിച്ചെണ്ണ നൽകിയ എലികളുടെ കുഞ്ഞുങ്ങളിൽ തലച്ചോറിന്റെ വികാസം ഉയർന്ന തോതിലായിരുന്നുവെന്നാണ്.

മറ്റെണ്ണകളേക്കാൾ എന്ത് മികവാണ് വെളിച്ചെണ്ണയ്ക്കുള്ളത്? വെളിച്ചെണ്ണയിൽ പൂരിത കൊഴുപ്പാണുള്ളത്. ഇവ ഓക്സീകരണത്തിന് വിധേയമാകുന്നില്ല. വെളിച്ചെണ്ണ ശുദ്ധീകരിക്കാതെ തന്നെ പ്രകൃത്യാ ഉള്ള രൂപത്തിൽ നന്നായി സൂക്ഷിച്ചുവെച്ചാൽ രണ്ടുവർഷത്തോളം കേടുകൂടാതെയിരിക്കും. കൊഴുപ്പുകളുടെ ഓക്സീകരണവും അൽഷിമേഴ്സ് രോഗികളിൽ കാണപ്പെടുന്ന നാഡീകോശങ്ങളുടെ നാശവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു.

വെളിച്ചെണ്ണ തലച്ചോറിലെ കോശങ്ങൾക്ക കീറ്റോൺ നൽകുന്നു. ഇത് ഉയർന്ന തോതിൽ ഊർജ്ജമുള്ള, തലച്ചോറിലെ കോശങ്ങൾക്ക് പോഷണം നൽകുന്ന ഇന്ധനങ്ങളാണ്. തലച്ചോറിലെ കോശങ്ങൾ കൊഴുപ്പിന്റെ സങ്കീർണ്ണമായ രൂപങ്ങളാൽ നിറച്ചുവെച്ചിരിക്കുകയാണ്. സാധാരണയായി തലച്ചോറിലെ കോശങ്ങൾക്ക് ആഹാരം ഗ്ലൂക്കോസ് ആണ്. പക്ഷേ, ഇൻസുലിൻ പ്രശ്നങ്ങളുള്ളവരിൽ കോശങ്ങൾക്ക് ഗ്ലൂക്കോസ് കുറഞ്ഞ അളവിലെ ലഭിക്കുകയുള്ളൂ. ഇതുമൂലം അവരുടെ കോശങ്ങൾ ആഹാരമില്ലാതെ നശിക്കുന്നു. നമ്മുടെ ശരീരം പട്ടിണിയായിരിക്കുമ്പോൾ ശേഖരിച്ചുവെയ്ക്കുന്ന കൊഴുപ്പിൽ നിന്ന് പ്രകൃത്യാ കീറ്റോൺ ഉത്പാദിപ്പിക്കുന്നു, അങ്ങനെ നമ്മുടെ തലച്ചോറിലെ കോശങ്ങൾക്ക് പോഷണം ലഭിക്കുന്നു. പക്ഷേ, വെളിച്ചെണ്ണ തലച്ചോറിലെ കോശങ്ങൾക്ക് എല്ലായ്പ്പോഴും കീറ്റോണിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നു. വെളിച്ചെണ്ണ മദ്ധ്യശൃംഖല ട്രൈഗ്ലിസറൈഡുകളാൽ സമ്പുഷ്ടമാണ്. അൽഷിമേഴ്സ് രോഗികളിൽ വെളിച്ചെണ്ണയിലെ മദ്ധ്യശൃംഖല ട്രൈഗ്ലിസറൈഡുകൾ നൽകി നടത്തിയ പഠനം തെളിയിച്ചത്, തലച്ചോറിന്റെ പ്രവർത്തനങ്ങളിൽ അവ ഗുണകരമായ സ്വാധീനമുണ്ടാക്കിയെന്നാണ്.

നാഡീസംബന്ധമായ വൈകല്യമുള്ളവർക്ക് ഭക്ഷണത്തിലൂടെ ഇത്തരം കൊഴുപ്പുകൾ നൽകാമെന്നാണ് പുതിയ പഠനങ്ങൾ തെളിയിക്കുന്നത്. അൽഷിമേഴ്സ് രോഗികളുടെ ഭക്ഷണത്തിൽ വെളിച്ചെണ്ണ ചേർക്കുന്നത് വളരെയേറെ പ്രയോജനകരമാണെന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു.

–കോ കമ്മ്യൂണിറ്റി

കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷന്റെ രജിസ്ട്രേഷൻ സംബന്ധിച്ച് കേരള സർക്കാർ പുറപ്പെടുവിച്ച അറിയിപ്പ്

കേരള സർക്കാർ

നമ്പർ.20411/ഇ2/2012/നി.വ.

നികുതി (ഇ) വകുപ്പ്
തിരുവനന്തപുരം
തീയതി 10-10-2012

25148

ഗവ.സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

സർ,

വിഷയം:- നികുതി വകുപ്പ് - രജിസ്ട്രേഷൻ - Coconut Producers' Federations (CPFs) – രജിസ്റ്റർ ചെയ്യുന്നത് - "Member" എന്ന പദത്തിന്റെ നിർവ്വചനം - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 13-08-2012-ലെ എൽ3-19233/12 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിലെ 2(b) വകുപ്പിലും, 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിലെ 15-ാം വകുപ്പിലും "Member" എന്ന വാക്ക് വിവരിക്കുന്നതിൽ അംഗങ്ങൾ വ്യക്തികൾ (Persons) ആയിരിക്കണമെന്ന് പറയുന്നുണ്ട്. എന്നാൽ 'Person' എന്ന വാക്ക് പ്രത്യേകം വിവരിക്കാത്തതിനാൽ General Clauses Act (1897) – ൽ 'Person' എന്ന വാക്കിന് നൽകുന്ന അർത്ഥം സ്വീകരിക്കാവുന്നതാണ്. അത് ചുവടെ ചേർക്കുന്നു.

'Person' shall include any company or association or body of individuals, whether incorporated or not.

മേൽ വിവരണത്തിൽ നിന്നും, ഏതെങ്കിലും നിയമത്തിൻ കീഴിൽ സംഘടിപ്പിക്കപ്പെട്ടതോ അല്ലാത്തതോ ആയ വ്യക്തികളുടെ സംഘത്തെ 'Person' ആയി പരിഗണിക്കാവുന്നതാണ്. ആയതിനാൽ 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ ആക്ടിന്റെ കീഴിലും, 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിനു കീഴിലും Coconut Producers' Federations (CPFs) – രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ
ഉഷാകുമാരി.വി.എസ്
അണ്ടർ സെക്രട്ടറി
ഗവ.സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

കമ്പോളാവലോകനം

2012 ഒക്ടോബർ

- ആട്ടുകൊപ്ര, ഉണ്ടക്കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില എല്ലാ പ്രമുഖ വിപണികളിലും വർദ്ധിച്ചു.
- വെളിച്ചെണ്ണയുടെ അന്താരാഷ്ട്ര വില കുറഞ്ഞു.

പ്രമുഖ കേരോത്പാദക സംസ്ഥാനങ്ങളിലെല്ലാം തന്നെ കൊപ്രയുടേയും നാളികേരത്തിന്റേയും വില താങ്ങുവിലയേക്കാൾ കുറവായിരുന്നു. സർക്കാർ നിയോഗിച്ചിട്ടുള്ള സംഭരണ ഏജൻസികൾ താങ്ങുവിലയനുസരിച്ച് കൊപ്ര സംഭരണം തുടരുന്നു.

വെളിച്ചെണ്ണ

വെളിച്ചെണ്ണയുടെ വില രാജ്യത്തെ എല്ലാ പ്രമുഖ വിപണന കേന്ദ്രങ്ങളിലും വർദ്ധിച്ചു.

വെളിച്ചെണ്ണയുടെ ശരാശരി വില കൊച്ചി വിപണിയിൽ ക്വിന്റലിന് 5761 രൂപയായിരുന്നു. ആലപ്പുഴ വിപണിയിൽ വെളിച്ചെണ്ണയുടെ വില ഏറെക്കുറെ കൊച്ചി വിപണിയിലേതുപോലെ നിന്നു. ആലപ്പുഴ വിപണിയിലെ ശരാശരി മാസവില ക്വിന്റലിന് 5739 രൂപയായിരുന്നു. കോഴിക്കോട് വെളിച്ചെണ്ണയുടെ ശരാശരി മാസവില ക്വിന്റലിന് 5928 രൂപയുമായിരുന്നു. കൊച്ചി വിപണിയിലേയും ആലപ്പുഴ വിപണിയിലേയും കോഴിക്കോട് വിപണിയിലേയും വില കഴിഞ്ഞ മാസത്തേക്കാൾ 4 മുതൽ 6 ശതമാനം കുറവായിരുന്നു. പുറമേ നിന്നുള്ള വ്യാപാരികളുടേയും പ്രാദേശിക ഉപഭോക്താക്കളുടേയും ഡിമാൻഡിലുണ്ടായ കുറവ് വെളിച്ചെണ്ണ വ്യാപാരത്തിൽ പ്രതിഫലിച്ചു. മറ്റ് വിലകുറഞ്ഞ ഭക്ഷ്യ എണ്ണകൾ വിപണിയിൽ സുലഭമായിരുന്നു.

ആട്ടുകൊപ്ര

എഫ്.എ.ക്യൂ കൊപ്രയുടെ ശരാശരി മാസവില കൊച്ചി വിപണിയിൽ ക്വിന്റലിന് 3987 രൂപയായിരുന്നു. രാശി കൊപ്രയുടെ ശരാശരി മാസവില ആലപ്പുഴ വിപണിയിൽ ക്വിന്റലിന് 4032 രൂപയായിരുന്നു. കോഴിക്കോട് വിപണയിൽ വില ക്വിന്റലിന് 3919 രൂപയായിരുന്നു. കൊച്ചി, ആലപ്പുഴ, കോഴിക്കോട് വിപണികളിൽ ശരാശരി മാസവില കഴിഞ്ഞ മാസത്തേക്കാൾ 3-4 ശതമാനം കുറവായിരുന്നു.

താങ്ങുവിലയനുസരിച്ച് കൊപ്ര സംഭരണം തമിഴ്നാട്ടിലും കേരളത്തിലും യഥാക്രമം ടാൻഫെഡും നാഫെഡും നടത്തുന്നുണ്ട്. ആട്ടുകൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5100 രൂപയാണ്. നാഫെഡ്, തമിഴ്നാട്ടിൽ ടാൻഫെഡ് മുഖേന 23429 മെട്രിക് ടൺ കൊപ്രയും കേരളത്തിൽ കേരഫെഡും മാർക്കറ്റ് ഫെഡും മുഖേന 13960 മെട്രിക് ടൺ കൊപ്രയും സംഭരിച്ചു.

ആട്ടുകൊപ്രയുടെ ആന്ധ്രപ്രദേശിലെ അമ്പാജിപേട്ടയിലെ ശരാശരി വില ക്വിന്റലിന് 3923 രൂപയായിരുന്നു. ഇത് കഴിഞ്ഞമാസം 3688 രൂപയായിരുന്നു.

ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ കോഴിക്കോട് വിപണിയിലെ ശരാശരി വില ക്വിന്റലിന് 5613 രൂപയായിരുന്നു. അത് കഴിഞ്ഞ മാസത്തെ വിലയെ അപേക്ഷിച്ച് 5 ശതമാനം അധികമായിരുന്നു.

ഉണ്ടകൊപ്രയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 4957 രൂപയായിരുന്നു. ഉണ്ടകൊപ്രയുടെ ശരാശരി വില കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ക്വിന്റലിന് 5109 രൂപയായിരുന്നു; ബാംഗ്ലൂരിൽ അത് 5800 രൂപയും അരസിക്കരയിൽ 5087 രൂപയുമായിരുന്നു.

ഭക്ഷ്യയോഗ്യമായ കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 5350 രൂപയാണ്.

കൊട്ടത്തേങ്ങ

കൊട്ടത്തേങ്ങയുടെ ശരാശരി വില കോഴിക്കോട് വിപണിയിൽ ആയിരത്തിന് 4265 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 6 ശതമാനം കുറവായിരുന്നു.

നാളികേരം

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ആയിരത്തിന് 5500 രൂപയായിരുന്നു; അത് കഴിഞ്ഞമാസത്തേതിനു തുല്യമായിരുന്നു.

അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില 5417 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ 6 ശതമാനം കുറവായിരുന്നു.

ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ആയിരത്തിന് 6900 രൂപയായിരുന്നു; അത് കഴിഞ്ഞ മാസത്തേക്കാൾ നാമമാത്രം കുറവായിരുന്നു.

ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി വില മംഗലാപുരം നിയന്ത്രിത വിപണിയിൽ ആയിരത്തിന് 9600 രൂപയായി വർദ്ധിച്ചു; അത് കഴിഞ്ഞ മാസത്തേക്കാൾ 4 ശതമാനം അധികമായിരുന്നു.

നാളികേരത്തിന്റെ ശരാശരി വില അസമിൽ നാളികേരമൊന്നിന് 16 രൂപയും, നാഗാലാന്റിലെ ദിമാപൂരിൽ 21 രൂപയും മിസോറാമിലെ ഐസ്വാളിൽ 50 രൂപയുമായിരുന്നു.

കേന്ദ്ര സർക്കാർ പൊതിച്ച



ഒക്ടോബർ മാസത്തിൽ വെളിച്ചെണ്ണ വിലയിലെ വ്യതിയാനങ്ങൾ



ഒക്ടോബർ മാസത്തിൽ കൊപ്ര വിലയിലെ വ്യതിയാനങ്ങൾ

നാളികേരത്തിന് പ്രഖ്യാപിച്ച താങ്ങുവില കിലോഗ്രാമിന് 14 രൂപയാണ്.

ഇളനീർ

ഇളനീരിന്റെ വില കൊച്ചി വിപണിയിൽ ഒന്നിന് 15 രൂപയ്ക്കും 25 രൂപയ്ക്കും ഇടയ്ക്കായിരുന്നു. അസമിൽ ഇളനീരിന്റെ ശരാശരി വില 18 രൂപയും നാഗാലാന്റിലെ ദിമാപൂരിൽ 18 രൂപയും മിസോറാമിലെ ഐസ്വാളിൽ 44 രൂപയുമായിരുന്നു.

അന്താരാഷ്ട്ര വില

വെളിച്ചെണ്ണയുടെ ശരാശരി വില യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) മെട്രിക് ടണ്ണിന് 905 അമേരിക്കൻ ഡോളറായിരുന്നു. കഴിഞ്ഞ മാസത്തേക്കാൾ 7 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 25 ശതമാനവും കുറവായിരുന്നു. കൊപ്രയുടെ ശരാശരി വില മെട്രിക് ടണ്ണിന് 588 അമേരിക്കൻ ഡോളറായിരുന്നു. ഇത് കഴിഞ്ഞ മാസത്തേക്കാൾ 6 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 51 ശതമാനവും കുറവായിരുന്നു.

വെളിച്ചെണ്ണയുടെ വില ഫിലിപ്പീൻസിൽ മെട്രിക് ടണ്ണിന് 905 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 726 അമേരിക്കൻ ഡോളറുമായിരുന്നു. പാമോയിൽ, പനങ്കുരുവെണ്ണ, സോയബീൻ ഓയിൽ എന്നിവയുടെ അന്താരാഷ്ട്രവിലകൾ യഥാക്രമം മെട്രിക് ടണ്ണിന് 850 അമേരിക്കൻ ഡോളറും 882 അമേരിക്കൻ ഡോളറും 1179 അമേരിക്കൻ ഡോളറുമായിരുന്നു.

വിവിധ കമ്പോളങ്ങളിൽ 2012 ഒക്ടോബർ 1 മുതൽ 31വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാരവിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്

	വെളിച്ചെണ്ണ (രൂ./കി.)			ആട്ടു കൊപ്ര (രൂ./കി.)				ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./കി.)	ഉണ്ടക്കൊപ്ര (രൂ./കി.)				കൊട്ടത്തേങ്ങ (രൂ./1000)	നാളികേരം (രൂ./1000)	പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000)		
തീയതി	കൊച്ചി	ആലപ്പുഴ	കോഴിക്കോട്	കൊച്ചി (എഫ്എക്യൂ)	ആലപ്പുഴ (രാശി കൊപ്ര)	കോഴിക്കോട്	അംബാജിപ്പേട്ട	കോഴിക്കോട് (രാജ്പൂർ)	കോഴിക്കോട്	തിപ്ത്തൂർ	ബാംഗ്ലൂർ	അരസിക്കര	കോഴിക്കോട്	നെടുമങ്ങാട്	അരസിക്കര	ബാംഗ്ലൂർ	മംഗലാപുരം (ഗ്രേഡ് 1)
6.10.12	5670	5830	5840	3920	4010	3800	4000	5250	4720	4865	5800	4890	4160	5500	5600	7000	9600
13.10.12	5417	5575	5600	3767	3850	3750	3967	5221	4642	4844	5800	4793	4000	5500	5633	7000	9600
20.10.12	5725	5625	5800	3975	4100	3883	3800	5567	4925	5188	5800	5156	4067	5500	5417	6900	9600
27.10.12	5975	5750	6200	4125	4100	4088	3850	5825	5100	5312	5800	5302	4200	5500	5283	6800	9600
31.10.12	6017	5917	6200	4150	4100	4075	4000	6200	5400	5337	5800	5293	4900	5500	5150	6800	9600
ശരാശരി	**5761**	**5739**	**5928**	**3987**	**4032**	**3919**	**3923**	**5613**	**4957**	**5109**	**5800**	**5087**	**4265**	**5500**	**5417**	**6900**	**9600**

അവലംബം:

കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേമ്പർ ഓഫ് കോമേഴ്സ്, കൊച്ചി-2

കോഴിക്കോട് : മാതൃഭൂമി

ആലപ്പുഴ : മലയാള മനോരമ

അരസിക്കര : എ പി എം സി, അരസിക്കര

** ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽകൊടുത്തിരിക്കുന്നത്.